കേരളസർക്കാർ

# ബജറ്റ് പ്രസംഗം

# 2017-2018



ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യമന്ത്രി

2017 മാർച്ച് 3

# ബഡ്ജറ്റ് പ്രസംഗം

## 2017-18

**ഡോ. ടി. എം. തോമസ് ഐസക്**

**ധനകാര്യ മന്ത്രി**

**2017 മാർച്ച് 3**

**കേരള സർക്കാർ**

## ഉള്ളടക്കം


| | | | പേജ് നമ്പർ |
|---|---|---|---|
| ഭാഗം ഒന്ന് | - | ആമുഖം | 1 |
| ഭാഗം രണ്ട് | - | ജനകീയാസൂത്രണവും വികസന മിഷനുകളും | 11 |
| ഭാഗം മൂന്ന് | - | സമ്പൂർണ്ണ സാമൂഹിക സുരക്ഷ | 27 |
| ഭാഗം നാല് | - | പരമ്പരാഗത തൊഴിൽ മേഖലകൾ | 39 |
| ഭാഗം അഞ്ച് | - | പുതിയ വളർച്ചാ മേഖലകൾ | 49 |
| ഭാഗം ആറ് | - | അടിസ്ഥാന സൗകര്യ വികസനം | 58 |
| ഭാഗം ഏഴ് | - | സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ | 81 |
| ഭാഗം എട്ട് | - | സ്ത്രീയും പരിസ്ഥിതിയും | 106 |
| ഭാഗം ഒമ്പത് | - | സാമ്പത്തിക പൊതുസേവന മേഖലകൾ | 112 |
| ഭാഗം പത്ത് | - | നികുതി | 119 |
| ഭാഗം പതിനൊന്ന് | - | ഉപസംഹാരം | 132 |

## ആമുഖം

1. സർ, കേരള സംസ്ഥാനത്തിന്റെ 2017-18-ലെ ബജറ്റ് ഞാൻ നിയമസഭയുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്.

2. നോട്ട് ബന്ദിയുടെ കാലത്തെ വാർഷികബജറ്റ് അവതരിപ്പിക്കുക വലിയൊരു വെല്ലുവിളിയാണ്. നമ്മുടെയെല്ലാം ജീവിതത്തെ ഈ സാമ്പത്തികപരീക്ഷണം ബാധിച്ചിരിക്കുന്നു. ഇനിയും ഇതിന്റെ അനന്തരഫലങ്ങൾ അനുഭവിച്ചുതീരണം. നോട്ട് ബന്ദിയെ തുഗ്ലക്കിന്റെ പരിഷ്കാരത്തോടാണ് മലയാള സാഹിത്യ കുലപതിയായ എം.ടി വാസുദേവൻ നായർ സാമ്യപ്പെടുത്തിയത്. അദ്ദേഹം പറഞ്ഞു, 'വളരെ സാധാരണക്കാരായ ആളുകളുടെ ജീവിതം ആകെ താറുമാറായിരിക്കുന്നു.... അത് പറയാതിരിക്കാൻ വയ്യ.'

3. ഇതുകേട്ട്, സാമ്പത്തികശാസ്ത്രത്തെക്കുറിച്ച് എം.ടി.-ക്ക് എന്തറിയാം എന്നു പരിഹസിച്ച ചില രാഷ്ട്രീയനേതാക്കളുണ്ട്. ശരിയാണ് എം.ടി. തന്നെ പറയുന്നുണ്ട്, 'സാമ്പത്തിക ശാസ്ത്രത്തെപ്പറ്റി എനിക്കൊന്നും അറിയില്ല.... വായിച്ചുള്ള ചെറിയ അറിവ് മാത്രമേ ഉള്ളൂ. എങ്കിലും ഈ കാലഘട്ടത്തിലുള്ള ഉത്കണ്ഠകൾ നമ്മുടെ അടുത്തെല്ലാം എത്തുന്നു. ഈ വിഷയവുമായി അടുക്കാതെ അകന്നുനിൽക്കുന്ന ആളുകളുടെ ജീവിതത്തെ സ്പർശിക്കുന്ന, ജീവിതത്തെയും ചിന്തകളെയും ഗൗരവമായി സ്പർശിക്കുന്ന, കാര്യമായ പലതും സംഭവിച്ചു കൊണ്ടിരിക്കുന്നു.' പ്രതിഭാശാലികളായ എഴുത്തുകാരുടെ കൃതികൾ മനുഷ്യകഥാനുഗായികളാണ്. ഓരോ കാലത്തിന്റെയും സമൂഹത്തെയും സാമ്പത്തിക ബന്ധങ്ങളെയും ഈ കൃതികളിൽ

നിന്ന് സാമൂഹിക-സാമ്പത്തിക ശാസ്ത്രജ്ഞർക്ക് വായിച്ചെടുക്കാനാവും. എം.ടി.യുടെ കൃതികളിലെ മലയാളി ജീവിതത്തിലൂടെ ഈ ബഡ്ജറ്റ്പ്രസംഗം കോർത്തുവയ്ക്കുകയാണ് ഞാൻ.

4. രാജ്യം നേരിടുന്ന വരൾച്ചയെ വേണമെങ്കിൽ പ്രകൃതി ദുരന്തമെന്ന് വിശേഷിപ്പിക്കാം. എന്നാൽ നോട്ട്നിരോധനദുരന്തം പൂർണ്ണമായും മനുഷ്യനിർമ്മിതമാണ്. 50 ദിവസംകൊണ്ട് പ്രശ്നങ്ങൾ തീർന്നില്ലെന്നു മാത്രമല്ല, അഞ്ചാം മാസത്തിലേക്ക് കടക്കുമ്പോഴും പല നിയന്ത്രണങ്ങളും തുടരുകയാണ്. ഇതുമൂലം സമ്പദ്ഘടനയിലെ മൊത്തം ഡിമാൻഡിലും അതുവഴി സാമ്പത്തിക വളർച്ചയിലും ഉണ്ടാകുന്ന ഗുരുതരമായ പ്രത്യാഘാതത്തെ ബജറ്റ് അഭിമുഖീകരിച്ചേ തീരൂ.

5. നോട്ടുനിരോധനത്തിനു മുമ്പുതന്നെ രാജ്യത്തെ സാമ്പത്തിക വളർച്ചയിൽ മുരടിപ്പ് പ്രകടമായി. 2015-16-ലെ 7.9 ശതമാനം വളർച്ചയിൽ നിന്ന് 2016-17 ഒക്ടോബർ വരെയുള്ള സാമ്പത്തികവളർച്ചയിൽ സാമ്പത്തികവളർച്ച 7.1 ശതമാനമായി കുറയുമെന്നാണ് കേന്ദ്ര സർക്കാരിന്റെ മതിപ്പു കണക്ക്. നോട്ടുനിരോധനം സാമ്പത്തിക വളർച്ചയിൽ എന്തു പ്രത്യാഘാതം ഉണ്ടാക്കും? സർക്കാരിനെ മാറ്റിനിർത്തിയാൽ കമ്പോളത്തിലെ ഡിമാൻഡിന് മൂന്നു സ്രോതസ്സുകളാണുള്ളത്. ഒന്ന്, ഉപഭോക്താക്കൾ; രണ്ട്, നിക്ഷേപകർ; മൂന്ന്, കയറ്റുമതിക്കാർ. നോട്ടുനിരോധനംമൂലം ഉപഭോക്താക്കളുടെ കൈയിൽ കാശ് ഇല്ലാതായെന്നും അത് കമ്പോളത്തെ ഞെരുക്കിയെന്നുമുള്ള വസ്തുത ഇപ്പോൾ സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. നോട്ട് തിരിച്ചുവന്നാലും ഈ ഞെട്ടലിൽനിന്നു പുറത്തുകടന്ന് ഉപഭോക്തൃവാങ്ങലുകൾ സാധാരണനിലയിലേക്ക് തിരിച്ചുവരാൻ സമയമെടുക്കും.

6. കൂടുതൽ ഗൗരവമായിട്ടുള്ളത് നിക്ഷേപാന്തരീക്ഷത്തിൽ ഉണ്ടായിട്ടുള്ള തകർച്ചയും നിക്ഷേപമനോഭാവത്തിൽ ഉണ്ടായിട്ടുള്ള മാറ്റവുമാണ്. സ്വകാര്യനിക്ഷേപകർ പിൻവലിയുകയാണ്. ഇതിന്റെ നല്ലൊരു സൂചന സെന്റർ ഫോർ ഇന്ത്യൻ ഇക്കോണമി പുറത്തുവിടുന്ന വൻകിടനിക്ഷേപ കരാറുകളെക്കുറിച്ചുള്ള കണക്കു

കളിൽനിന്നു ലഭിക്കും. നോട്ടുനിരോധനത്തിന് മുമ്പുള്ള ഒമ്പതു പാദങ്ങളിൽ ശരാശരി 2.4 ലക്ഷം കോടി രൂപയുടെ മുതൽ മുടക്കിനുള്ള കരാറുകളാണ് ഉണ്ടായത്. എന്നാൽ നോട്ട് നിരോധനത്തിനു ശേഷം ഇത് 1.3 ലക്ഷം കോടിയായി കുറഞ്ഞു. നിക്ഷേപത്തിന് ഉണ്ടാകാൻപോകുന്ന ഇടിവിന്റെ ശരിയായ സൂചനയാണിത്. ഇന്ത്യയിലെ മൂലധനസ്വരൂപണത്തിന്റെ അഡ്വാൻസ് എസ്റ്റിമേറ്റ് ലഭ്യമാണ്. 2016-17- ൽ മൂലധനനിക്ഷേപ നിരക്ക് ദേശീയവരുമാനത്തിന്റെ 29.1 ശതമാനം മാത്രമാണ്. ഈ പതിറ്റാണ്ടിന്റെ ആരംഭത്തിൽ മൂലധനനിക്ഷേപത്തോത് 34 ശതമാനമായിരുന്നു എന്നോർക്കണം. ഇനിയും ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ബാങ്കുകളിൽനിന്നുള്ള വായ്പാവർദ്ധന കണക്കാക്കിയാൽ മതിയാകും. 2016 ഡിസംബറിലെ കണക്കുകൾ പ്രകാരം ബാങ്കുവായ്പാവളർച്ച മുൻവർഷത്തെ അപേക്ഷിച്ച് 4.7 ശതമാനം മാത്രമാണ്. 2012-13 ൽ ഇത് 17.8 ശതമാനമായിരുന്നു എന്നോർക്കണം.

7. അവസാനമായി കയറ്റുമതിക്ക് എന്തു സംഭവിക്കുന്നുവെന്ന് നോക്കാം. 2011-12-ൽ കയറ്റുമതി ദേശീയവരുമാനത്തിന്റെ 24.5 ശതമാനം വരുമായിരുന്നു. ഇത് കുറഞ്ഞുകുറഞ്ഞു 2016-17-ൽ 18.8 ശതമാനമായി മാറും എന്നാണ് ഔദ്യോഗികകണക്ക്. ചുരുക്കത്തിൽ മൊത്തം സമ്പദ്ഘടനയുടെ ഡിമാൻഡിൽ ഗണ്യമായ കുറവ് ഉണ്ടാകും. ഇതിന്റെ ഫലമായി 2017-18-ലെ സാമ്പത്തിക വളർച്ച 7.1 ശതമാനത്തേക്കാൾ വളരെ താഴെയായിരിക്കും. 2017-18-ൽ കേന്ദ്രസർക്കാർതന്നെ പ്രതീക്ഷിക്കുന്ന വളർച്ച 6.5 - 7.5 ശതമാനമാണ്. വളർച്ച 6.5 വരെ താഴാമെന്ന് കേന്ദ്രസർക്കാർതന്നെ സമ്മതിക്കുന്നു എന്നു സാരം.

8. ഇത്തരമൊരു സാഹചര്യത്തിൽ മുരടിപ്പ് ഒഴിവാക്കാൻ ഒറ്റ മാർഗ്ഗമേയുള്ളൂ. ബജറ്റ് ചെലവുകൾ ഗണ്യമായി വർദ്ധിപ്പിച്ച് സമ്പദ്ഘടനയെ സർക്കാർ താങ്ങി ഉയർത്തണം. മൊത്തം കേന്ദ്രസർക്കാർച്ചെലവുകൾ 2016-17-ൽ ദേശീയവരുമാനത്തിന്റെ 13.4 ശതമാനം (പുതുക്കിയ കണക്ക്) ആയിരുന്നത് 2017-18-ലെ ബജറ്റിൽ 12.7 ശതമാനമായി കുറച്ചിരിക്കുകയാണ്. മുൻവർഷത്തെ

പുതുക്കിയ കണക്കുകളെ അപേക്ഷിച്ച് 2017-18-ൽ കേവലം 6.5 ശതമാനം മാത്രമാണ് മൊത്തം സർക്കാർച്ചെലവുകൾ വർദ്ധിക്കുന്നത്. മൂലധനച്ചെലവിൽ 24 ശതമാനം വളർച്ച അവകാശപ്പെടുന്നുണ്ടെങ്കിലും 2016-17-ലെ പുതുക്കിയ കണക്കിൽ നിന്ന് 10.7 ശതമാനം മാത്രമാണു വർദ്ധന. ഞാൻ പറഞ്ഞുവരുന്നത്, അങ്ങനെ കേന്ദ്രത്തിൽ മാന്ദ്യകാലത്ത് ഒരു ചെലവുചുരുക്കൽ ബജറ്റെന്ന യുക്ത്യാഭാസത്തിനു നാം സാക്ഷ്യം വഹിക്കുകയാണ്.

9. ധനഉത്തരവാദിത്വനിയമം അവലോകനം ചെയ്യാൻ കേന്ദ്രസർക്കാർ നിയോഗിച്ച കമ്മിറ്റി ഇന്നത്തെപ്പോലുള്ള അസാധാരാണ സാഹചര്യങ്ങളിൽ ധനക്കമ്മി 3.5 ശതമാനംവരെ ഉയർത്താമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ അനുവദനീയപരിധിപോലും ഉപയോഗപ്പെടുത്താതെ ധനക്കമ്മി 3.2 ശതമാനത്തിൽ പരിമിതപ്പെടുത്താനാണു കേന്ദ്രധനമന്ത്രി തീരുമാനിച്ചിരിക്കുന്നത്. 2008-ലെ മാന്ദ്യകാലത്ത് ലോകത്തെമ്പാടുമുള്ള സർക്കാരുകളും ഇന്ത്യാസർക്കാരും സ്വീകരിച്ച സമീപനത്തിനു കടകവിരുദ്ധമാണിത്. എന്തുകൊണ്ട് ഇത്തരമൊരു ധനയാഥാസ്ഥിതിക സമീപനം എന്നതിന് ഉത്തരം ഊഹിക്കുകയേ നിർവ്വാഹമുള്ളൂ. ഒന്നാമത്തേത് ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളുടെ ശാഠ്യമാണ്. 2008-ൽ എല്ലാവർക്കും കൈനീഷ്യൻ മതത്തിലേക്കു മാനസാന്തരപ്പെടാതെ നിർവ്വാഹമില്ലായിരുന്നു. എന്നാൽ ഇന്ന് ഇന്ത്യയിൽ ഉണ്ടായിട്ടുള്ള സാമ്പത്തികത്തകർച്ച സ്വയംകൃതാനർത്ഥമാണ്. അതുകൊണ്ട് ആഗോള ക്രെഡിറ്റ് ഏജൻസികൾ വിട്ടുവീഴ്ചയ്ക്ക് തയ്യാറല്ല. അമേരിക്കൻ പലിശനിരക്ക് ഉയരുന്നതിന്റെയും എണ്ണവില ഉയരുന്നതിന്റെയും ട്രമ്പിന്റെ നയങ്ങളുടെയും അപകടങ്ങൾ പതിയിരിക്കുന്ന കാലത്ത് ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികളെ പിണക്കാൻ കഴിയില്ല. രണ്ടാമത്തേത്, നോട്ടുനിരോധനം സംബന്ധിച്ച് പ്രധാനമന്ത്രി രാജ്യത്തിനു നൽകിയിട്ടുള്ള ആഖ്യാന മാണ്. 'കള്ളപ്പണക്കാർക്കെതിരായ ഈ വേട്ടയിൽ ഹ്രസ്വകാല താൽക്കാലിക പ്രയാസങ്ങൾ ഉണ്ടായാലും ദീർഘനാളിൽ വലിയ നേട്ടങ്ങളാണ് ഉണ്ടാകാൻ പോകുന്നത്. ഈ നേട്ടങ്ങൾക്കായി ത്യാഗം സഹിക്കുവാൻ ദേശപ്രേമികൾ തയ്യാറാവണം.' ഒരു ഭാഗം

ആളുകൾ ഈ ആഖ്യാനം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ നോട്ടുനിരോധനം ഗൗരവമായ സാമ്പത്തിക പ്രത്യാഘാതങ്ങൾ സമ്പദ്ഘടനയിൽ സൃഷ്ടിക്കുമെന്നും ബജറ്റിൽ അതിനുള്ള പ്രതിവിധി തേടണമെന്നുമുള്ള നിലപാട് കേന്ദ്ര ധനമന്ത്രിക്ക് എങ്ങനെ സ്വീകരിക്കാനാകും?

10. എന്നാൽ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ രണ്ടുദിവസം മുമ്പ് പുറത്തിറക്കിയ മൂന്നാംപാദത്തിലെ ദേശീയവരുമാന മതിപ്പു കണക്ക് കേന്ദ്രമന്ത്രിയെ പൂർണ്ണമായും പിന്താങ്ങിയിരിക്കുകയാണ്. മൂന്നാംപാദത്തിൽ നോട്ടുനിരോധനം ദേശീയവരുമാനത്തെ തെല്ലു പോലും ബാധിച്ചിട്ടില്ല എന്നാണ് അവരുടെ നിഗമനം. മൂന്നാംപാദ ത്തിലും സാമ്പത്തികവളർച്ച 7.1 ശതമാനമാണത്രേ. ഇവരുടെ കണക്കുകൂട്ടലിന്റെ വിശദാംശങ്ങളിലേക്ക് കടക്കുമ്പോൾ നമ്മുടെ വിസ്മയം വർദ്ധിക്കും. എല്ലാവർക്കും അനുഭവവേദ്യമായ ഒരു കാര്യ മാണ് നോട്ടുനിരോധനത്തിന്റെ ഫലമായി ഉണ്ടായ വ്യാപാരസ്തംഭ നവും ഉപഭോഗത്തിലുണ്ടായ ഇടിവും. എന്നാൽ സി.എസ്.ഒ.-യുടെ കണക്കു പ്രകാരം ദേശീയവരുമാനത്തിൽ ഉപഭോഗത്തിന്റെ വിഹിത ത്തിൽ കുറവേ ഉണ്ടായില്ല. നിക്ഷേപത്തിന്റെ കാര്യത്തിൽ നാമമാത്ര മായ ഇടിവു മാത്രമാണുള്ളത്. സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല ഈ കണക്ക്. ഹാർവാഡിനുമേൽ ആരോ ഹാർഡ്‌വർക്ക് നടത്തിയ ലക്ഷണം ഈ കണക്കുകളിൽ ഉണ്ട്. ഇതിന്റെ നിജസ്ഥിതി കാലം തെളിയിക്കും. കേന്ദ്രസർക്കാരിന്റെ ഈ ഒട്ടകപ്പക്ഷിനയം സംസ്ഥാന ബജറ്റിനു വലിയ പ്രതിബന്ധങ്ങൾ തീർത്തിട്ടുണ്ട്. നോട്ടുനിരോധനം സംസ്ഥാന നികുതിവരുമാനത്തിൽ വർദ്ധനയുണ്ടാവാനുള്ള പ്രവണതയ്ക്കു വിരാമമിട്ടു. നടപ്പുവർഷത്തിൽ നികുതിവരുമാനം ബജറ്റിൽ പ്രതീക്ഷിച്ചതുപോലെ 20 ശതമാനം അല്ല, ഏതാണ്ട് 15 ശതമാനത്തിൽ താഴെ ഉയരാനാണ് സാധ്യത. 2017-18 ൽ ആദ്യ പാദത്തിൽ വാറ്റുനികുതിയും തുടർന്ന് ജി.എസ്.റ്റി.യുമാണ് പ്രാബല്യത്തിൽ ഉണ്ടാവുക. ഈ പരിവർത്തനം അനിശ്ചിതാ വസ്ഥകൾ സൃഷ്ടിക്കുന്നുണ്ട്. ഈ അവസ്ഥയിൽ മാന്ദ്യവിരുദ്ധബജറ്റ് അവതരിപ്പിക്കണമെങ്കിൽ കേന്ദ്രസർക്കാർ കൂടുതൽ വായ്പ യെടുക്കാൻ സംസ്ഥാനത്തെ അനുവദിക്കണം. നമ്മുടെ വായ്പാപരിധി 3 ശതമാനത്തിൽ നിന്ന് 3.5 ശതമാനമായി

ഉയർത്തണമെന്നാണ് നാം തുടർച്ചയായി ആവശ്യപ്പെട്ടുവന്നത്. എന്നാൽ കേന്ദ്രസർക്കാർതന്നെ 3.2 ശതമാനത്തിൽ ധനക്കമ്മി ഒതുക്കിനിർത്തുമ്പോൾ നമ്മുടെ അപേക്ഷ പരിഗണിക്കപ്പെടാൻ ഒരു സാധ്യതയുമില്ല. കേരളത്തിൽ ഇതിനകം പ്രകടമായിട്ടുള്ള സാമ്പത്തികമുരടിപ്പു മറികടക്കാൻ ഉതകുന്ന ഒരു ബജറ്റിനുരൂപം നൽകുക എന്നതാണ് നമ്മുടെ മുന്നിലുള്ള വെല്ലുവിളി.

11. സംസ്ഥാനസമ്പദ്ഘടനയിൽ നോട്ടുനിരോധനം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചു പഠിക്കാൻ കേരളസർക്കാർ നിയോഗിച്ച കമ്മിറ്റി വിലയിരുത്തിയതുപോലെ, പല കാരണങ്ങൾകൊണ്ടും വിപരീതഫലങ്ങൾ കൂടുതൽ തീക്ഷ്ണമായി അനുഭവപ്പെട്ട സംസ്ഥാനമാണു കേരളം. നമ്മുടെ സമ്പദ്ഘടനയുടെ ഉയർന്ന വാണിജ്യവൽക്കരണം, അസംഘടിതമേഖലയുടെ വലുപ്പം, ടൂറിസത്തിന്റെ പ്രധാന്യം, വിദേശപ്പണവരുമാനത്തിന്റെ മേലുള്ള ആശ്രിതത്വം, സഹകരണമേഖലയുടെ പ്രാമുഖ്യം തുടങ്ങിയ വയൊക്കെ കാരണങ്ങളാണ്. പൊതുവേ ഇന്ത്യയിൽ സംഭവിച്ചതു പോലെ 2010-11-ൽ കേരളത്തിലെ സാമ്പത്തികവളർച്ചയും ഇടിഞ്ഞു. എന്നാൽ അഖിലേന്ത്യാടിസ്ഥാനത്തിൽ സാമ്പത്തികവളർച്ച അധികം താമസിയാതെ ഏഴ് ശതമാനത്തിനു മുകളിലേക്ക് ഉയർന്നപ്പോൾ കേരളം അതിൽ പങ്കുചേർന്നില്ല. തന്മൂലം കേരളത്തിന്റെ സാമ്പത്തിക വളർച്ച ദേശീയ ശരാശരിയേക്കാളും താഴെയായി. എന്നാൽ 2015-16-ൽ കേരളത്തിലെ സമ്പദ്ഘടന 7.8 ശതമാനത്തിലേക്ക് ഉയർന്നു. പക്ഷെ നോട്ടുനിരോധനത്തിന്റെ പ്രത്യാഘാതം ഈ ഉണർവ്വിനെ ഇല്ലാതാക്കുകയാണ്.

12. കേന്ദ്രബജറ്റ് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നിരാശാ ജനകമാണ്. നാണ്യവിളകളുടെ പ്രതിസന്ധിക്കും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ചയ്ക്കും ഗൾഫിൽനിന്ന് തിരിച്ചുവരുന്നവരുടെ പുനഃരധിവാസപ്രശ്നത്തിനും പരിഹാരം കേന്ദ്രബജറ്റിൽ ഇല്ല. 2016-17-ലെ യഥാർത്ഥ ചെലവിനെ അപേക്ഷിച്ച് തൊഴിലുറപ്പുവിഹിതത്തിലുണ്ടായ വർദ്ധന നാമമാത്ര മാണ്. സംസ്ഥാനത്തിനുള്ള കേന്ദ്രസഹായത്തിൽ 11 ശതമാനം വർദ്ധനയേയുള്ളൂ. സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടുന്ന

ഇൻകം ടാക്സിന് ഇളവ് നൽകുക; പകരം പങ്കുവയ്ക്കേണ്ടതില്ലാത്ത സർചാർജ്ജ് ഇൻകം ടാക്സിനുമേൽ ഏർപ്പെടുത്തി വിഭവസമാഹരണം നടത്തുക- ഈ നയംമൂലം 2017-18-ൽ 546 കോടി രൂപയാണ് കേരളത്തിനു നഷ്ടപ്പെടുന്നത്. ഇതിനുപുറമേ കേന്ദ്രാവിഷ്കൃതപദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനം നൽകേണ്ട വിഹിതം കുത്തനെ വർദ്ധിപ്പിച്ചരിക്കുകയാണ്. മൊത്തത്തിൽ എടുക്കുമ്പോൾ ഫിനാൻസ് കമ്മിഷൻ സംസ്ഥാനങ്ങളുടെ നികുതിവിഹിതം 42 ശതമാനമായി ഉയർത്തിയതിന്റെ നേട്ടം മുഴുവൻ മറ്റു കേന്ദ്രസഹായങ്ങൾ വെട്ടിക്കുറച്ചുകൊണ്ട് തിരിച്ചു പിടിച്ചിരിക്കുകയാണ്. ഒരു കൈകൊണ്ടു തന്നത് മറ്റേ കൈകൊണ്ട് കേന്ദ്രം തിരിച്ചെടുക്കുന്നു.

13. ഈ പ്രതികൂലസാഹചര്യത്തിലും സംസ്ഥാനം പദ്ധതിയടങ്കലിൽ 10.4 ശതമാനം വർദ്ധന ഉറപ്പുവരുത്തിയിട്ടുണ്ട്. 2016-17-ലെ പദ്ധതിയടങ്കൽ 24,000 കോടി രൂപയായിരുന്നത് 26,500 കോടി രൂപയായി ഉയർത്തുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾകൂടി ചേർത്താൽ 34,539 കോടി രൂപയാണ് വാർഷിക പദ്ധതി. പദ്ധതിച്ചെലവു മാത്രമല്ല, അടുത്തവർഷത്തെ പദ്ധതീതര ചെലവുകളും ഗണ്യമായി ഉയരും. ശമ്പളപരിഷ്കരണത്തിന്റെ കുടിശിക ബാധ്യത 2017-18 വർഷത്തിലാണ് കൊടുത്തുതീർക്കുന്നത്. ഇതെല്ലാം പരിഗണിക്കുമ്പോൾ റവന്യൂച്ചെലവിന്റെ വർദ്ധനയ്ക്കു തടയിയാൻ കഴിയില്ലായെന്നു വ്യക്തമാണ്. ഈ പശ്ചാത്തലത്തിൽ കഴിഞ്ഞ ബജറ്റിൽ പ്രതീക്ഷിച്ചപോലെ റവന്യൂക്കമ്മിയിൽ ഗണ്യമായ കുറവു വരുത്താൻ കഴിയില്ല. ഇതിനു തുനിഞ്ഞാൽ സാമൂഹികക്ഷേമചെലവുകളിൽ വെട്ടിച്ചുരുക്കൽ വേണ്ടിവരും. എന്നാൽ നോട്ടുനിരോധനം സൃഷ്ടിച്ചിരിക്കുന്ന ജനദുരിതങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരമൊരു സമീപനം കൈക്കൊള്ളാൻ കഴിയില്ല. ഇങ്ങനെ റവന്യൂക്കമ്മി വർദ്ധിക്കുന്ന സാഹചര്യത്തിൽ പശ്ചാത്തലസൗകര്യമേഖലയിൽ അനിവാര്യമായ മൂലധനച്ചെലവിനുള്ള പണം കണ്ടെത്തുന്നതെങ്ങനെ? പ്രത്യേക നിക്ഷേപക സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തി ബജറ്റിനുപുറത്ത് വലിയ തോതിൽ മൂലധനനിക്ഷേപം ഉയർത്തുകയേ നിർവ്വാഹമുള്ളൂ.

14. 2016-17 ബജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട നവീനമുൻകൈ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) ആയിരുന്നു. ആറുമാസംകൊണ്ട് അഭിമാനാർഹമായ പുരോഗതിയാണ് കിഫ്ബി കൈവരിച്ചത്. സമഗ്രമായ നിയമനിർമ്മാണം പൂർത്തീകരിച്ചു. സാർവ്വത്രികാംഗീകാരമുള്ള വിദഗ്ദ്ധരടങ്ങുന്ന ഡയറക്ടർ ബോർഡിനു രൂപം നൽകി. ഫണ്ടിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾ വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്താനും പ്രവർത്തനങ്ങൾ നിയമാനുസൃതമാണെന്നു സാക്ഷ്യപ്പെടുത്താനും ഫണ്ട്സ് ട്രസ്റ്റി ഉപദേശകകമ്മിഷന് (എഫ്.റ്റി.എ.സി.) രൂപം നൽകി. മുൻ കംപ്ട്രോളർ ആൻഡ് ഓഡിറ്റ് ജനറൽ ഓഫ് ഇന്ത്യ വിനോദ്റായ്, മുൻ റിസർവ്വ് ബാങ്ക് ഡെപ്യൂട്ടി ഗവർണ്ണർ ഉഷ തോറാട്ട്, മുൻ നബാർഡ് ചെയർമാൻ പ്രകാശ് ബക്ഷി എന്നിവരാണ് ഈ സമിതിയിലെ അംഗങ്ങൾ. പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും അംഗീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾക്കും സോഫ്ട്വെയറിനും രൂപം നൽകി. കമ്പനിയുടെ ബോണ്ടുകൾ വിൽക്കാനും വാങ്ങാനുമുള്ള ധനവിദഗ്ദ്ധർ, പ്രോജക്ട് അപ്രൈസൽ നടത്താനുള്ള വിദഗ്ദ്ധർ, പ്രോജക്ട് മോണിറ്ററിംഗിനുള്ള എഞ്ചിനീയർമാർ തുടങ്ങിയവർക്കുള്ള പോസ്റ്റുകൾ സൃഷ്ടിച്ചു. ഇപ്പോൾ ധനവകുപ്പിന്റെ ഒരു ചെറുസംഘം മാത്രമാണു കിഫ്ബിയിൽ പ്രവർത്തിക്കുന്നതെങ്കിലും 4,004 കോടി രൂപയുടെ പ്രോജക്ടുകൾ ബോർഡിനു സമർപ്പിച്ച് അംഗീകാരം വാങ്ങി. മാർച്ച് അവസാനം ചേരുന്ന ബോർഡ് യോഗത്തിൽ അംഗീകരിക്കുന്ന പ്രോജക്ടുകളുടെ അടങ്കൽ 11,000 കോടി രൂപ വരുമെന്നാണു കരുതുന്നത്. അങ്ങനെ ഏതാണ്ട് 15,000 കോടി രൂപ വരുന്ന കിഫ്ബി പ്രോജക്ടുകൾക്കു നിർവ്വഹണാനുമതി നൽകിക്കൊണ്ടായിരിക്കും നടപ്പുധനകാര്യവർഷം അവസാനിക്കുക. ഇത്രയും തുകയ്ക്കുള്ള ഒരു വിദേശവായ്പ അല്ലെങ്കിൽ നിക്ഷേപം കരാറാക്കാൻ എത്രകാലം വേണ്ടിവരുമെന്ന് ആലോചിച്ചാൽ മതി കിഫ്ബിയുടെ കാര്യക്ഷമതയും വേഗവും ബോധ്യപ്പെടാൻ.

15. സ്പോർട്സ് സ്റ്റേഡിയങ്ങൾ, സാംസ്കാരികസമുച്ചയങ്ങൾ, കാർഷിക സംസ്കരണ പാർക്കുകൾ, വ്യവസായ പാർക്കുകൾ, വ്യവസായ ഇടനാഴിക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ

വയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത്, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയവയുടെ പ്രോജക്ടുകൾ പൂർണ്ണമായും സമർപ്പിക്കപ്പെട്ടു കഴിഞ്ഞിട്ടില്ല. അംഗീകാരം നൽകിയ പ്രോജക്ടുകൾ നിർവ്വഹണത്തിന്റെ പ്രാരംഭഘട്ടത്തിലാണ്. യഥാർത്ഥത്തിൽ കഴിഞ്ഞ വർഷം പ്രഖ്യാപിച്ച മാന്ദ്യവിരുദ്ധപാക്കേജ് 2017-18 ലാണ് നടപ്പിലാകുന്നത്. എന്നാൽ ഇതിനോടൊപ്പം മറ്റൊരു 25,000 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികൾകൂടി 2017-18-ൽ കിഫ്ബിയിൽനിന്നു പ്രഖ്യാപിക്കുകയാണ്. ഇവ രണ്ടുംകൂടി ചേരുമ്പോൾ കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ നിക്ഷേപപദ്ധതിയായി ഇതു മാറും. നോട്ടുനിരോധനകാലത്തെ മാന്ദ്യത്തിനെതിരെയുള്ള ഏറ്റവും ശക്തമായ പ്രതിരോധമായിരിക്കും ഇത്.

16. വികസനത്തിൽ നമ്മുടെ സംസ്ഥാനം അഭിമാനാർഹമായ രീതിയിൽ വളരെയേറെ മുന്നോട്ടു പോയിട്ടുണ്ട്. എം.ടി ജനിച്ച വർഷമാണ് മലബാറിൽ മരുമക്കത്തായ നിയമം നടപ്പിലാകുന്നത് - 1933-ൽ. അദ്ദേഹത്തിന് 14 വയസ്സുള്ളപ്പോഴാണ് ഇന്ത്യ സ്വാതന്ത്ര്യയാകുന്നത്. കേരളപ്പിറവി 23 -ാം വയസിലും. ഭൂപരിഷ്കരണമടക്കം വലിയ സാമൂഹിക, രാഷ്ട്രീയ പരിണാമങ്ങളുടെ ഒരു കാലഘട്ടത്തിനാണ് അദ്ദേഹത്തിന്റെ ബാലകൗമാരയൗവ്വനങ്ങൾ സാക്ഷ്യം വഹിച്ചത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ആദ്യകാല കഥകളിലും നോവലുകളിലും പഴയ കേരളം, വിശേഷിച്ച് മലബാർ നിറഞ്ഞുനിൽക്കുന്നു. ഏതു ചരിത്രഗ്രന്ഥത്തെക്കാളും സൂക്ഷ്മതയോടെ ആ കാലവും മാറ്റവും അദ്ദേഹം അവതരിപ്പിക്കുന്നു; അല്ല, അനുഭവിപ്പിക്കുന്നു. 'നാലുകെട്ടി'ലെ അപ്പുണ്ണിയുടെ പ്രഖ്യാപനമില്ലേ 'വളരും. വളർന്നു വലുതായി ആരെയും ഭയപ്പെടാതെ ഞാൻ ജീവിക്കും. കോന്തുണ്ണിനായരുടെ മകൻ അപ്പുണ്ണിയാണിത്'- ഫ്യൂഡൽ പാരമ്പര്യത്തോടുള്ള ഒരു വെല്ലുവിളിയാണിത്. നാലുകെട്ട് പൊളിക്കുന്നിടത്തെത്തുന്ന വെല്ലുവിളി. ഇങ്ങനെയുള്ള അസംഖ്യം വെല്ലുവിളികൾ കേരളത്തെ മാറ്റി. വിദ്യാസമ്പന്നവും മെച്ചപ്പെട്ട ആരോഗ്യവും ഉയർന്ന ആയുസും ജീവിതനിലവാരവും അവകാശ

ബോധവുമൊക്കെയുള്ളതുമായ ഒരു സമൂഹത്തിനു രൂപം നൽകാൻ കഴിഞ്ഞു. നിലവിലുള്ള സാമൂഹികവ്യവസ്ഥയ്ക്ക് ഉള്ളിൽപ്പോലും ഉചിതമായ നയങ്ങൾ സ്വീകരിച്ചാൽ ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുമെന്ന സന്ദേശമാണു കേരളം നൽകുന്നത്. പക്ഷേ ഈ വളർച്ച പുതിയ പ്രശ്നങ്ങളും വെല്ലുവിളികളും സൃഷ്ടിക്കുന്നു. ഇന്നത്തെ വിദ്യാസമ്പന്നരായ പുതിയ തലമുറയുടെ പ്രതീക്ഷകൾ അപ്പുണ്ണിയുടേതിനാക്കാൾ എത്ര വലുതാണ്! അവ കൈവരിക്കാനുള്ള ജനകീയതന്ത്രം ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

17. സർ, 2016-17-ലെ പുതുക്കിയ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് ഓരോ വികസനമേഖലയിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പിന്തുടരുവാൻ ഉദ്ദേശിക്കുന്ന ബദൽവികസനനയങ്ങൾ എന്തെന്നു ഞാൻ വിശദീകരിക്കുകയുണ്ടായി. അവയൊക്കെ ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇന്ത്യൻ ഫെഡറൽ സംവിധാനത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് നടപ്പിലാക്കാൻ ശ്രമിക്കുന്ന ഈ ബദൽനയങ്ങൾ കേരളത്തിന്റെ പുരോഗമന വികസന പൈതൃകം മുന്നോട്ടു കൊണ്ടുപോകാൻ പര്യാപ്തമാണ്. ഇത്തരമൊരു പരീക്ഷണത്തിനു ദേശീയമായി മാത്രമല്ല അന്തർദേശീയമായും പ്രസക്തിയുണ്ട്. ട്രമ്പിന്റെ സ്ഥാനാരോഹണത്തോടുകൂടി പാശ്ചാത്യലോകത്തു തീവ്രവലതുപക്ഷനിലപാടുകൾ ശക്തിപ്പെടുകയാണ്. ആഗോളവൽക്കരണത്തിന്റെ മേന്മകൾ പെരുപ്പിച്ചുകാണിച്ച് നമ്മെപ്പോലുള്ള സമ്പദ്ഘടനകളുടെ സാമ്പത്തികവാതായനങ്ങൾ തുറപ്പിച്ചശേഷം അമേരിക്ക ഏകപക്ഷീയമായി അവരുടെ സാമ്പത്തികവാതിലുകളും ജനാലകളും അടച്ചുപൂട്ടുകയാണ്. സംഘർഷങ്ങൾ രൂക്ഷമാക്കുകയാണ്. പക്ഷേ ഒരു കാര്യം വളരെ തീർച്ചയാണ്. നിലവിലുള്ള ആഗോളക്രമം പാരിസ്ഥിതികമായും സാമ്പത്തികമായും സുസ്ഥിരമല്ല. ഇവിടെയാണ് ബദലിനായുള്ള ദേശീയവും പ്രാദേശികവുമായ അന്വേഷണങ്ങളുടെ പ്രസക്തി. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ബജറ്റ് ഇത്തരമൊരു അന്വേഷണമാണ്.

## II

## ജനകീയാസൂത്രണവും വികസനമിഷനുകളും

18. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഥമവർഷത്തെ ഏറ്റവും പ്രധാനപ്പെട്ട നൂതന വികസന ഇടപെടൽ ശുചിത്വം, ജലം, കൃഷി എന്നിവയെ ആസ്പദമാക്കി 'ഹരിതകേരളം മിഷ'നും ആരോഗ്യ ത്തിന് 'ആർദ്രം മിഷ'നും വിദ്യാഭ്യാസത്തിന് 'വിദ്യാഭ്യാസ സംരക്ഷ ണയജ്ഞ'വും പാർപ്പിടത്തിന് 'ലൈഫ് മിഷ'നും ആരംഭിച്ചതാണ്. ഇവയെ പ്രാദേശികാടിസ്ഥാനത്തിൽ സംയോജിപ്പിച്ചുകൊണ്ട് 'ജനകീയാസൂത്രണ'വും പുനരാരംഭിച്ചു. ഓരോ മേഖലയ്ക്കും കൃത്യവും സമയബന്ധിതവുമായ ലക്ഷ്യങ്ങൾക്കു രൂപം നൽകി യിട്ടുണ്ട്. അടുത്ത നാലു വർഷംകൊണ്ട് ഈ കാമ്പയിനുകൾ കേരള ത്തിലെ ഓരോ പൗരന്റെയും ജീവിതത്തെ ഗാഢമായി സ്വാധീനിക്കും.

- ഒന്ന്, മാലിന്യമകന്ന തെരുവുകൾ, വലിച്ചെറിയാത്ത മനസ്സുകൾ ഇങ്ങനെയൊരു ശുചിത്വകേരളം.
- രണ്ട്, ഇനി 2017 ലേതുപോലൊരു വരൾച്ച കേരളത്തിൽ ഉണ്ടാവരുത്.
- മൂന്ന്, വയലേലകളിൽ 10 ശതമാനം വർദ്ധന, പച്ചക്കറിയിൽ സ്വയംപര്യാപ്തി, 10 കോടി മരങ്ങൾ.
- നാല്, പൊതുവിദ്യാലയങ്ങളിലെ കുട്ടികളിൽ 10 ശതമാനം വർദ്ധന.
- അഞ്ച്, ജീവിതശൈലീമാറാരോഗങ്ങൾക്കടക്കം സമ്പൂർണ്ണ പ്രതിരോധവും സൗജന്യചികിത്സയും.

## ഹരിതകേരളം മിഷൻ - ശുചിത്വം

19. ഹരിതകേരളം മിഷന്റെ ഒന്നാമത്തെ ഘടകം ശുചിത്വമാണ്. ഉറവിട മാലിന്യസംസ്കരണത്തിൽ ഊന്നിക്കൊണ്ടുള്ള ശുചിത്വകാമ്പയിനാണ് ഉദ്ദേശിക്കുന്നത്. പരമാവധി ജൈവമാലിന്യം ഉറവിടത്തിൽത്തന്നെ ബയോഗ്യാസോ കമ്പോസ്റ്റോ ആക്കണം. കഴിയാത്തവ പ്രാദേശിക സാമൂഹിക സംസ്കരണകേന്ദ്രങ്ങളിലും കമ്പോസ്റ്റാക്കാം. അജൈവമാലിന്യം വീടുകളിൽനിന്നും കടകളിൽനിന്നും വേർതിരിച്ചു ശേഖരിക്കുകയും മെറ്റീരിയൽ റിക്കവറി കേന്ദ്രങ്ങളിൽ വിശദമായ തരംതിരിവു നടത്തി സംസ്കരിക്കുകയും വേണം. അറവുശാലകൾ, സദ്യാലയങ്ങൾ, വലിയ ഹോട്ടലുകൾ എന്നിവയിലെ മാലിന്യം ശേഖരിക്കാൻ പ്രത്യേക സംവിധാനം ഉണ്ടാക്കേണ്ടതാണ്.

20. മുകളിൽ വിവരിച്ച ശുചിത്വതന്ത്രം വിജയിക്കണമെങ്കിൽ വലിയ തോതിലുള്ള ബോധവൽക്കരണപ്രവർത്തനം അനിവാര്യമാണ്. സാങ്കേതികവിദ്യയേക്കാൾ പ്രധാനപ്പെട്ടകാര്യം ജനങ്ങളുടെ മനസിൽ മാറ്റം വരുത്തലാണ്. ഇതിനാണ് ജനകീയകാമ്പയിൻ. മാലിന്യം കുറയ്ക്കാനുള്ള ഗ്രീൻ പ്രോട്ടോക്കോൾ, മാലിന്യം വേർതിരിക്കൽ, പുനരുപയോഗം, പുനചംക്രമണം, ശുചിത്വടെക്നീഷ്യൻമാരെ പരിശീലിപ്പിക്കൽ തുടങ്ങിയവ ശുചിത്വകാമ്പയിന്റെ മുഖ്യഘടകങ്ങളായിരിക്കും.

21. സർ, ശുചിത്വമിഷന് 127 കോടി രൂപ അനുവദിക്കുന്നു. നാട്ടിൻപുറത്തെ ശുചിത്വകാമ്പയിന്റെ മുഖ്യഘടകം ഓരോ വീട്ടിലേയും കമ്പോസ്റ്റ് പിറ്റ് അല്ലെങ്കിൽ വളക്കുഴിയാണ്. വെള്ളക്കെട്ട് ഉണ്ടാവുന്ന പ്രദേശങ്ങളിൽ മിനി തുമ്പൂർമുഴി കമ്പോസ്റ്റിംഗ് സംവിധാനമാണ് അഭികാമ്യം. രണ്ടായാലും തൊഴിലുറപ്പുപദ്ധതി ഉപയോഗപ്പെടുത്തി പൂർണ്ണമായി നടപ്പാക്കാനാവും.

22. ആധുനിക അറവുശാലകൾ സ്ഥാപിക്കാൻ ചില മുനിസിപ്പാലിറ്റികൾ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇവ ഒരു പാക്കേജായി നടപ്പാക്കാൻ 100 കോടി രൂപ കിഫ്ബിയിൽനിന്ന് അനുവദിക്കുന്നു. ഇതുപോലെ

തന്നെ ആധുനിക വൈദ്യുതിശ്മശാനങ്ങൾക്ക് പ്രോജക്ടുകൾ സമർപ്പിച്ചിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മറ്റൊരു 100 കോടി രൂപകൂടി അനുവദിക്കുന്നു. ശാസ്ത്രീയമായ നാല് ലാൻഡ് ഫില്ലുകൾ നിർമ്മിക്കുന്നതിന് 50 കോടി രൂപ കിഫ്ബി നിക്ഷേപിക്കും.

23. കേരളത്തിന്റെ ഗ്രാമീണമേഖല വെളിയിടവിസർജ്ജനവിമുക്തപദവി നേടിക്കഴിഞ്ഞു. താമസിയാതെ നഗരമേഖലയും ഈ പദവി കൈ വരിക്കും. കേരളം തോട്ടിപ്പണിവിമുക്ത സംസ്ഥാനമാണ്. പക്ഷേ ദേശീയ സ്ഥിതിവിവരക്കണക്കുകളിൽ മാനുവൽ സ്കാവഞ്ചിംഗ് കേരളത്തിലുമുണ്ട്. ഇതിനു കാരണം സംസ്ഥാനത്ത് പലയിടത്തും സെപ്റ്റിക് ടാങ്കുകളുടെയുംമറ്റും ശുചീകരണം മനുഷ്യർ നേരിട്ട് ചെയ്യുന്നതാണ്. ഏഴ് പതിറ്റാണ്ടു മുമ്പ് 'തോട്ടിയുടെ മക'ന്റെ ജീവിതം എങ്ങനെ മലയാളിയുടെ പൊതുമണ്ഡലത്തിലേക്കു തകഴി കൊണ്ടുവന്നോ അതുപോലെ 'മാൻഹോളി'ലെ ജീവിതം വിധു വിൻസെന്റും ആവഹിച്ചിരിക്കുന്നു. മാൻഹോളുകളുടെയും സെപ്റ്റിക് ടാങ്കുകളുടെയും ശുചീകരണം യന്ത്രവൽക്കരിക്കാൻ 10 കോടി രൂപ വകയിരുത്തുന്നു. ഈ മാലിന്യം സെപ്റ്റേജുകളിൽ എത്തിച്ച് സംസ്കരിക്കണം. ജില്ലയിൽ ഒന്നുവീതം 14 സെപ്റ്റേജ് യൂണിറ്റുകൾ സ്ഥാപിക്കാൻ കിഫ്ബി 150 കോടി രൂപ നിക്ഷേ പിക്കും.

**ജലസംരക്ഷണം**

24. എം.ടി.യുടെ 'മഞ്ഞ്' വായിച്ചവരുടെയും ആ സിനിമ കണ്ട വരുടെയും മനസിൽ നൈനിറ്റാൾ തടാകം എന്നും കുളിർകോരി നിൽക്കും. അതുപോലെ കുളുർമയും ഭംഗിയുമുള്ള തടാകങ്ങൾ കേരളത്തിന്റെയും അനുഗ്രഹമാണ്. അവ പലതും ക്ഷയോന്മുഖമാ ണിന്ന്. ഏറ്റവും നല്ല ഉദാഹരണം ശാസ്താംകോട്ട തടാകമാണ്. നാളെയാകിൽ ഏറെവൈകിടും എന്നതാണ് സ്ഥിതി. ഇന്നു നാം ഇടപെട്ടേ തീരൂ. ഹരിതകേരളം മിഷന്റെ രണ്ടാമത്തെ ഘടകം ജല സംരക്ഷണമാണ്. ഇന്ന് കേരളം നേരിടുന്ന വരൾച്ച നമ്മുടെ

ജലദുർവ്യയത്തിന്റെ ഫലമാണ്. സംസ്ഥാനത്ത് മഴയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇന്ത്യയിലെ ശരാശരി മഴലഭ്യതയുടെ കണക്ക് എടുക്കുമ്പോൾ ശരിയായ ജലസംരക്ഷണനയം ഉണ്ടായിരുന്നുവെങ്കിൽ ഇന്നത്തെ പരിതാപകരമായ സ്ഥിതിവിശേഷം ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്നു വ്യക്തമാണ്. ഹരിതകേരളം മിഷനിലൂടെ ഏറ്റെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം കുളങ്ങൾ, നീർച്ചാലുകൾ, അരുവികൾ, തോടുകൾ, തടാകങ്ങൾ എന്നിവയുടെ പുനരുദ്ധാരണമാണ്. ഇതാവട്ടെ പൂർണ്ണമായും തൊഴിലുറപ്പുപദ്ധതി ഉപയോഗപ്പെടുത്തി ചെയ്യാനാവും. അനുവദനീയമായ മെറ്റീരിയൽ കോസ്റ്റ് ഉപയോഗപ്പെടുത്തി കയർ ഭൂവസ്ത്രം ഉപയോഗിച്ച് കുളങ്ങളുടെയും തോടുകളുടെയും മറ്റും ചരിവുകൾ സംരക്ഷിക്കാനും കഴിയും. വൻകിട ജലവിതരണകനാലുകളുടെയും ഫീൽഡ് ചാലുകളുടെയും പുനരുദ്ധാരണത്തിനും തൊഴിലുറപ്പ് പ്രയോജനപ്പെടുത്താം. മഴവെള്ളക്കൊയ്ത്തിനു വേണ്ടി മഴക്കുഴികളും കിണർ റീച്ചാർജ്ജിംഗും വ്യാപകമായി ഉപയോഗപ്പെടുത്താൻ കാമ്പയിനിലൂടെ കഴിയണം.

25. ആത്യന്തികമായി നീർത്തടാടിസ്ഥാനത്തിലുള്ള ആസൂത്രണവും മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങളുമാണു വേണ്ടത്. ഇത്തരത്തിലുള്ള നീർത്തടപദ്ധതിയുടെ ഭാഗമായിട്ടാണെങ്കിൽ സ്വകാര്യ ഭൂമിയിലെ മണ്ണുസംരക്ഷണപ്രവൃത്തികൾകൂടി തൊഴിലുറപ്പിൽ ഏറ്റെടുക്കാനാകും. ഈ പ്രവർത്തനങ്ങളുടെ മുഖ്യാധാരം തൊഴിലുറപ്പാണെങ്കിലും ചെറുകിടജലസേചന വകുപ്പ്, മണ്ണ് - ജലസംരക്ഷണ വകുപ്പ് എന്നീ വകുപ്പുകളിലെ വിദഗ്ദ്ധരുടെ പിന്തുണ കൂടിയേതീരൂ. സർ, മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് 102 കോടി രൂപയും ചെറുകിട ജലസേചനത്തിന് 208 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഇവ പ്രാദേശികതലത്തിൽ സംയോജിപ്പിച്ചായിരിക്കും നടപ്പിലാക്കുക.

**ജൈവകൃഷി**

26. മണ്ണ് - ജലസംരക്ഷണ പ്രവർത്തനങ്ങളും കമ്പോസ്റ്റ് വളവും 'സുജലം, സുഫലം' കാർഷികവ്യാപനപദ്ധതിക്കു കളമൊരുക്കുന്നു. പച്ച

ക്കറിയിൽ സ്വയംപര്യാപ്തി, തരിശുരഹിത വയലുകൾ, സമഗ്ര നാളികേര പുരയിടക്കൃഷി, കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഇവയാണു ലക്ഷ്യങ്ങൾ. പച്ചക്കറിക്കൃഷിയിൽ കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും ചെറിയ തോതിലെങ്കിലും പങ്കാളികളാകാൻ കഴിയും. അതോടൊപ്പം വാണിജ്യാടിസ്ഥാനത്തിൽ വൻകിട കൃഷിയിടങ്ങളിലെയും ക്ലസ്റ്ററുകളിലെയും കൃഷിയും അനിവാര്യമാണ്. അയൽക്കൂട്ടങ്ങളും സ്വയംസഹായസംഘങ്ങളും പച്ചക്കറിക്കൃഷി ഏറ്റെടുക്കുന്നതു പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. തദ്ദേശഭരണ പദ്ധതിയുടെ ഭാഗമായി വിവിധ ഏജൻസികളുടെ സ്കീമുകൾ സംയോജിപ്പിച്ച് ഒരു പ്രാദേശിക പച്ചക്കറി സമഗ്രപദ്ധതിക്കു രൂപം നൽകാൻ കൃഷിഭവനുകൾ മുൻകൈയെടുക്കേണ്ടതാണ്.

27. കാർഷികമേഖലയിലെ വിജയകരമായ ജനകീയയിടപെടലിന് തൃശ്ശൂരിലെ ഹരിതസേന, കഞ്ഞിക്കുഴിയിലെ ജനകീയകാമ്പയിൻ, കുന്നത്തുകാലിലെ ലേബർ ബാങ്ക്, കുടപ്പനക്കുന്നിലെ ആഗ്രോസർവ്വീസ് സെന്റർ തുടങ്ങിയ ഒട്ടേറെ അനുഭവങ്ങൾ നമുക്കുണ്ട്. അതോടൊപ്പം വളരെ ഫലപ്രദമായ സാങ്കേതികവിദ്യാകൈമാറ്റത്തിന്റെയും വിജ്ഞാനപോഷണത്തിന്റെയും മാതൃകകളുമുണ്ട്. ഇവ രണ്ടും സംയോജിപ്പിക്കുകയാണ് സമീപനം.

28. വികസനഫണ്ടിന്റെ 10 ശതമാനം കാർഷികമേഖലയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നീക്കിവയ്ക്കുമെങ്കിൽ 600 കോടി രൂപയോളം പദ്ധതിക്കു ലഭ്യമാകും. കേന്ദ്രാവിഷ്കൃതസ്കീമുകളിൽനിന്ന് 80 കോടി രൂപയോളം പ്രതീക്ഷിക്കാം. സംസ്ഥാന കൃഷിവകുപ്പിന്റെ വിളപരിപാലനവിഹിതം 561 കോടി രൂപയാണ്. ഇവയെല്ലാം പ്രാദേശികാടിസ്ഥാനത്തിൽ സംയോജിപ്പിക്കുകയും ഏകോപിപ്പിക്കുകയും ചെയ്താൽ വലിയ കുതിപ്പു കൈവരിക്കാനാവും. തൊഴിലുറപ്പിനെക്കൂടി ഉപയോഗപ്പെടുത്തി അടുത്ത കാലവർഷക്കാലത്ത് 3 കോടി മരങ്ങൾ കേരളത്തിൽ നടുന്നതാണ്.

**ആർദ്രം മിഷൻ**

29. ആരോഗ്യമേഖലയിലെ രണ്ടാംതലമുറപ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള ബൃഹത്പദ്ധതിയുടെ ഭാഗമാണ് ആർദ്രം മിഷനെന്ന

ജനകീയാരോഗ്യപ്രസ്ഥാനം. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആസ്പദമാക്കി വലിയൊരു ജനകീയപ്രസ്ഥാനത്തിനു രൂപം നൽകുകയാണ്. പ്രാഥമികാരോഗ്യകേന്ദ്രത്തിനു കീഴിലുള്ള ജെ.പി.എൻ, ജെ.പി.എച്ച്.മാരെയും ആശാ പ്രവർത്തകരെയും കുടുംബശ്രീ ആരോഗ്യ വോളന്റിയർമാരെയും ഉപയോഗപ്പെടുത്തി മുഴുവൻ പൗരരുടെയും ആരോഗ്യനിലയെക്കുറിച്ച് വിവരസഞ്ചയം സൃഷ്ടിക്കുകയും അത് കാലാകാലം പുതുക്കുകയും ചെയ്യും. ഇതിന് ആവശ്യമായ ബ്ലഡ് സ്ട്രിപ്പുകൾ, ബ്ലഡ് പ്രഷർ ഉപകരണങ്ങൾ, വെയിംഗ് മെഷീനുകൾ തുടങ്ങിയവ ഓരോ പഞ്ചായത്തിലും ലഭ്യമാക്കും. ടാബുകൾ ഉപയോഗപ്പെടുത്തി വിവരങ്ങൾ അപ്പപ്പോൾ പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് എത്തിക്കും. രോഗികളായി കണ്ടെത്തുന്നവർക്കുള്ള ചികിത്സ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും ആവശ്യമുള്ളവരെ മേൽത്തട്ട് ആശുപത്രികളിലേക്ക് റഫർ ചെയ്യുകയും ചെയ്യും. മാറാരോഗികൾക്ക് സാന്ത്വനപരിചരണം പാലിയേറ്റീവ് ശൃംഖലവഴി ലഭ്യമാക്കും. വർഷംതോറും ഏറ്റവും നല്ല പാലിയേറ്റീവ് നൂതന ഇടപെടലിന് ആദ്യത്തെ പഞ്ചായത്തുതല സാന്ത്വന പരിചരണശൃംഖലയ്ക്ക് രൂപം നൽകിയ മുഹമ്മ പഞ്ചായത്ത് മുൻപ്രസിഡന്റ് സി.കെ. ഭാസ്ക്കരന്റെ നാമധേയത്തിൽ അവാർഡ് നൽകുന്നതാണ്.

30. മേൽപ്പറഞ്ഞതുപോലൊരു സംവിധാനത്തെയാണ് കുടുംബാരോഗ്യപരിപാലനം എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്. രോഗി പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് എത്താൻ കാത്തുനിൽക്കുന്നതിനുപകരം ആരോഗ്യപ്രവർത്തകർ വീട്ടിലേക്കുചെന്ന് ബന്ധപ്പെടുന്നതാണ് പുതിയ ശൈലി. അങ്ങനെ പകർച്ചവ്യാധികളോടൊപ്പം ജീവിതശൈലീരോഗങ്ങൾക്കും പ്രതിരോധപ്രവർത്തനങ്ങളിൽ ഊന്നുന്ന ഒരു പ്രാഥമികാരോഗ്യതലം സൃഷ്ടിക്കും. അതോടെ ജീവിതശൈലീ രോഗങ്ങൾക്കും സൗജന്യചികിത്സ നൽകാനുള്ള പശ്ചാത്തലമൊരുങ്ങും.

31. 2016-17-ലെ ബജറ്റിൽ നിലവിലുള്ള വിവിധ ഇൻഷ്വറൻസ്, അർദ്ധ ഇൻഷ്വറൻസ്, ആരോഗ്യ പദ്ധതികളെ സംയോജിപ്പിച്ച് ക്യാൻസർ, പക്ഷാഘാതം, കരൾ, വൃക്കരോഗങ്ങൾ, ട്യൂമർ തുടങ്ങിയ മാരക

രോഗങ്ങൾക്കടക്കം സൗജന്യചികിത്സ ഉറപ്പുവരുത്തുന്ന സമഗ്ര ആരോഗ്യപദ്ധതിക്ക് രൂപംനൽകുമെന്നു പറഞ്ഞിരുന്നു. ഈ പദ്ധതി യുടെ കരടുരൂപം ആയെങ്കിലും നടപ്പിലാക്കുന്നത് മാറ്റിവച്ചിരിക്കുക യാണ്. ഒന്നാമത്, പ്രതീക്ഷിച്ചതുപോലെ ആർ.എസ്.ബി.വൈ. ആനുകൂല്യം ഉയർത്താൻ കേന്ദ്രബജറ്റ് തയ്യാറായില്ല. രണ്ടാമത്, മെഡിക്കൽ കോളേജ് മുതൽ താലൂക്ക് ആശുപത്രികൾ വരെയുള്ള മേൽത്തട്ടുസംവിധാനങ്ങളിൽ ഈ മാരകരോഗങ്ങൾക്ക് സ്പെഷ്യാ ലിറ്റി ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കാൻ വേണ്ടുന്ന പ്രോജക്ടു കൾ തയ്യാറായിവരുന്നതേയുള്ളൂ. ഇതുവരെ മലബാർ ക്യാൻസർ സെന്റർ, കൊച്ചിൻ ക്യാൻസർ സെന്റർ, എറണാകുളം ജനറൽ ആശുപത്രി, കൊച്ചി മെഡിക്കൽ കോളേജ്, കണ്ണൂർ ജില്ലാ ആശുപത്രി, പുനലൂർ താലൂക്ക് ആശുപത്രി, കാത്ത് ലാബുകൾ എന്നിവയ്ക്ക് 1,130 കോടി രൂപയുടെ പ്രോജക്ടുകളാണ് കിഫ്ബി ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുള്ളത്. തിരുവനന്തപുരം മെഡി ക്കൽ കോളെജിന് മാസ്റ്റർപ്ലാൻ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ട ത്തിന് കിഫ്ബി 400 കോടി രൂപ നിക്ഷേപിക്കുന്നതാണ്. ബാക്കി യുള്ള മെഡിക്കൽ കോളേജുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്.

32. ദ്വിതീയ, തൃതീയ മേഖലകളിൽ ചെലവുകുറഞ്ഞ വിദഗ്ദ്ധസൗകര്യ ങ്ങൾ സൃഷ്ടിച്ചാൽ മാത്രമേ ബൃഹത് സൗജന്യ ആരോഗ്യ പദ്ധതിയെ സാമ്പത്തികമായി താങ്ങാനാവൂ. ഇതിന് ചുരുങ്ങിയത് ഒരു വർഷംകൂടി എടുക്കും. കിഫ്ബിയിൽനിന്ന് ജില്ലാ, താലൂക്ക്, ജനറൽ ആശുപത്രികളിൽ 2,000 കോടി രൂപ നിക്ഷേപം പുതിയ തായി അനുവദിക്കുന്നു. കോഴിക്കോട് ബീച്ച് ഹോസ്പിറ്റൽ, മഞ്ചേരി ജനറൽ ആശുപത്രി, ആലപ്പുഴ ജനറൽ ആശുപത്രി, മഞ്ചേരി മെഡിക്കൽ കോളേജ്, പട്ടാമ്പി, വൈക്കം, മാവേലിക്കര, നീണ്ടകര, കരുവേലിപ്പടിയിലെ മഹാരാജാസ്, പാനൂർ, തുറവൂർ, ബാലുശ്ശേരി എന്നിവിടങ്ങളിലെ താലൂക്ക് ആശുപത്രികൾ എന്നിവ യുടെ ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിന് അടിയന്തരമുൻ ഗണന നൽകും.

33. ഈ പശ്ചാത്തലത്തിൽ നിലവിലുള്ള ചികിത്സാസഹായപദ്ധതികൾ ഇന്നത്തേതുപോലെ തൽക്കാലം തുടരും. ആർ.എസ്.ബി.വൈ.യുടെ മൊത്തം അടങ്കൽ 197 കോടി രൂപയാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിൽ 350 കോടി രൂപ അനുവദിക്കുന്നു. മറ്റു സ്കീമുകളെല്ലാം ചേർക്കുമ്പോൾ ആയിരത്തോളം കോടി രൂപ ആരോഗ്യസഹായ മായി രോഗികൾക്കു നേരിട്ട് സർക്കാരിൽനിന്നു നൽകുന്നു.

34. "മുറിയുടെ മുന്നിലെ വരാന്തയിൽ കാറ്റുകൊണ്ടിരിക്കാൻ സോഫാ സെറ്റികളും മുറ്റത്ത് പനിനീർ പൂക്കളുകളുമുള്ള ഏതോ നേഴ്സിംഗ് ഹോമിനെക്കുറിച്ച് ഭാര്യ കേട്ടിട്ടുണ്ട്. അതുകൊണ്ടാണ് അവൾ ആശുപത്രികളെ വെറുത്തത്" എന്ന് എം.ടി.യുടെ 'ഭീരു' എന്ന കഥ യിലെ കഥാപാത്രം പറയുന്നുണ്ട്. സർക്കാർ ആശുപത്രിയുടെ പരിതാപകരമായ അവസ്ഥയെക്കുറിച്ചുള്ള വാങ്മയചിത്രവുംകൂടി ഈ കഥ നൽകുന്നുണ്ട്. അന്നത്തേക്കാൾ എത്രയോ വലിയ പ്രതീ ക്ഷകളാണ് ചികിത്സാസൗകര്യങ്ങളെക്കുറിച്ച് കേരളീയർക്കുള്ളത്. ആ പ്രതീക്ഷകൾക്കനുസരിച്ച സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ധർമ്മാശുപത്രികളിൽ സൃഷ്ടിക്കാൻ പോവുകയാണ്. ആശുപത്രി യിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവു മായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും ആർദ്രം പദ്ധതിയിൽ പരിപാടിയുണ്ട്. ഇതിനകം എട്ട് ഗവൺമെന്റ് മെഡിക്കൽ കോളേജു കളിലെയും 14 ജില്ലാതല ആശുപത്രികളിലെയും ഒ.പി ട്രാൻസ്ഫർമേഷനുള്ള റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ട്.

35. സർ, ഡയബറ്റിസ്, പ്രഷർ, കൊളസ്ട്രോൾ രോഗികൾക്ക് പി.എച്ച്.സി. സബ്സെന്ററുകൾ വഴി ഗുളികകൾ തുടർച്ചയായും സൗജന്യമായും നൽകുന്നതാണ്.

36. അതുപോലെതന്നെ, അവയവമാറ്റശസ്ത്രക്രിയ കഴിഞ്ഞാൽ ജീവിത കാലം മുഴുവൻ മരുന്നു കഴിക്കേണ്ടതുണ്ട്. കൊള്ളവിലയാണ് ഈ മരുന്നുകളിൽ പലതിനും കമ്പനികൾ ഈടാക്കുന്നത്. സർ, ഈ മരുന്നുകൾ ഇന്നത്തെ വിലയുടെ 10 ശതമാനത്തിന് വിതരണം ചെയ്യുന്നതാണ്. ഇവ നിർമ്മിക്കുന്നത് കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ്

ഫാർമസ്യൂട്ടിക്കൽസ് ആയിരിക്കും. ഇതിനുള്ള അധികയന്ത്ര സംവിധാനങ്ങൾക്കും പ്രവർത്തനമൂലധനത്തിനും 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

37. കുഷ്ഠവും മന്തും സമ്പൂർണ്ണമായി നിവാരണം ചെയ്യാൻ ഒരു ഊർജ്ജിതപരിപാടി നടപ്പാക്കുന്നതാണ്. അവശരായ മന്തുരോഗികൾക്ക് പ്രത്യേകസഹായപദ്ധതിക്കു രൂപം നൽകാൻ 1 കോടി രൂപ വകയിരുത്തുന്നു.

38. ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കണമെങ്കിൽ കൂടുതൽ ഡോക്ടർമാരും നെഴ്സുമാരും ഉണ്ടായേതീരൂ. 170 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇവിടെ 170 ഡോക്ടർമാർ, 340 സ്റ്റാഫ് നെഴ്സുമാർ എന്നിവരുടെ 510 തസ്തികകൾ വേണം. പല താലൂക്കാശുപത്രികളിലും ഇപ്പോഴും സി.എച്ച്.സി.യിലെ സ്റ്റാഫ് പാറ്റേണാണ്. ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു ആശുപത്രിയെങ്കിലും ഉറപ്പുവരുത്തും. ഇതുപോലെതന്നെ ജില്ലയിൽ ഒരു ജില്ലാ ആശുപത്രിയും. ഇവയ്ക്കെല്ലാമായി, സർ, 1,309 ഡോക്ടർമാരുടെ പോസ്റ്റുകളും 1,610 സ്റ്റാഫ് നെഴ്സുമാരുടെ പോസ്റ്റുകളുമടക്കം 5,257 തസ്തികകൾ സൃഷ്ടിക്കും. സർക്കാരിന്റെ ധനസ്ഥിതി പരിഗണിച്ചുകൊണ്ട് മൂന്നിലൊന്നുപേരെ 2017–18 ലും മറ്റുള്ളവരെ 2018–19, 2019–20 വർഷങ്ങളിലുമായിരിക്കും നിയമിക്കുക. ഇതിനുപുറമേ മെഡിക്കൽ കോളെജുകളിൽ 45 അധ്യാപക തസ്തികകൾ, 2,874 സ്റ്റാഫ് നേഴ്സുമാർ, 1,260 പാരാമെഡിക്കൽ സ്റ്റാഫ് എന്നീ തസ്തികകളും സൃഷ്ടിക്കും. ഇതിൽ 721 സ്റ്റാഫ് നേഴ്സുമാരുടെ തസ്തികകൾക്ക് ഉടൻ അംഗീകാരം നൽകും. ബാക്കിയുള്ളവ മൂന്ന് വർഷങ്ങളായിട്ടായിരിക്കും സൃഷ്ടിക്കുക.

## വിദ്യാഭ്യാസസംരക്ഷണയജ്ഞം

39. 'തെറ്റും തിരുത്തും' എന്ന ആദ്യകാല കഥ മുതൽ ഒട്ടേറെ സന്ദർഭങ്ങളിൽ എം.ടി തന്റെ സ്കൂൾക്കാലം ഓർക്കുന്നുണ്ട്. എം.ടി.യുടെ

മാത്രമല്ല, മലയാളിയുടെ മതനിരപേക്ഷ പുരോഗമന പൗര ബോധത്തിനു രൂപം നൽകിയത് നമ്മുടെ പൊതുവിദ്യാഭ്യാസമാണ്. പൊതുവിദ്യാഭ്യാസത്തിന്റെ സംരക്ഷണത്തിനായുള്ള യജ്ഞം ഈ പുരോഗമന മതനിരപേക്ഷ പൈതൃകം സംരക്ഷിക്കുന്നതിനുള്ള ഒരു പോരാട്ടമാണ്. സ്കൂൾമേഖലയിലെ ഇന്നത്തെ പ്രതിസന്ധിക്കു പരിഹാരം സ്വാശ്രയവൽക്കരണമല്ല, ജനപങ്കാളിത്തമാണ്.

40. അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും നാട്ടുകാരുടേയും മറ്റു വിദ്യാഭ്യാസപ്രവർത്തകരുടെയും കൂട്ടായ്മയുടെ പിന്തുണയോടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് രണ്ടു ദശാബ്ദമായി ഒട്ടേറെ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇതിനെ പുതിയൊരു വിതാനത്തിലേക്ക് ഉയർത്തുകയാണ് വിദ്യാഭ്യാസസംരക്ഷണ യജ്ഞം ചെയ്യുന്നത്. കരിക്കുലത്തിലും അധ്യാപനരീതിയിലും കൊണ്ടുവന്ന പുരോഗമനനേട്ടങ്ങളെ മുന്നോട്ടു കൊണ്ടുപോകുന്ന തിനോടൊപ്പം വിദ്യാഭ്യാസ ,ഭൗതികസൗകര്യങ്ങളിൽ, പ്രത്യേകിച്ച് അധ്യയനോപകരണങ്ങളിൽ, ഒരു കുതിച്ചുചാട്ടം സൃഷ്ടിക്കുന്നു എന്നതാണ് പുതുമയുള്ള കാര്യം. ഇതിന്റെ ഭാഗമായി ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലത്തിലെ 45,000 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതൊരു നിമിത്തമാക്കിക്കൊണ്ട് മറ്റു ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന തിനും അധ്യയനനിലവാരം ഉയർത്തുന്നതിനും കുട്ടി ആർജ്ജി ക്കേണ്ട ശേഷികൾ ഉറപ്പുവരുന്നതിനും വേണ്ടിയുള്ള ഒരു ജനകീയപ്രസ്ഥാനത്തിന്റെ സാധ്യതകൾ നാലു മണ്ഡലങ്ങളിലെ പൈലറ്റ് പ്രോജക്ട് തെളിയിച്ചിട്ടുണ്ട്. 2017-18-ൽ ഈ പദ്ധതി പൂർത്തീകരിക്കും. 500 കോടി രൂപയാണ് ഇതിനുള്ള ചെലവ്. ഇത് പൂർത്തീകരിച്ചുകഴിഞ്ഞാൽ സ്കൂൾ ലബോറട്ടറികൾ നവീകരിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കും.

41. ക്ലാസ്മുറികൾ, വ്യായാമസൗകര്യങ്ങൾ, ഇക്കോപാർക്കുകൾ തുടങ്ങിയ പശ്ചാത്തലസൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് സംസ്ഥാനതലത്തിൽ നിശ്ചയിക്കുന്ന പൊതുമാനദണ്ഡങ്ങൾക്ക് വിധേയമായി ഓരോ വിദ്യാലയത്തിന്റെയും പ്രത്യേകതകൾകൂടി കണക്കിലെടുത്ത് വിശദമായ രൂപരേഖ തയ്യാറാക്കും. ഇതോടൊപ്പം

അധ്യയനനിലവാരം ഉയർത്തുന്നതിനും പാഠ്യാനുബന്ധപ്രവൃത്തികൾക്കും പാഠ്യേതരപ്രവർത്തനങ്ങൾക്കുമുള്ള വിശദമായ രേഖകൂടി ചേരുമ്പോൾ സ്കൂളിനുള്ള മാസ്റ്റർപ്ലാൻ ആയി. മാനേജ്മെന്റിന്റെ നിക്ഷേപം, നാട്ടുകാരുടെ സംഭാവന, പിടിഎ ഫണ്ട്, സി.എസ്.ആർ സ്രോതസ്സുകൾ, തദ്ദേശഭരണസ്ഥാപനങ്ങളുടെയും വിദ്യാഭ്യാസവകുപ്പിന്റെയും ധനസഹായം തുടങ്ങിയ വ്യത്യസ്ത സാമ്പത്തികസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി അവ യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

42. ഈ മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ സ്കൂളുകൾ നവീകരിക്കുന്നതിന് നാലുതരം സ്കീമുകളാണു പ്രഖ്യാപിക്കുന്നത്. ഒന്നാമത്തേത്, കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. ഓരോ മണ്ഡലത്തിലും ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് 1000 കോടി രൂപ കിഫ്ബിയിൽനിന്ന് അനുവദിച്ചിരുന്നു. മൊത്തം ചെലവിന്റെ പകുതി, പരമാവധി 5 കോടി രൂപയാണ് ഒരു സ്കൂളിനു മുടക്കുന്നത്. പങ്കാളിയാകുന്ന ഏജൻസി അല്ലെങ്കിൽ സ്കൂൾ പിടിഎ ബാക്കി പണം കണ്ടെത്തുകയും ആവർത്തന ച്ചെലവുകൾക്കായി സ്ഥിരനിക്ഷേപം ഉറപ്പാക്കുകയും വേണം.

43. മേൽപ്പറഞ്ഞ സ്കീമിൽ ഉൾപ്പെടാത്ത, 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന എല്ലാ സർക്കാർ സ്കൂളുകളിലെയും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കിഫ്ബിയിൽനിന്ന് 500 കോടി രൂപ നിക്ഷേപിക്കുന്നു. ഒരു സ്കൂളിന് പരമാവധി 3 കോടി രൂപയാണ് നൽകുക. മാസ്റ്റർ പ്ലാനിന്റെ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കും ഇതു സംബന്ധിച്ച തീരുമാനം എടുക്കുക. ഇതാണ് രണ്ടാമത്തെ സ്കീം. ഇതിനോട് ബന്ധപ്പെടുത്തി 200 വർഷം പിന്നിട്ട മൂന്നു എയ്ഡഡ് സ്കൂളുകളടക്കം ഏഴ് പൈതൃക സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്.

44. മൂന്നാമത്തെ സ്കീം, പ്രൈമറി, അപ്പർപ്രൈമറി സ്കൂളുകൾക്കു വേണ്ടിയുള്ളതാണ്. ഇതിനാവശ്യമായ പണം വിദ്യാഭ്യാസ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽനിന്നാണ് കണ്ടെത്തുക. ബജറ്റിൽ

പൊതുവിദ്യാഭ്യാസത്തിലെ അടങ്കലിൽ 216 കോടി രൂപ പശ്ചാത്തലസൗകര്യവികസനത്തിനാണ്.

45. നാലാമത്തെ സ്കീം, എയ്ഡഡ് സ്കൂളുകൾക്കടക്കം പങ്കെടുക്കാവുന്ന ചലഞ്ച് ഫണ്ടാണ്. മാനേജ്മെന്റ് അല്ലെങ്കിൽ സ്കൂൾസംരക്ഷണസമിതി മുടക്കുന്ന തുകയ്ക്ക് തുല്യമായ നിക്ഷേപം, പരമാവധി 1 കോടി രൂപ, സർക്കാർ നൽകും. ഇതിനായി 50 കോടി രൂപ അധികമായി വകയിരുത്തുന്നു.

46. നാല് സ്കീമുകളിലും ഓരോ സ്കൂളും തങ്ങളുടെ മാസ്റ്റർപ്ലാൻ അവതരിപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുള്ള രൂപരേഖ പരിശോധിക്കുന്നതിന് ഒരു വിദഗ്ദ്ധസമിതിയെ നിയോഗിക്കും. ഈ പരിശോധനയിൽ തൃപ്തികരമാണെങ്കിൽ മാത്രമേ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുകയുള്ളൂ.

47. ഹയർ സെക്കൻഡറി മേഖലയിൽ പുതിയ സ്കൂളുകളിലും ബാച്ചുകളിലും ഫുൾ വർക്ക്ലോഡുള്ള പോസ്റ്റുകൾ അനുവദിക്കും. 2500 ലേറെ അധ്യാപകതസ്തികൾ ഇപ്രകാരം സൃഷ്ടിക്കേണ്ടിവരുമെന്ന് കണക്കാക്കുന്നു. ആരോഗ്യരംഗത്തെന്നപോലെ 2017-18, 2018-19 എന്നീ രണ്ടു വർഷങ്ങളിലായിട്ടായിരിക്കും ഈ തസ്തികകൾ സൃഷ്ടിക്കുക. 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ അനുവദിക്കപ്പെട്ട ഹയർ സെക്കൻഡറി സ്കൂളുകളും ബാച്ചുകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അരാജകത്വം വലിയൊരളവിൽ ഇതോടെ അവസാനിപ്പിക്കാൻ കഴിയും.

**ലൈഫ് മിഷൻ**

48. സമ്പൂർണ്ണപാർപ്പിടപദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് രണ്ട് രീതിയിലുള്ള ഇടപെടലുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭൂമിയുള്ള ഭവനരഹിതർക്ക് ഇപ്പോഴുള്ളതുപോലെ ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്ന സ്കീം ഉണ്ടാകും. ഭൂമിയില്ലാത്ത ഭവനരഹിതർക്ക് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ച് ഫ്ളാറ്റുകൾ

നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇവ കേവലം പാർപ്പിടസമുച്ചയങ്ങൾ മാത്രമായിരിക്കുകയില്ല. ഉപജീവനസുരക്ഷയ്ക്കും വിദ്യാഭ്യാസ, സാമൂഹിക, ആരോഗ്യ പരിരക്ഷയ്ക്കും മറ്റും വേണ്ടിയുള്ള ഇട പെടലുകൾ സമുച്ചയകൂട്ടായ്മയുടെ അടിസ്ഥാനത്തിൽ സർക്കാർ സഹായത്തോടെ ലഭ്യമാക്കും. മുൻകാലപദ്ധതികളിൽ പണം അനുവദിച്ചവരിൽ വീട് പൂർത്തീകരിക്കാൻ കഴിയാത്തവരെ സഹായിക്കാൻ പ്രത്യേക സ്കീം ഉണ്ടാകും. ഗുണഭോക്താക്കളുടെ സമഗ്രമായ മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരശേഖരണസർവ്വേയുടെ തയ്യാറെടുപ്പുകൾ പൂർത്തിയായി ക്കഴിഞ്ഞു.

49. ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും എസ്.സി, മത്സ്യത്തൊഴിലാ ളികൾ എന്നിവർക്ക് 3.5 ലക്ഷം രൂപയും ആയിരിക്കും ധനസഹായം. ഈ തുകയ്ക്ക് തീർക്കാവുന്ന വീടുകളുടെ വ്യത്യസ്ത പ്ലാനുക ളിൽനിന്നു ഗുണഭോക്താക്കൾക്ക് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാം. പട്ടികവർഗ്ഗഗുണഭോക്താക്കളുമായി ചർച്ചചെയ്ത് അവരുടെ അംഗസംഖ്യകൂടി കണക്കിലെടുത്ത് വീടിന്റെ വലുപ്പവും രൂപവും ചെലവും നിശ്ചയിക്കാൻ അനുവാദം നൽകും. സാമൂഹികപ്രതി ബദ്ധതയുള്ള ഏജൻസികൾ മുഖേന പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്.

50. വിവിധ ഡിപ്പാർട്ട്മെന്റ് സ്കീമുകളെ തദ്ദേശഭരണസ്ഥാപനാടിസ്ഥാന ത്തിൽ സംയോജിപ്പിക്കും. കേന്ദ്രാവിഷ്കൃതസ്കീമുകളുടെ ധന സഹായം, ഭവനനിർമ്മാണത്തിന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരി ക്കുന്ന കുറഞ്ഞ പലിശയ്ക്കുള്ള വായ്പ, സംഭാവന, സി.എസ്.ആർ ഫണ്ട്, വാണിജ്യവായ്പ തുടങ്ങിയവയെല്ലാം സംയോജിപ്പിച്ചുകൊ ണ്ടായിരിക്കും ആവശ്യമായ പണം സമാഹരിക്കുക. മൊത്തം 16,000 കോടി രൂപയെങ്കിലും ഇതിന് അഞ്ച് വർഷംകൊണ്ട് ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു. ലൈഫ് പാർപ്പിടസമുച്ചയങ്ങൾക്ക് ആവശ്യമായ ഭൂമിയുടെ വില കിഫ്ബി ലാൻഡ് ബോണ്ട് വഴി ആയിരിക്കും കണ്ടെത്തുക. വിതരണക്കാരുടെയും ഇടനിലക്കാ രുടെയും ചൂഷണം ഒഴിവാക്കാൻ നിർമ്മാണസാമഗ്രികളുടെ വിലകൾ കൂടിയാലോചനകളിലൂടെ ജില്ലാ-സംസ്ഥാനതലങ്ങളിൽ

നിശ്ചയിക്കും. ഗുണമേന്മ ഉറപ്പാക്കാനും സാങ്കേതികസഹായം ലഭ്യമാക്കാനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസസ്ഥാപനങ്ങളെ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി നിശ്ചയിക്കും. ഓരോ വീടിന്റെയും നിർമ്മാണപുരോഗതി പൊതുജനങ്ങൾക്കുകൂടി നിരീക്ഷിക്കാൻ കഴിയുംവിധത്തിൽ ഐ.റ്റി അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം ആവിഷ്കരിക്കുന്നതാണ്. 2017-18-ൽ 1 ലക്ഷം ഭവനരഹിതർക്ക് വീടുകൾ നൽകും.

**ജനകീയാസൂത്രണം**

51. അധികാരവികേന്ദ്രീകരണത്തിൽ ഏറ്റവും പിന്നണിയിലായിരുന്ന സംസ്ഥാനങ്ങളിലൊന്നായ കേരളത്തെ ഒന്നാംസ്ഥാനത്തേക്ക് ഉയർത്തിയത് ജനകീയാസൂത്രണമാണ്. 20 വർഷം പിന്നിടുമ്പോഴും അന്ന് ആവിഷ്കരിച്ച ആസൂത്രണച്ചിട്ടകളിൽ വലിയ മാറ്റമുണ്ടായിട്ടില്ല. താഴേക്ക് നൽകിയ ഫണ്ടും അധികാരങ്ങളും ഇപ്പോഴും തുടരുന്നു. ഗ്രാമീണ ആസ്തികൾ നിർമ്മിക്കുന്നതിനും സേവനനിലവാരം ഉയർത്തുന്നതിനും ഗണനീയമായ പങ്ക് തദ്ദേശഭരണസ്ഥാപനങ്ങൾ വഹിച്ചിട്ടുണ്ട്. അഞ്ചിലൊന്ന് തദ്ദേശഭരണസ്ഥാപനങ്ങളെങ്കിലും ഇന്നും രാജ്യത്തിന് അഭിമാനകരമായ മാതൃകകളായി തുടരുന്നു. പക്ഷേ തിരുത്തേണ്ട ഒട്ടേറെ ദൗർബല്യങ്ങൾ ഉണ്ട്. ജനകീയാസൂത്രണത്തിന്റെ ഒന്നാംഘട്ടത്തിന്റെ ദൗർബല്യം നിർവ്വഹണം സംബന്ധിച്ചായിരുന്നു. സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നില്ല, വിവിധതട്ടുകൾ തമ്മിലുള്ള സംയോജനം വേണ്ടത്ര ഇല്ല, ജനപങ്കാളിത്തം കുറയുന്നു, അഴിമതി തിരിച്ചുവരുന്നു. ഇവ തിരുത്തുന്നതിനും മാതൃകാപഞ്ചായത്തുകളുടെ എണ്ണം ഇന്നത്തെ അഞ്ചിലൊന്നിൽനിന്നു പകുതിയെങ്കിലുമാക്കി ഉയർത്തുന്നതിനും ജനകീയാസൂത്രണത്തിന്റെ രണ്ടാംപതിപ്പ് അനിവാര്യമാണ്. അന്ന് ആസൂത്രണത്തെ ആസ്പദമാക്കിയാണ് ബഹുജനകാമ്പയിന് രൂപം നൽകിയതെങ്കിൽ ഇന്ന് നിർവ്വഹണത്തിൽ ഊന്നിക്കൊണ്ടുള്ള കാമ്പയിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി മുമ്പ് പരാമർശിച്ച മിഷനുകളുടെ വിഷയമേഖലകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഈ മേഖലകളിൽ ഗണ്യമായഭാഗം തദ്ദേശഭരണസ്ഥാപനങ്ങളുടെ അധികാരപരിധിയിൽപ്പെടുന്നവയാണെന്നത്

ഇത്തരമൊരു സംയോജനം എളുപ്പമാക്കും. വിവിധ തട്ടുകളും ഏജൻസികളും തമ്മിലുള്ള സംയോജനം ഉറപ്പുവരുത്തുന്നതിനും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാങ്കേതികസഹായങ്ങൾ നൽകുന്ന തിനും മിഷനുകൾ സഹായകരമാകും. ലക്ഷ്യങ്ങൾക്കും പ്രോജക്ടു കൾക്കും രൂപം നൽകുക അതത് തദ്ദേശഭരണസ്ഥാപനങ്ങളായിരി ക്കും. സംസ്ഥാനതലത്തിൽ ഈ മേഖലകളിലെ ഇടപെടലുകൾ ഏകോപിപ്പിക്കുന്നതിനും കൃത്യമായ ലക്ഷ്യങ്ങൾ നിർണ്ണയിക്കുന്ന തിനും മിഷനുകളുടെ മാർഗ്ഗനിർദ്ദേശങ്ങൾ സഹായിക്കും. മിഷൻ പ്രവർത്തനങ്ങളുടെ ജനകീയതലം ജനകീയാസൂത്രണത്തിന്റെ ഭാഗമായാണ് രൂപപ്പെടുക. എല്ലാവിധ പ്രവർത്തനങ്ങളിലും സമാന തകളില്ലാത്ത രീതിയിൽ ജനപങ്കാളിത്തവും സന്നദ്ധപ്രവർത്തനവും ഉറപ്പുവരുത്തിക്കൊണ്ടേ ലക്ഷ്യംനേടാനാവൂ.

**52.** 2017-18-ൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മൊത്തത്തിൽ 9,748 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2016-17 ൽ ഇത് 8,671 കോടി രൂപയായിരുന്നു. ഇതിൽ 6,227 കോടി രൂപ വികസനഫണ്ടും 2,183 കോടി രൂപ മെയിന്റനൻസ് ഫണ്ടും 1,337 കോടി രൂപ ജനറൽപർപ്പസ് ഫണ്ടുമാണ്. വികസനഫണ്ട് മൊത്തം പദ്ധതിയടങ്ക ലിന്റെ 23.5 ശതമാനം വരും.

**53.** ഈ തോത് ഇനിയുള്ള നാല് വർഷവും 0.5 ശതമാനം വച്ച് വർദ്ധി പ്പിക്കുന്നതാണ്. 2021 ൽ 25 ശതമാനമായിരിക്കും പദ്ധതിയടങ്കലിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം. അതുപോലെതന്നെ മെയിന്റനൻസ് ഫണ്ട് സംസ്ഥാന തനതുനികുതിവരുമാനത്തിന്റെ 5.5 ശതമാനമാണ്. ഇത് ഓരോ വർഷവും 0.1 ശതമാനം വീതം ഉയർത്തി 2020-21 ൽ 6 ശതമാനമാക്കും.

**54.** തദ്ദേശസ്വയംഭരണവകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗം രൂപവത്ക്ക രിച്ചത് പ്രാദേശികസർക്കാരുകൾക്ക് എഞ്ചിനീയറിംഗ് പിന്തുണ നൽകുന്നതിനാണ്. ഇതൊരു ട്രാൻസ്ഫേർഡ് ഡിപ്പാർട്ട്മെന്റ് അല്ല. പ്രാദേശികസർക്കാരുകളുടെ അവിഭാജ്യഘടകമാണ്. അതുകൊണ്ട് പൂർണ്ണസംയോജനം ഉറപ്പുവരുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(എ) പ്രാദേശികസർക്കാരുകളാണ് എഞ്ചിനീയർമാരുടെ ശമ്പളം കൊടുക്കുക. ഇത് പൂർണ്ണമായും സർക്കാർ റീ-ഇംബേഴ്സ് ചെയ്യുന്നതാണ്.

(ബി) എഞ്ചിനീയർമാർ പ്രാദേശികസർക്കാരുകളുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കും.

(സി) എഞ്ചിനീയർമാരുടെ ഡെസിഗ്നേഷൻ പ്രാദേശിക സർക്കാരുമായി ബന്ധപ്പെടുത്തിയായിരിക്കും.

(ഡി) കേരള പഞ്ചായത്തീരാജ്, മുനിസിപ്പൽ ആക്ടുകളിൽ വിഭാവനം ചെയ്യുന്നതുപോലുള്ള അച്ചടക്കനടപടികൾക്ക് പ്രാദേശികസർക്കാരുകൾക്ക് അധികാരം ഉണ്ടാകും.

(ഇ) പ്രാദേശികസർക്കാർ ആഫീസിൽ എല്ലാ ജീവനക്കാർക്കും കൂടി ഒറ്റസംയോജിത അറ്റൻഡൻസ് രജിസ്റ്ററേ ഉണ്ടാകുകയുള്ളൂ.

**55.** എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകളിലും ഒരു ഫിനാൻസ് ഓഫീസറുടെയും മുനിസിപ്പാലിറ്റികളിൽ ഒരു അക്കൗണ്ട്സ് ഓഫീസറുടെയും തസ്തിക സൃഷ്ടിക്കും. ഇവർ ചാർട്ടേർഡ് അക്കൗണ്ടന്റ്മാരായിരിക്കണം.

**56.** ഓഡിറ്റ് കമ്മിഷന് രൂപം നൽകും. സോഷ്യൽ ഓഡിറ്റ് നിർബന്ധമാക്കും.

**57.** തദ്ദേശഭരണവകുപ്പിൻകീഴിൽ ഗ്രാമവികസനത്തിനായി 974 കോടി രൂപയും നഗരവികസനത്തിന് 75 കോടി രൂപയും പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ മുഖ്യമായിട്ടുള്ളത് ദേശീയ തൊഴിലുറപ്പ് പദ്ധതി, പ്രധാനമന്ത്രി സഡക് യോജന, ആവാസ് യോജന, ആർ.ഐ.ഡി.എഫ്, ഉപജീവനമിഷൻ, സ്വച്ഛ്ഭാരത് തുടങ്ങിയവയുടെ സംസ്ഥാനവിഹിതമാണ്. ഈ കേന്ദ്രാവിഷ്കൃതപദ്ധതികളെല്ലാം തദ്ദേശഭരണസ്ഥാപനങ്ങൾ വഴിയാണ് നടപ്പാക്കുന്നത്.

58. സ്മാർട്ട്സിറ്റി വികസനസ്കീമിൽ കൊച്ചിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരത്തെ ഉൾപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. സർ, സ്മാർട്ട്സിറ്റി മിഷന് സംസ്ഥാനവിഹിതമായി 100 കോടി രൂപ വകയിരുത്തുന്നു. അമൃത് പദ്ധതിക്ക് സംസ്ഥാനവിഹിതമായി 150 കോടി രൂപയും വകയിരുത്തുന്നു. ജൻറം, കെ.എസ്.യു.ഡി.പി പദ്ധതികളുടെ പൂർത്തീകരണത്തിന് 150 കോടി രൂപ വകയിരുത്തുന്നു. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ അടങ്കൽ 25 കോടി രൂപയാണ്.

59. പെൻഷൻബാധ്യത ചില മുനിസിപ്പാലിറ്റികൾക്ക് കനത്ത ഭാരമായി മാറിയിട്ടുണ്ട്. ഇതിന് ശാശ്വതപരിഹാരം നിർദ്ദേശിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതാണ്. ഇന്നത്തെ പ്രതിസന്ധി മറികടക്കാൻ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കുമായി 50 കോടി രൂപ അധികമായി അനുവദിക്കുന്നു. പുതിയ മുനിസിപ്പാലിറ്റികൾക്ക് കെട്ടിടനിർമ്മാണത്തിന് 10 കോടി രൂപ വകയിരുത്തുന്നു.

60. 'കില'യെ പ്രാദേശികഭരണത്തിൽ അന്തർദേശീയ മികവ് കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികൾ തുടരും. 30 കോടി രൂപ വകയിരുത്തുന്നു. കിലയിൽ 'കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി ഇൻക്യുബേറ്റർ' സ്ഥാപിക്കും.

## III

## സമ്പൂർണ്ണ സാമൂഹികസുരക്ഷ

61. സർ, നാലുകെട്ടിലെ മുത്താച്ചിയെ മറക്കുക പ്രയാസമാണ്. 'കൊട്ടിലിലെ മുത്താച്ചിയെ അറിയാത്തവർ കൂടല്ലൂരിലില്ല.... എഴുപത് കഴിഞ്ഞ മുത്താച്ചി ഇപ്പോഴും ചെറിയ കുട്ടികളുടെ കൂടെ തിരുപ്പറക്കും, കൈകൊട്ടിക്കളിക്കും. ഭേദപ്പെട്ട വീടുകളിൽ പോയാൽ ഒന്നോ രണ്ടോ ദിവസം താമസിക്കും. പോരുമ്പോൾ

പെണ്ണുങ്ങൾ അരി കൊടുക്കണം, ചെറുപ്പക്കാർ അണകൊടുക്കണം.' സർ, ഇങ്ങനെയൊരു സമ്പ്രദായമായിരുന്നു നാട്ടിലെ അഗതികളായ വൃദ്ധരെ സംരക്ഷിച്ചിരുന്നത്. ഇന്ന് ഈ സാമൂഹ്യവ്യവസ്ഥ നിലനിൽക്കുന്നില്ല. അവിടെയാണ് സമ്പൂർണ സാമൂഹികസുരക്ഷാ പദ്ധതി നടപ്പാക്കുന്നത്. കേരളത്തിൽ 60 വയസ്സു കഴിഞ്ഞ, സർവീസ് പെൻഷനില്ലാത്ത, രണ്ടേക്കക്കറിലേറെ ഭൂമിയില്ലാത്ത, ആദായനികുതി കൊടുക്കാത്ത എല്ലാവർക്കും സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നതാണ്. എല്ലാ സാമൂഹികക്ഷേമപെൻഷനുകളും 1,100 രൂപയായി ഉയർത്തുന്നു.

62. കേരളത്തിൽ ഇന്ന് 49 ലക്ഷം പേർ (വികലാംഗർ, വിധവകൾ ഉൾപ്പെടെ) പെൻഷൻ വാങ്ങുന്നവരായി ഉണ്ട്. ഇതിൽ കേന്ദ്ര സർക്കാർ പെൻഷൻ 80 വയസ്സിൽ താഴെയുള്ളവർക്ക് 500 രൂപ മാത്ര മാണ്. ബി.പി.എൽ കുടുംബങ്ങൾക്ക് മാത്രമേ അർഹതയുമുള്ളൂ. എന്നാൽ കേരളത്തിൽ ക്ഷേമപെൻഷനുകളുംമറ്റും വാങ്ങുന്ന നല്ലൊരു വിഭാഗം ആളുകളും രണ്ടാമതൊരു കേന്ദ്രപെൻഷൻ അവകാശമെന്നാണ് കരുതുന്നത്. ഇതുമൂലമാണ് കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസ് പെൻഷൻ ലഭിക്കുന്നവരെയും അനർഹരേയും മാറ്റിനിർത്തിയാൽ 60 വയസ്സു കഴിഞ്ഞ 30 ലക്ഷം പേർ മാത്രമുള്ള കേരളത്തിൽ 49 ലക്ഷം പേർക്ക് പെൻഷൻ നൽകുന്നത്. ക്ഷേമ പെൻഷനുകൾ ഗണ്യമായി ഇനിയും ഉയർത്താൻ തീരുമാനിച്ചിരിക്കു ന്ന പശ്ചാത്തലത്തിൽ ഇത്തരമൊരവസ്ഥ തുടരാനാവില്ല. സാമൂഹി കക്ഷേമപെൻഷൻ വാങ്ങുന്നവരുടെ ഏകീകൃത സമഗ്ര ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് പൂർത്തിയായാൽ പുതിയതായി പെൻഷന് അപേക്ഷിച്ചവർക്ക് പെൻഷൻ അനുവദി ക്കുന്നതാണ്.

63. ഒരാൾക്ക് 1,100 രൂപയുടെ ഒരു പെൻഷനേ അർഹതയുണ്ടാകൂ. രണ്ട് പെൻഷനുകൾ വാങ്ങിക്കൊണ്ടിരുന്നവർക്ക് രണ്ടാമത്തെ പെൻഷൻ ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് നിലവിലിരുന്ന 600 രൂപ നിരക്കിൽ വാങ്ങാൻ അവകാശമുണ്ടായിരിക്കും. ഭിന്നശേഷി ക്കാർക്കും ഇ.പി.എഫ് പെൻഷൻമാർക്കും സ്വയംപര്യാപ്തമായ

ക്ഷേമനിധിപ്പെൻഷൻ വാങ്ങുന്നവർക്കുമേ ഭാവിയിൽ പുതിയതായി രണ്ടാമത്തെ പെൻഷൻ ലഭിക്കൂ. ഇവർ കേന്ദ്രസർക്കാരിന്റെ ആനുകൂല്യങ്ങൾക്ക് അർഹതപ്പെട്ടവരുമായിരിക്കണം.

64. സമ്പൂർണ്ണ സാമൂഹികസുരക്ഷയുടെ മറ്റൊരു പ്രധാനപ്പെട്ട ഘടകം പാർപ്പിടമാണ്. ലൈഫ് മിഷൻ പ്രവർത്തനത്തെക്കുറിച്ച് ഞാൻ പറഞ്ഞുകഴിഞ്ഞു. സമഗ്ര ചികിത്സാസഹായപദ്ധതിയാവട്ടെ മുമ്പ് സൂചിപ്പിച്ചപോലെ 2018 ആരംഭത്തിൽ നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

65. സാമൂഹികനീതി വകുപ്പിനു കീഴിലുള്ള ചിൽഡ്രൻസ് ഹോമിൽ നിന്ന് വിടുതൽ ചെയ്യുന്ന ആൺകുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി 'ആഫ്റ്റർ കെയർ ഹോം' ആരംഭിക്കുന്നതാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തുന്നു.

**ആശ്രയ**

66. അഗതിരഹിതസംസ്ഥാനമായി കേരളം മാറണം. ഓരോ അഗതി കുടുംബത്തെയും പ്രത്യേക മൈക്രോപ്ലാനുകളുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യത്തിൽനിന്നു കരകയറ്റാനുള്ള പദ്ധതിയാണ് ആശ്രയ. അഗതികളെ കണ്ടെത്താൻ കുടുംബശ്രീ പുതിയൊരു സർവ്വേ നടത്തും. മുൻഗണനയുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കും. നിലവിലുള്ള മൈക്രോ പ്ലാനുകൾ പുനരവലോകനം ചെയ്യുകയും പരിഷ്കരിക്കുകയും ചെയ്യും. കുടുംബശ്രീയിൽനിന്നു പഞ്ചായത്തിന്റെ ആശ്രയ പദ്ധതിക്കുള്ള വിഹിതം പരമാവധി 25 ലക്ഷം രൂപയിൽനിന്ന് 40 ലക്ഷം രൂപയായി ഉയർത്തുന്നു. പട്ടികവർഗ്ഗ ആശ്രയയിൽ ഇത് 40 ലക്ഷം രൂപയിൽനിന്ന് 50 ലക്ഷം രൂപയായും ഉയർത്തുന്നു.

67. എം.ടി.യുടെ 'വളർത്തുമൃഗങ്ങൾ' എന്ന കഥ സർക്കസ് കലാകാരികളെക്കുറിച്ചാണ്. വളർത്തുമൃഗങ്ങളുടെ അവകാശങ്ങൾ പോലുമില്ല. അപകടം സംഭവിച്ചാലോ പ്രായം കഴിഞ്ഞാലോ പുറത്തെറിയ

പ്പെടും. ഇങ്ങനെയുള്ള നിരാലംബരായ സർക്കസ് കലാകാരർക്ക് ആശ്രയ മാതൃകയിൽ സംരക്ഷണം നൽകുന്നതിന് 1 കോടി രൂപ വകയിരുത്തുന്നു.

**ഭിന്നശേഷിക്കാർക്കു സുരക്ഷ**

68. മലയാളമനസ്സിന്റെ എന്നത്തെയും നൊമ്പരങ്ങളായ 'കുട്ട്യേടത്തി' യുടെയും 'ഇരുട്ടിന്റെ ആത്മാവി'ലെ വേലായുധന്റെയുമൊക്കെ ദുരന്തങ്ങൾ ഇന്ന് ആവർത്തിക്കപ്പെടില്ല. എല്ലാവരും വാർപ്പുമാതൃക കൾ പോലെ ആകണം എന്ന അന്നത്തെ ധാരണ ഇത്തരം കൃതി കളും പുതിയ പഠനങ്ങളും തിരുത്തിയിരിക്കുന്നു. ശേഷീവ്യത്യാസ ങ്ങൾ മനസിലാക്കി പ്രോത്സാഹിപ്പിച്ച് അങ്ങനെയുള്ളവരെ മുഖ്യധാ രയിൽ കൊണ്ടുപോകാൻ നമുക്കു കഴിയണം. ഭിന്നശേഷിക്കാർക്ക് ഉന്നതവിദ്യാഭ്യാസത്തിൽ 5 ശതമാനം സംവരണവും ജോലിക്ക് 4 ശതമാനം സംവരണവും അനുവദിക്കുന്നതാണ്. ഭിന്നശേഷിക്കാ രുടെ അവകാശം സംബന്ധിച്ച 2016 ലെ നിയമം കേരളത്തിൽ നടപ്പി ലാക്കുന്നതിന് സംസ്ഥാനം സ്വമേധയാ എടുക്കുന്ന ഏറ്റവും പ്രധാന പ്പെട്ട തീരുമാനമാണിത്. എല്ലാ ജില്ലകളിലും ഭിന്നശേഷിക്കാർക്കു വേണ്ടിയുള്ള കമ്മിറ്റികൾക്ക് രൂപംനൽകും. ഗവേഷണത്തിന് മേൽനോട്ടം വഹിക്കാൻ ഡിസെബിലിറ്റി റിസർച്ച് കമ്മിറ്റിക്കും രൂപം നൽകും. സാമൂഹികനീതിവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, ആരോഗ്യവ കുപ്പ് എന്നിവ മുഖാന്തരം ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനും സ്ഥാപനങ്ങളുടെ വികസനത്തിനും വേണ്ടി നീക്കിവയ്ക്കുന്ന തുക ഗണ്യമായി ഉയർത്തിയിട്ടുണ്ട്. ഈ മൂന്നു വകുപ്പുകളിലെയും കേന്ദ്രാവിഷ്കൃതപദ്ധതികളടക്കം ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പദ്ധതികൾക്കായി 250 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. നടപ്പു വർഷത്തേതിനെ അപേക്ഷിച്ച് 35 ശതമാനമാണു വർദ്ധന.

69. ബാരിയർ ഫ്രീ പദ്ധതിക്ക് 15 കോടി രൂപ വകയിരുത്തുന്നു. ഭിന്നശേ ഷിയുള്ളവർക്ക് തടസ്സമില്ലാതെ ഓഫീസിൽ കടന്നുചെല്ലാനും ഉപയോഗിക്കാനും പാകത്തിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക യാണ് ബാരിയർ ഫ്രീ കേരളയുടെ ലക്ഷ്യം. കളക്ടറേറ്റുകൾ,

താലൂക്ക് ആഫീസുകൾ, മെഡിക്കൽ കോളെജ്-ജില്ലാ-താലൂക്ക് ആശുപത്രികൾ, പഞ്ചായത്ത്-മുനിസിപ്പൽ ആഫീസുകൾ എന്നിവയാണ് ആദ്യഘട്ടത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

70. അന്ധത, കാഴ്ച്ചക്കുറവ്, ബുദ്ധിവൈകല്യം എന്നിവ ഉള്ളവർ, ചലനശേഷി ഇല്ലാത്തവർ കുഷ്ഠരോഗവിമുക്തർ എന്നീ വിഭാഗങ്ങളിലുള്ളവർക്കുവേണ്ടി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പരിപാടിയാണ് സ്വാവലംബം. ഈ പദ്ധതിയിലൂടെ 2 ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസാണ് ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ലഭിക്കുക. 65 വയസ്സു വരെയുള്ളവർക്ക് ഈ പദ്ധതിയിൽ ചേരാം. 3,100 രൂപയാണ് പ്രീമിയം. ഇതിൽ 357 രൂപ ഗുണഭോക്തൃവിഹിതമാണ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവരുടെ ഗുണഭോക്തൃവിഹിതം സർക്കാർ വഹിക്കുന്നതാണ്. ഇതിനായി 4 കോടി രൂപ വകയിരുത്തുന്നു.

71. ഓട്ടിസംമൂലം പ്രയാസമനുഭവിക്കുന്ന കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും പിന്തുണ നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പുതിയ പരിപാടിയാണ് 'ഓട്ടിസം പാർക്കുകൾ'. തുടക്കത്തിൽ ഒരു ജില്ലയിൽ ഒന്നു വീതമായിരിക്കും ഇത് ആരംഭിക്കുക. വിദ്യാഭ്യാസം, ആശയവിനിമയം, ബിഹേവിയറൽ പ്രശ്നങ്ങൾ, ഫിസിയോ തെറാപ്പി എന്നിവയിലെല്ലാം കുട്ടികൾക്കും രക്ഷിതാക്കൾക്കും പിന്തുണ നൽകുകയാണ് ഓട്ടിസം പാർക്കിന്റെ ലക്ഷ്യം. ഇതിനായി 7 കോടി രൂപ വകയിരുത്തുന്നു.

**ബഡ്സ് സ്കൂൾ**

72. ഭിന്നബുദ്ധിശേഷിയുള്ള കുട്ടികളുടെ എണ്ണം 25,000 ലധികം വരും. ഭിന്നബുദ്ധിശേഷിയുള്ള മുഴുവൻ പേർക്കും സ്കൂളിംഗും പുനഃരധിവാസവും ഉറപ്പുവരുത്തും. കുടുംബശ്രീയുടെ പിന്തുണയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന സ്കൂളുകളാണ് ബഡ്സ് സ്കൂളുകൾ. ബഡ്സ് സ്കൂളുകളിൽ പഠിച്ച് പുറത്തിറങ്ങുന്ന 18 വയസ് കഴിഞ്ഞവരുടെ പുനരധിവാസത്തിനായി ബഡ്സ് റിഹാബി

ലിറ്റേഷൻ സെന്ററുകളും നിലവിലുണ്ട്. ഇവ ഇന്ന് 140 പഞ്ചായത്തുകളിൽ മാത്രമേയുള്ളൂ. 20 ശതമാനം കുട്ടികളെയേ സംരക്ഷിക്കുന്നുള്ളൂ. 2017-18 ൽ 200 തദ്ദേശ സ്ഥാപനങ്ങളിൽക്കൂടി ബഡ്സ് സ്കൂളുകൾ സ്ഥാപിക്കും. ഒരു ബഡ്സ് സ്കൂൾ പുതിയതായി സ്ഥാപിക്കുന്നതിന് സർക്കാർ 25 ലക്ഷം രൂപ പ്രത്യേക ധനസഹായം നൽകും. ഇത് കുടുംബശ്രീക്ക് പ്രത്യേകമായി ലഭ്യമാക്കും. കെട്ടിടവും സൗകര്യങ്ങളും പഞ്ചായത്ത് കണ്ടെത്തണം. ബഡ്സ് സ്കൂളിന് വേണ്ടുന്ന മിനിബസ്, പ്രത്യേക മേശ, കസേര, ഉപകരണങ്ങൾ തുടങ്ങിയവ കുടുംബശ്രീ വഴി നൽകും. ഇതിനായി ഇപ്പോൾ പദ്ധതിയിൽ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 25 കോടി രൂപകൂടി അധികമായി അനുവദിക്കുന്നു. മാനദണ്ഡപ്രകാരമുള്ള സ്പെഷ്യൽ/ബഡ്സ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതാണ്.

73. എൻഡോസൾഫാൻ ദുരിതബാധിതർക്ക് കോടതിവിധി പ്രകാരമുള്ള നഷ്ടപരിഹാരം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു.

**ശിശുക്ഷേമം**

74. കേരളസംസ്ഥാനപദ്ധതിയുടെ പ്രധാന പ്രത്യേകത ശിശുക്ഷേമത്തിന് നൽകുന്ന പ്രാധാന്യമാണ്. 2016-17 ലെ ബജറ്റിൽ കുട്ടികൾക്കായുള്ള പദ്ധതികൾ സംബന്ധിച്ച പ്രത്യേക പ്രസ്താവന ബജറ്റിനോടൊപ്പം വിതരണം ചെയ്യുമെന്ന് പറഞ്ഞിരുന്നു. അതുപ്രകാരം കുട്ടികളുടെ അതിജീവനം, സംരക്ഷണം, വികസനം, പങ്കാളിത്തം എന്നിവ ലക്ഷ്യമിടുന്ന ഐക്യരാഷ്ട്രസഭയുടെ സ്കീമുകളോ പൊതുസ്കീമുകളിലെ ഘടകങ്ങളോ കൂട്ടിയെടുക്കുമ്പോൾ 1621 കോടി രൂപ അഥവാ സംസ്ഥാനപദ്ധതിയുടെ 8 ശതമാനം വരുമെന്ന് കാണുന്നു. സ്വാഭാവികമായി ഇതിന്റെ ഗണ്യമായ ഭാഗം സ്കൂൾവിദ്യാഭ്യാസവും ആരോഗ്യവുമായി ബന്ധപ്പെട്ടുള്ളതാണ്. പക്ഷേ മറ്റു പൊതുക്ഷേമപരിപാടികൾ കൃഷി, വ്യവസായം, സാമൂഹികസുരക്ഷ, പൊലീസ് തുടങ്ങിയ വകുപ്പുകളിലും ശിശുസംരക്ഷണസ്കീമുകളും ഘടകങ്ങളും കാണാനാകും.

ഭക്ഷ്യസുരക്ഷ

75. വരൾച്ച ഭക്ഷ്യസുരക്ഷയുടെ പ്രശ്നങ്ങളെ വീണ്ടും നാടകീയമായി ഉയർത്തുകയാണ്. കേരളത്തിലെ സാർവ്വത്രികറേഷനിംഗ് സംവിധാനത്തിന്റെ അടിസ്ഥാനം രൂക്ഷമായ ഭക്ഷ്യക്കമ്മിയായിരുന്നു. ഭക്ഷ്യസുരക്ഷാ നിയമം ഉണ്ടാക്കിയപ്പോൾ കേരളത്തിന്റെ പ്രത്യേകത അംഗീകരിക്കാൻ വിസമ്മതിക്കുകയും ദാരിദ്ര്യ നിർമ്മാർജ്ജനപദ്ധതി ആയിമാത്രം ഇതിനെ കാണുകയും ചെയ്തു. കേരളത്തിന് ലഭിക്കുന്ന അരിയിൽ ഇതുമൂലം ഗണ്യമായ കുറവുണ്ടായി. ഇത് ഈ ക്ഷാമകാലത്ത് വിലക്കയറ്റം രൂക്ഷമാക്കിയ ഘടകമാണ്. 2013 ലാണ് നിയമം പാസ്സായതെങ്കിലും അവ നടപ്പിലാക്കാനുള്ള തയ്യാറെടുപ്പിൽ മുൻസർക്കാരിന് വലിയ വീഴ്ചയുണ്ടായി. കേന്ദ്രസർക്കാരാണെങ്കിൽ കൂടുതൽ സമയം അനുവദിക്കാൻ തയ്യാറായതുമില്ല. ഇതുമൂലം ഈ സർക്കാരിന് ധൃതിപിടിച്ച് നടപടികൾ സ്വീകരിക്കേണ്ടിവന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ സർവ്വേ അവധാനതയോടെയല്ല നടത്തിയതെന്ന് പരാതിപ്രളയം സൂചിപ്പിക്കുന്നു. മുൻഗണനാമാനദണ്ഡങ്ങളും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് തീരുമാനിച്ചത്. എല്ലാറ്റിനുമുപരി കേരളത്തിൽ സൗജന്യനിരക്കിൽ അരി ലഭിച്ചുകൊണ്ടിരുന്നവരുടെ എണ്ണം മുൻഗണനാലിസ്റ്റിൽപ്പെട്ടവരേക്കാൾ കൂടുതലാണ്. ഇതു പരിഗണിച്ച് നേരത്തെ ഉണ്ടായിരുന്ന അത്രയെണ്ണം ആളുകളെത്തന്നെ സംസ്ഥാനസർക്കാരിന്റെ ചെലവിൽ മുൻഗണനാലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്. റേഷൻ സബ്സിഡിയായി 900 കോടി രൂപ വകയിരുത്തുന്നു. മൊത്തക്കച്ചവടക്കാരെ ഒഴിവാക്കിയെങ്കിലും റേഷൻകടകളിൽനിന്നുള്ള ചോർച്ച തുടരുന്നുണ്ട്. റേഷൻകടകളിൽ ബയോമെട്രിക് ഉപകരണങ്ങളും കമ്പ്യൂട്ടറൈസേഷനും പൂർത്തിയാകുന്നതോടെ ചോർച്ച ഒഴിവാക്കാനും പരാതികൾ കുറയ്ക്കാനും കഴിയും. ഇതിന് 117 കോടി രൂപ ബജറ്റിൽ വകയിരുത്തുന്നു. റേഷൻവ്യാപാരികളുടെ കമ്മിഷനും ഹാൻഡ്ലിംഗ് ചാർജ്ജുകളും വർദ്ധിപ്പിക്കും. മറ്റുപല സംസ്ഥാനങ്ങളും ചെയ്യുന്നതുപോലെ ഈ അധികച്ചെലവ് ജനങ്ങളിൽനിന്ന് ഈടാക്കാൻ ഉദ്ദേശിക്കുന്നില്ല. ഇതിലേക്കായി 100 കോടി രൂപ വകയിരുത്തുന്നു.

76. കേന്ദ്രസർക്കാർ കേരളത്തിന്റെ അരിവിഹിതം ഉയർത്താൻ സമ്മതിച്ചാൽ മാത്രമേ ഇന്നത്തെ അരിക്ഷാമത്തിന് പ്രതിവിധി കാണാൻ കഴിയൂ. പഴയ കാരണവന്മാരെപ്പോലെ തറവാട്ടിലെ പത്തായം കേന്ദ്രസർക്കാർ പൂട്ടി വച്ചിരിക്കുകയാണ്. എം.ടി 'നാലുകെട്ടി'ൽ വിവരിക്കുന്നപോലെ, 'വലിയമ്മാമ വീണ്ടും പറഞ്ഞു, ഒരു മണി നെല്ലും ഞാൻ തരില്ല. നിങ്ങളു പഠിക്ക്യോന്ന് ഞാൻ ഒന്ന് നോക്കട്ടെ. ... 'നെല്ലളന്നിട്ടുകൊടുക്കുകയില്ലെന്നാണിപ്പോൾ വാശി. പത്തായം പൂട്ടി താക്കോൽ അരയിൽ തിരുകിയാണ് നടത്തം. വണ്ടിക്കാർക്ക് നെല്ല് വിൽക്കാൻ പോകുന്നുണ്ടെന്നും കേട്ടു.' സർ, ഈ നയമാണ് ഇപ്പോഴത്തെ റേഷൻപ്രതിസന്ധിക്കു കാരണം.

77. കേരളത്തിൽ സംഭരിക്കുന്ന നെല്ല് മില്ലുകാർ തിരിമറി ചെയ്യുന്നത് ഒഴിവാക്കാനായാൽ കേരളത്തിൽ ലഭിക്കുന്ന അരിയുടെ ഗുണമേന്മ ഉയർത്താനാകും. നെല്ലുസംഭരണത്തിന് 700 കോടി രൂപ അനുവദിക്കുന്നു. പൊതുകമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള ധനസഹായമായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 200 കോടി രൂപയും കൺസ്യൂമർഫെഡിന് 150 കോടി രൂപയും ഹോർട്ടി കോർപ്പിന് 30 കോടി രൂപയും വകയിരുത്തുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേന്ദ്രസർക്കാരിന്റെ ഓപ്പൺ മാർക്കറ്റ് ഓക്ഷനിൽ പങ്കെടുത്ത് ഇതിനകം 1400 ടൺ അരി വാങ്ങി കേരളത്തിൽ 25 രൂപയ്ക്ക് ലഭ്യമാക്കിക്കഴിഞ്ഞു. ആവശ്യാനുസരണം ഈ ഇടപെടൽ ശക്തിപ്പെടുത്തുന്നതാണ്.

78. കാർഷികവിപണികളുടെ വികസനത്തിനായി 40 കോടി രൂപ വകയിരുത്തുന്നു. ഇത് വി.എഫ്.പി.സി.കെ.യുടെ ഇൻഫ്രാസ്ട്രക്ച്ചറും ഇടപെടൽശേഷിയും വർദ്ധിപ്പിക്കാനായി ഉപയോഗപ്പെടുത്താം. ബ്ലോക്ക്തലത്തിൽ വിപണനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് ആഴ്ചച്ചന്തകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഈ പണം പ്രയോജനപ്പെടുത്താം. ഇതോട് ബന്ധപ്പെട്ടുകൊണ്ട് ചെറുകിട കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത സംസ്കരണ

ത്തിനും ആഗ്രോ ബിസിനസ് കമ്പനി ആരംഭിക്കുന്നതിനും 27 കോടി രൂപ വകയിരുത്തുന്നു.

**അങ്കണവാടി**

79. സാമൂഹികനീതിവകുപ്പിന് 433 കോടി രൂപയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് 170 കോടി രൂപയും ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സാമൂഹികനീതിവകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതി അങ്കണവാടികളുമായി ബന്ധപ്പെട്ടതാണ്. ഇതിനായി സംസ്ഥാന വിഹിതം 248 കോടി രൂപ വകയിരുത്തുന്നു. അങ്കണവാടിജീവനക്കാരുടെ ഹോണറേറിയത്തിന് 359 കോടി രൂപ വകയിരുത്തുന്നു. മുഴുവൻ അങ്കണവാടികൾക്കും സ്വന്തം കെട്ടിടം നിർമ്മിച്ചുനൽകുന്നതിന് ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കെട്ടിടങ്ങൾ നിർമ്മിക്കാൻ സ്ഥലം ലഭ്യമാക്കാൻ കളക്ടർമാർക്ക് പ്രത്യേക ചുമതല നൽകുകയാണ്.

80. ആശാ പ്രവർത്തകരുടെയും പാചകത്തൊഴിലാളികളുടെയും പ്രീ-പ്രൈമറി അധ്യാപകരുടെയും ഹോണറേറിയം 500 രൂപ വീതം വർദ്ധിപ്പിക്കുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം**

81. ഈ ബജറ്റിനെ ഇതരസംസ്ഥാനങ്ങളിലെ ബജറ്റുകളിൽനിന്നും കേന്ദ്രബജറ്റിൽനിന്നും വ്യത്യസ്തമാക്കുന്ന ഒരു ഘടകം പട്ടികജാതി, പട്ടികവർഗ്ഗക്ഷേമത്തിന് നൽകിയിട്ടുള്ള പ്രത്യേക പരിഗണനയാണ്. എസ്.സി.പി.ക്ക് 2,600 കോടി രൂപയും റ്റി.എസ്.പി.ക്ക് 751 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. കേരളത്തിലെ ജനസംഖ്യയിൽ 9.1 ശതമാനം വരുന്ന പട്ടികജാതിക്കാർക്ക് മൊത്തം പദ്ധതി അടങ്കലിന്റെ 9.81 ശതമാനം വകയിരുത്തുന്നു. 1.45 ശതമാനം വരുന്ന പട്ടിവർഗ്ഗക്കാർക്ക് 2.83 ശതമാനം വകയിരുത്തുന്നു. ചട്ടപ്രകാരമുള്ള ജനസംഖ്യാനുപാതത്തേക്കാൾ കൂടുതലായി പട്ടികജാതിക്കാർക്ക് 188 കോടി രൂപയും പട്ടികവർഗ്ഗക്കാർക്ക് 366 കോടി

രൂപയും വകയിരുത്തിയിട്ടുണ്ട്. ഇത് ഇന്ത്യയിലെ ഏത് സംസ്ഥാന ത്തേക്കാളും ഉയർന്ന വിഹിതമാണ്.

82. ഇന്ത്യയിലെ ജനസംഖ്യയിൽ പട്ടികജാതിക്കാർ 16.6 ശതമാനവും പട്ടികവർഗ്ഗക്കാർ 8.6 ശതമാനവുമാണ്. അങ്ങനെ മൊത്തം 25.2 ശതമാനം. പക്ഷേ ജനസംഖ്യാനുപാതത്തിന്റെ പകുതി മാത്രമേ കേന്ദ്രസർക്കാർ വകയിരുത്താറുള്ളൂ. 2014-15 ൽ ഈ തോത് 14.4 ശതമാനവും 2015-16 ൽ 10.9 ശതമാനവും 2016-17 ൽ 11.5 ശതമാനവുമായിരുന്നു. നടപ്പുവർഷം കേന്ദ്രസർക്കാർ പദ്ധതിതന്നെ ഉപേക്ഷിച്ചിരിക്കുകയാണ്. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ക്ഷേമത്തിന് വകയിരുത്തിയിട്ടുള്ള മൊത്തം തുകയേ അറിയാൻ കഴിഞ്ഞിട്ടുള്ളൂ. ഇത് 84,311 കോടി രൂപയാണ്. ഈ തുക മുൻവർഷത്തെ അപേക്ഷിച്ച് 34 ശതമാനം ഉയർന്നിട്ടുണ്ടെന്നാണ് കേന്ദ്രധനമന്ത്രിയുടെ അവകാശവാദം. എന്നാൽ 2016-17 ലെ 62,838 കോടി രൂപ പദ്ധതിച്ചെലവു മാത്രമാണെന്നതും ഇപ്പോഴത്തെ 84,311 കോടി രൂപ പദ്ധതീതരചെലവുകൾകൂടി ഉൾപ്പെടെയുള്ളതാണെന്നും ഉള്ളത് മറച്ചുവച്ചിരിക്കുന്നു. എന്നിട്ടുപോലും ഈ തുകയ്ക്ക് 2014-15 ലെ എസ്.സി.പി-റ്റി.എസ്.പി അടങ്കലായ 82,935 കോടി രൂപയേക്കാൾ നാമമാത്ര വർദ്ധയേയുള്ളൂ. ഇതിന് കടകവിരുദ്ധമായ സമീപനമാണ് കേരളത്തിലെ ബജറ്റിൽ സ്വീകരിച്ചിട്ടുള്ളത്.

83. പട്ടികജാതിക്കാരുടെ സാമൂഹികക്ഷേമസൂചികകൾ കേരളത്തിലെ പൊതുശരാശരിയെ അപേക്ഷിച്ച് പിന്നിലാണ്. എന്നാൽ അതേ സമയം അവ പട്ടികജാതിക്കാരുടെ ദേശീയ സാമൂഹികക്ഷേമ സൂചികകളേക്കാൾ വളരെ ഉയർന്നതാണ്. യാഥാർത്ഥ്യം പറഞ്ഞാൽ കേരളത്തിലെ പട്ടികജാതിക്കാരുടെ ജീവിതഗുണമേന്മാസൂചിക മറ്റുപല വടക്കേയിന്ത്യൻ സംസ്ഥാനങ്ങളുടെ പൊതുസൂചികയേക്കാൾ ഉയർന്നതാണ്. സാമ്പത്തികനില എടുക്കുമ്പോഴാണ് പട്ടികജാതിക്കാരുടെ പിന്നോക്കാവസ്ഥ കൂടുതൽ പ്രകടമാകുന്നത്. ഭൂപ്രശ്നം പരിഹരിക്കാൻ കഴിയാതെപോയതുമൂലം ഇന്നും ഈ വിഭാഗങ്ങളുടെ മുഖ്യതൊഴിൽ നാട്ടിൻപുറത്തെ കൂലിവേലയാണ്. പട്ടികവർഗ്ഗക്കാരുടെ പ്രത്യേകത സാമൂഹികക്ഷേമസ്ഥിതിയുടെ

കാര്യത്തിലും അവർ വളരെ പിന്നാക്കം നിൽക്കുന്നുവെന്നതാണ്. ഈ പിന്നാക്കാവസ്ഥ പരിഹരിക്കാനാണ് ബജറ്റിൽ എസ്.സി.പി, റ്റി.എസ്.പി.-ക്ക് താരതമ്യേന വലിയ അടങ്കൽ വകയിരുത്തിയിരിക്കുന്നത്.

84. എസ്.സി.പി.യുടെ 2,600 കോടി രൂപയിൽ 1,172 കോടി രൂപയും റ്റി.എസ്.പി.യുടെ 751 കോടി രൂപയിൽ 176 കോടി രൂപയും തദ്ദേശ ഭരണസ്ഥാപനങ്ങൾ വഴിയാണ് ചെലവഴിക്കുന്നത്. താഴേക്ക് ഇത്രവലിയ വിഹിതം വിന്യസിച്ചിരിക്കുന്നത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നേരിട്ട് ആസൂത്രണപ്രക്രിയയിൽ പങ്കെടുത്ത് തങ്ങളുടെ ആഗ്രഹപ്രകാരം പദ്ധതിക്ക് രൂപം നൽകാനാണ്. റ്റി.എസ്.പി.യിൽ ഊരുകൂട്ടതീരുമാനത്തെ മറികടക്കാൻ പഞ്ചായത്തിന് അധികാരമില്ല. പ്രാദേശികാസൂത്രണത്തിൽ ഈ വിഭാഗങ്ങൾ സംഘടിതമായി ഇടപെടുന്നതിനുള്ള പരിശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

85. പദ്ധതിയിൽ ഏറ്റവും കൂടുതൽ ഊന്നൽ നൽകിയിട്ടുള്ളത് പാർപ്പിടത്തിനാണ്. എസ്.സി.പി.യിൽ ഭൂമി വാങ്ങി നൽകുന്നതിന് 180 കോടി രൂപയും ഭവനനിർമ്മാണത്തിന് 500 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനുപുറമേ പ്രധാനമന്ത്രി ആവാസ് യോജനയുടെ ഭാഗമായി 60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റ്റി.എസ്.പി.യിൽ പാർപ്പിടത്തിന് 115 കോടി രൂപയും ഭൂരഹിത ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് 50 കോടി രൂപയും വകയിരിത്തിയിട്ടുണ്ട്. ഭവനരഹിതർക്കുമുഴുവൻ വീട് നൽകിക്കഴിഞ്ഞാൽ പഠിക്കുന്ന കുട്ടികളുള്ള വീട്ടിൽ അധികമായി ഒരു പഠനമുറികൂടി നിർമ്മിക്കുന്ന സ്കീമും ഉണ്ട്.

86. പാർപ്പിടം കഴിഞ്ഞാൽ ഏറ്റവും മുന്തിയ പരിഗണന വിദ്യാഭ്യാസത്തിനാണ്. എസ്.സി.പി.യിൽ 459 കോടി രൂപയും റ്റി.എസ്.പി.യിൽ 122 കോടി രൂപയും വിദ്യാഭ്യാസസ്കീമുകൾക്ക് വകയിരുത്തിയിട്ടുണ്ട്. മുഖ്യചെലവ് കുട്ടികൾക്കുള്ള വിദ്യാഭ്യാസധനസഹായവും സ്കോളർഷിപ്പും മറ്റുമാണ്. ഇതിനുപുറമേ കേന്ദ്രസർക്കാരിന്റെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് 286 കോടി രൂപ എസ്.സി.പി.യിൽ ഉണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളും പോസ്റ്റ്മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകളും നവീകരിക്കുന്നതിനുള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്.

87. ഇടമലക്കുടി ആദിവാസിപഞ്ചായത്തിൽ ഒരു സ്കൂൾ അനുവദിക്കുന്നതാണ്. സ്കൂൾ വിദ്യാഭ്യാസത്തിൽനിന്നു കൊഴിഞ്ഞുപോയ ആദിവാസി കുട്ടികൾക്കു വേണ്ടി സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ തുല്യതാപരീക്ഷയുടെ ഒരു പ്രത്യേക സ്കീം ആരംഭിക്കുന്നതാണ്.

88. പട്ടികജാതി പെൺകുട്ടികൾക്ക് ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തിയുള്ള സാമൂഹികസുരക്ഷാപദ്ധതി 'വാൽസല്യനിധി' എന്ന പേരിൽ ആരംഭിക്കുന്നുണ്ട്. ജനനം, ആരോഗ്യപരിരക്ഷ, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ സംരക്ഷണങ്ങളും ഉറപ്പുവരുത്തി 10 -ാം ക്ലാസ് കഴിയുമ്പോഴോ 18 വയസ്സു കഴിയുമ്പോഴോ ഒരു ലക്ഷം രൂപ ഇൻഷ്വറൻസ് വഴി നൽകുകയും ചെയ്യും.

**പിന്നാക്ക/മുന്നാക്ക സമുദായക്ഷേമം**

89. പിന്നാക്ക സമുദായക്ഷേമത്തിന് കേന്ദ്രവിഹിതമടക്കം 130 കോടി രൂപ വകയിരുത്തലുണ്ട്. ഇതിൽ 14 കോടി രൂപ പിന്നാക്കസമുദായ വികസന കോർപ്പറേഷനും 7 കോടി രൂപ പരിവർത്തിതക്രൈസ്തവ വികസന കോർപ്പറേഷനുമാണ്. ബാക്കി തുക വിദ്യാഭ്യാസാനുകൂല്യങ്ങൾക്കാണ്. മൺപാത്രനിർമ്മാണക്കാർക്ക് 1.8 കോടി രൂപയും ബാർബർ ഷോപ്പുകളുടെ ആധുനികീകരണത്തിന് 2.7 കോടി രൂപയും പരമ്പരാഗത കൈത്തൊഴിലുകാർക്ക് ടൂൾ കിറ്റിന് 3 കോടി രൂപയും വകയിരുത്തുന്നു.

90. മുന്നാക്കസമുദായക്ഷേമ കോർപ്പറേഷന് 30 കോടി രൂപ വകയിരുത്തുന്നു. അഗ്രഹാരങ്ങളുടെ പുനർനിർമ്മാണത്തിന് 4.4 കോടി രൂപ വകയിരുത്തുന്നു.

**ന്യൂനപക്ഷക്ഷേമം**

91. ന്യൂനപക്ഷക്ഷേമത്തിന് കേന്ദ്രവിഹിതമടക്കം 90 കോടി രൂപയാണ് വകയിരുത്തൽ. ഇതിൽ വിധവകൾ അല്ലെങ്കിൽ ഭർത്താവ് ഉപേക്ഷിച്ച ദരിദ്രരായ സ്ത്രീകൾക്കുള്ള പാർപ്പിടപദ്ധതിക്ക് 50 കോടി രൂപ വകയിരുത്തുന്നു.

### ജീവനക്കാർ

92. സർക്കാർ ജീവനക്കാരും പെൻഷൻകാരും ഏറെ നാളായി ഉയർത്തിക്കൊണ്ടിരുന്ന മുദ്രാവാക്യമായ ആരോഗ്യ ഇൻഷ്വറൻസ് 2017–18–ൽ നടപ്പിലാക്കും. ഇതിനുള്ള പ്രീമിയം ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പെൻഷൻകാരുടെ മെഡിക്കൽ അലവൻസിൽനിന്നും ഈടാക്കുന്നതാണ്. സംസ്ഥാനസർക്കാർ തുറന്ന മത്സരത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായിട്ടു വയ്ക്കുന്ന വ്യവസ്ഥകളുടെയും നിബന്ധനകളുടെയും അടിസ്ഥാനത്തിലായിരിക്കും പ്രീമിയത്തിന്റെ അടവ് തീരുമാനിക്കുക.

## IV

### പരമ്പരാഗത തൊഴിൽ മേഖലകൾ

93. കേരളത്തിലെ ദരിദ്രരിൽ മഹാഭൂരിപക്ഷവും പരമ്പരാഗതമേഖലകളിലാണ് തൊഴിലെടുക്കുന്നത്. അവരെ സംരക്ഷിക്കുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗം ഈ തൊഴിൽ മേഖലകളെ സംരക്ഷിക്കുകയാണ്. അതോടൊപ്പം തൊഴിലെടുക്കുന്നവരുടെ വരുമാനം ഉറപ്പുവരുത്തിക്കൊണ്ട് ഈ മേഖലകളെ നവീകരിക്കുകയും വേണം. ഇത്തരമൊരു സമീപനമാണ് പരമ്പരാഗതമേഖലകളിൽ ബജറ്റ് സ്വീകരിച്ചിട്ടുള്ളത്.

### കൃഷി

94. കാർഷികമേഖലയുടെ അടങ്കൽ 2016–17 ൽ 1822 കോടി രൂപയായിരുന്നത് 2106 കോടി രൂപയായി ഉയർത്തുന്നു. ഭക്ഷ്യോൽപ്പാദനത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള 160 കോടി രൂപയിൽ 70 കോടി രൂപ നെല്ലിനും 85 കോടി രൂപ പച്ചക്കറിക്കുമാണ്. നെൽക്കൃഷിക്ക് തരിശുഭൂമി കൃഷിയോഗ്യമാക്കൽ മുതൽ റൈസ്മിൽ വരെ ഓരോ ഘട്ടത്തിലും സമഗ്രമായ സഹായപദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. 12 കോടി രൂപ തരിശുഭൂമിക്കൃഷിക്കും ഒരുപ്പൂ ഇരുപ്പൂ കൃഷിയാക്കുന്നതിനും വകയിരുത്തിയിട്ടുണ്ട്. ഹെക്ടറിന് 1500 രൂപ വച്ച്

പാടശേഖരസമിതികൾക്ക് നൽകുന്നതിന് 27 കോടി രൂപ അനുവദി ക്കുന്നു. 3 കോടി രൂപ തെരഞ്ഞെടുത്ത സഹകരണസംഘങ്ങളിൽ മിനി റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നീക്കിവയ്ക്കുന്നു. നെല്ലുസംഭരണത്തിന് 700 കോടി രൂപയാണ് പദ്ധതീതരവകയിരു ത്തൽ. കുട്ടനാട്, ഓണാട്ടുകര, പൊക്കാളി, കോൾ, പാലക്കാട്, വയനാട്, കൈപ്പാട് എന്നീ പ്രത്യേക കാർഷികമേഖലകൾക്ക് അനു യോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതാണ്. ബ്ലോക്ക് അടി സ്ഥാനത്തിൽ ഇത്തരം മേഖലകൾക്ക് സഹായം നൽകുന്നതിന് 12 കോടി രൂപയുണ്ട്.

95. പ്രാദേശികസവിശേഷതകളുള്ള കാർഷികോൽപ്പന്നങ്ങൾക്കും കൃഷിക്കും വേണ്ടി 3.3 കോടി രൂപ വകയിരുത്തുന്നു. ആദിവാസി മേഖലകളിൽ റാഗി, മില്ലറ്റ് തുടങ്ങിയ വിളകളെ പ്രോത്സാഹിപ്പിക്കു ന്നതിനും ഈ ധാന്യങ്ങൾ അവർക്കുതന്നെ റേഷനായി നൽകുന്ന തിനും സർക്കാർതന്നെ സംഭരിക്കുന്ന സംവിധാനം സൃഷ്ടിക്കും. മറയൂർ ശർക്കര പോലുള്ളവയ്ക്കും ഈ സ്കീമിൽ പ്രത്യേക ധനസഹായം നൽകും.

96. കൃഷിവകുപ്പ് തുടർന്നുവരുന്ന ക്ലസ്റ്റർ സംവിധാനത്തിന്റെ അടിസ്ഥാ നത്തിലായിരിക്കും പച്ചക്കറികൃഷിവ്യാപനം. ക്ലസ്റ്ററുകളുടെ സഹായ ത്തിനായി 18 കോടി രൂപ വകയിരുത്തുന്നു. ഇതിനുപുറമേ ബ്ലോക്ക്തല ഫെഡറേഷനുകൾക്ക് 3 കോടി രൂപയും. റെയിൻ ഗാർഡ്, മൈക്രോ ഇറിഗേഷൻ, മൈക്രോ ന്യൂട്രിയന്റ് തുടങ്ങിയ സമ്പ്രദായങ്ങൾക്ക് 15 കോടി രൂപയും വകയിരുത്തുന്നു. ഇതിനു പുറമേ, വിള ആരോഗ്യ മാനേജ്മെന്റിന് വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽ ഒരു ഭാഗം പച്ചക്കറിക്കും ലഭ്യമാകുന്നതാണ്. ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ 10 കോടി രൂപ വകയിരുത്തുന്നു. പച്ചക്കറിക്കൃഷിയുടെ ഒരു പുതിയ ഘടകം സംസ്കരണത്തിലും വിപണനത്തിലും നൽകുന്ന ഊന്നലാണ്. പച്ചക്കറി പ്രൊഡ്യൂസർ കമ്പനികൾക്ക് 5 കോടി രൂപ വകയിരുത്തുന്നു.

97. നാളികേരത്തിനുള്ള മൊത്തം അടങ്കൽ 45 കോടി രൂപയാണ്. 5 കോടി രൂപ സങ്കര കുള്ളൻ തെങ്ങുകളുടെ വ്യാപനത്തിനുവേണ്ടി

ചെലവഴിക്കുന്നു. നാളികേര പ്രൊഡ്യൂസർ കമ്പനികൾക്ക് സർക്കാർ വാഗ്ദാനം ചെയ്തിരുന്ന സാമ്പത്തികസഹായത്തിന്റെ കുടിശിക അടിയന്തരമായി തീർക്കുന്നതാണ്. കുരുമുളക്, ഏലം കൃഷികൾക്ക് 10 കോടി രൂപ വകയിരുത്തുന്നു.

**98.** ഗുണമേന്മയുള്ള വിത്തുകളും തൈകളും ലഭ്യമാക്കുന്നതിന് 21 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആഗ്രോസർവ്വീസ് സെന്ററുകൾക്ക് 32 കോടി രൂപ വകയിരുത്തുന്നു. ഈ വർഷം ആരംഭിക്കുന്ന പുതിയ സ്കീം കേരളത്തിന്റെ ജൈവവൈവിധ്യവും തനത് ഇനങ്ങളുടെ ജേം പ്ലാസവും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള സ്കീമാണ്.

**99.** റബ്ബറിന്റെ വില താൽക്കാലികമായി ഉയർന്നിട്ടുണ്ടെങ്കിലും ചെറുകിട കൃഷിക്കാർക്ക് 150 രൂപ ഉറപ്പുവരുത്തുന്നതിനുള്ള വിലസ്ഥിരതാ പദ്ധതി തുടരും. ഇതിലേക്ക് 500 കോടി രൂപ വകയിരുത്തുന്നു.

**100.** വയനാട് പാക്കേജിനായി 19 കോടി രൂപ വകയിരുത്തുന്നു. ഇത് കുരുമുളക്, വയനാടിന്റെ തനത് നെല്ലിനങ്ങൾ, മണ്ണ്-ജല സംരക്ഷണ പ്രവർത്തനം എന്നിവയ്ക്കായിട്ടാണ് ഉപയോഗിക്കേണ്ടത്.

**101.** കാസർഗോഡ് പാക്കേജിനായി 90 കോടി രൂപ വകയിരുത്തുന്നു. ഈ പാക്കേജിലെ പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതും നടപ്പിലാക്കുന്നതും ജില്ലാതലത്തിലാണ്.

**102.** അഞ്ച് വിളകൾക്ക് സ്പെഷ്യൽ ഇക്കണോമിക് സോണുകൾ നിർണ്ണയിച്ചിട്ടുണ്ട്. നെല്ല് - കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് എന്നിവ. പച്ചക്കറി - ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, കൊല്ലങ്കോട് എന്നിവ. വാഴ - തൃശ്ശൂർ. പൂക്കൾ - വയനാട്. നാളികേരം - കോഴിക്കോട്. ഈ പ്രത്യേക കാർഷികസോണുകളിലെ സംയോജിതപ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു.

**103.** മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കുവേണ്ടി 14 ആഗ്രോപാർക്കുകൾ കിഫ്ബിയിൽനിന്നു കഴിഞ്ഞവർഷം അനുവദിച്ചതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. ഇതിനുള്ള 100-150 കോടി രൂപ കിഫ്ബിയിൽനിന്നാണ് ലഭ്യമാക്കുക. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് കൂടുതൽ പ്രൊഡ്യൂസർ കമ്പനികൾക്ക് രൂപം നൽകും. കാർഷിക സഹകരണസംഘങ്ങൾക്കും പ്രോത്സാഹനം നൽകും.

**മൃഗപരിപാലനമേഖല**

**104.** മൃഗസംരക്ഷണമേഖലയ്ക്ക് 308 കോടി രൂപയും ഡയറി വികസനത്തിന് 97 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തിയാണ് ലക്ഷ്യം. പാൽ ഉൽപ്പാദനവർദ്ധനയുടെ പിന്നിലെ മുഖ്യഘടകം സങ്കരയിനം പശുക്കളുടെ വ്യാപനവും അവയുടെ ഗുണമേന്മ ഉയർത്തലും സാദ്ധ്യമായതാണ്. ഇതുതന്നെയാണ് ഇന്നും മുഖ്യവികസനസമീപനം. വെറ്ററിനറി എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾക്ക് 110 കോടി രൂപയും വെറ്ററിനറിസേവനങ്ങൾ മെച്ചപ്പെടുത്താൻ 45 കോടി രൂപയും വകയിരുത്തുന്നു. ക്രോസ് ബ്രീഡിംഗ് സ്കീമുകൾക്ക് 70 കോടി രൂപ മൊത്തത്തിൽ വകയിരുത്തിയിട്ടുണ്ട്. പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള ഫീഡ്സ്, കെ.എൽ.ഡി ബോർഡ്, തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങൾക്ക് മൊത്തത്തിൽ 74 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**105.** കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഒരു ലക്ഷം പശുക്കുട്ടികളെ ഉൾപ്പെടുത്തും. ഇതിനായി 54 കോടി രൂപ വകയിരുത്തുന്നു. കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തും.

**106.** പ്രാഥമിക പാൽ സഹകരണസംഘങ്ങൾക്ക് 30 കോടി രൂപ ധനസഹായമായി വകയിരുത്തുന്നു. 48 കോടി രൂപ തൊഴുത്തിനും തീറ്റപ്പുൽക്കൃഷിക്കും ഉണ്ട്. കാലിത്തീറ്റ സബ്സിഡിക്കായി 14 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. ക്ഷീരകൃഷിക്കാരുടെ പെൻഷൻ 1,100 രൂപയായി ഉയർത്തുന്നു.

**മത്സ്യബന്ധനമേഖല**

107. മത്സ്യമേഖലയുടെയും തീരപ്രദേശവികസനത്തിന്റെയും മൊത്തം അട ങ്കൽ 2016-17 ൽ 408 കോടി രൂപയായിരുന്നത് 586 കോടി രൂപ യായി ഉയർത്തുന്നു. ഉൾനാടൻ മത്സ്യമേഖലയ്ക്ക് 49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ പകുതിയിലേറെ തുക മത്സ്യ ക്കൃഷിക്കുള്ളതാണ്. കായൽ അലങ്കാര മത്സ്യകൃഷി പദ്ധതി പുന രുദ്ധരിക്കും. കടൽ മത്സ്യോൽപ്പാദനം കേരളത്തിൽ തുടർച്ചയായി കുറഞ്ഞുവരികയാണ്. ഈ പശ്ചാത്തലത്തിൽ കടൽമത്സ്യവിഭവ ശോഷണത്തിന് എതിരെയുള്ള ഇടപെടലുകൾക്ക് 5 കോടി വകയിരുത്തുന്നു.

108. പഞ്ഞമാസസമാശ്വാസപദ്ധതി 3,600 രൂപ വീതം ഉറപ്പുവരുത്തുന്ന തിന് ആവശ്യമായ അധികപണം അനുവദിക്കുന്നു. മത്സ്യത്തൊഴി ലാളികളുടെ ഇൻഷ്വറൻസ് നഷ്ടപരിഹാരത്തുക മരിക്കുന്നവർക്കും കാണാതാകുന്നവർക്കും 10 ലക്ഷം രൂപയായും തൊഴിൽശേഷി നഷ്ടപ്പെടുന്നവർക്ക് 5 ലക്ഷം രൂപയായും ഉയർത്തുന്നു. അനുബന്ധത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് നൽകുന്നതാണ്. മത്സ്യബന്ധനോപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തും. മറൈൻ ആംബുലൻസിനായി 2 കോടി രൂപ വകയിരുത്തുന്നു. മണ്ണെണ്ണ സബ്സിഡിക്കായി 25 കോടി രൂപ വകയിരുത്തുന്നു.

109. അർത്തുങ്കൽ, വെള്ളയിൽ, താനൂർ, പരപ്പനങ്ങാടി, മഞ്ചേശ്വരം, കൊയിലാണ്ടി, മുനക്കക്കടവ്, ചേറ്റുവ, ചെറുവത്തൂർ, തലായി, ചെത്തി എന്നീ ഹാർബറുകളുടെ നിർമ്മാണത്തിന് 39 കോടി രൂപ വകയിരുത്തുന്നു. മറ്റൊരു 35 കോടി രൂപ ഹാർബറുകളുമായി ബന്ധപ്പെട്ട റോഡ്, പാലം നിർമ്മാണപ്രവൃത്തികൾക്കുവേണ്ടി ലഭ്യ മാക്കും. കേന്ദ്രസർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ സ്കീമിൽ സംസ്ഥാ നവിഹിതമടക്കം 40 കോടി രൂപയുണ്ട്. ഇത് മുഖ്യമായും മത്സ്യ കൃഷിക്കും മൂല്യവർദ്ധനപ്രവർത്തനങ്ങൾക്കും വേണ്ടിയുള്ളതാണ്.

110. തീരപ്രദേശവികസനത്തിന് 216 കോടി രൂപ പ്രത്യേകമായി അനു വദിച്ചിട്ടുണ്ട്. 24,851 മത്സ്യത്തൊഴിലാളികുടുംബങ്ങൾ കടൽ

ത്തീരത്തുനിന്ന് 50 മീറ്റർ ദൂരത്തിനുള്ളിലാണ് താമസിക്കുന്നത്. ഇവരിൽ ഒരു വിഭാഗം അതീവ അപകടമേഖലയിലാണ്. ഇവരുടെ പുനരധിവാസത്തിനുവേണ്ടി 150 കോടി രൂപ വകയിരുത്തുന്നു. തീരത്ത് ജൈവസംരക്ഷണഭിത്തി സൃഷ്ടിക്കുവാൻ ഇതു സഹായിക്കും. തീരദേശത്തെ റോഡ് ഒഴികെയുള്ള മറ്റുവികസനപരിപാടികൾക്ക് 56 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമേ 20 കോടി രൂപ നബാർഡിന്റെ ധനസഹായമായും ഉണ്ടാകും. തീരദേശ ചെറു റോഡുകൾക്കുവേണ്ടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 100 കോടി രൂപ വകയിരുത്തുന്നു. വിഴിഞ്ഞം ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉണ്ടാകാവുന്ന പുനരധിവാസത്തിന് മുൻഗണന നൽകും. ആവശ്യമായ പണം അധികമായി അനുവദിക്കുന്നതാണ്.

111. മത്സ്യം, കയർ, കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിനുവേണ്ടി 50 കോടി രൂപ അനുവദിക്കുന്നു.

**കയർ**

112. സർ, 2017-18 ൽ കയർ രണ്ടാം പുന:സംഘാടനസ്കീം നടപ്പിലാക്കും. കയർ വ്യവസായത്തെ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കയർ സഹകരണസംഘങ്ങൾക്ക് 90 ശതമാനം സബ്സിഡിയിലും സ്വയംസഹായസംഘങ്ങൾക്കും മറ്റും 75 ശതമാനം സബ്സിഡിയിലും സ്വകാര്യവ്യക്തികൾക്ക് 50 ശതമാനം സബ്സിഡിയിലും ഡീഫൈബറിംഗ് യന്ത്രങ്ങൾ ലഭ്യമാക്കും. നെന്മാറ മണ്ഡലത്തിലെ വടവന്നൂരിൽ ദിനംതോറും 60,000 തൊണ്ട് ചകിരിയാക്കാനുള്ള ശേഷിയോടെ ഈ സ്കീം പ്രകാരമുള്ള ആദ്യത്തെ മില്ല് മെയ് മാസത്തിൽ പ്രവർത്തനം ആരംഭിക്കും. 2017-18 ൽ 100 ചകിരിമില്ലുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.

113. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സംഘങ്ങൾക്കേ ലഭ്യമാക്കൂ. സ്വകാര്യനിക്ഷേപകർക്ക് കയർ ബോർഡ് നൽകുന്ന സഹായത്തിനു

പുറമേ സംസ്ഥാനസർക്കാർ സബ്സിഡിയും ഉണ്ടാകും. ഫോം മാറ്റിംഗ്സിന്റെ കയർ കോമ്പോസിറ്റ് ഫാക്ടറി 2017-18-ൽ പ്രവർത്തനം ആരംഭിക്കും. പുതിയൊരു കയർ മാട്രസ് ഡിവിഷന് രൂപം നൽകും. കയർ മെഷീൻ ഫാക്ടറി ആദ്യമായി പൂർണ്ണശേഷി യിൽ പ്രവർത്തിക്കും.

114. ഈ സാങ്കേതികനവീകരണംമൂലം കയർപിരിക്കാർക്കും നെയ്ത്തു കാർക്കും തൊഴിൽ നഷ്ടപ്പെടില്ലായെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ അവരുടെ ഉൽപ്പന്നങ്ങൾ മിനിമം കൂലി ഉറപ്പുവരുത്തുന്ന വിലയ്ക്ക് വാങ്ങി സംഭരിക്കും. ആദ്യഘട്ടത്തിൽ സഹകരണമേഖല യിൽനിന്നുള്ള ഉൽപ്പന്നങ്ങളാണ് ശേഖരിക്കുക. കയർഫെഡ് 2016-17-ൽ ഒരുലക്ഷം ക്വിന്റൽ കയർ സംഭരിക്കുന്ന സ്ഥാനത്ത് അടുത്ത വർഷം രണ്ടുലക്ഷം ക്വിന്റൽ കയർ സംഭരിക്കും. കയർ കോർപ്പറേഷൻ 100-120 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വാങ്ങുന്ന സ്ഥാനത്ത് 2017-18 ൽ 200 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വാങ്ങും. ഇവ വിറ്റഴിക്കുന്നതിന് സബ്സിഡി നൽകിയേ തീരൂ. ഇതിനായി 48 കോടി രൂപ വകയിരുത്തുന്നു.

115. ആലപ്പുഴയിലെ കയർമേള ആഭ്യന്തരവിപണിക്ക് ഊന്നൽ നൽകി ക്കൊണ്ട് സെപ്തംബർ മാസത്തിൽ സംഘടിപ്പിക്കും. കയറിന്റെ പുതിയ ഡിമാൻഡ് ഹരിതകേരളം പദ്ധതിയുടെ ഭാഗമായുള്ള മണ്ണ്-ജല സംരക്ഷണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന കയർ ഭൂവസ്ത്രങ്ങളിൽ നിന്നായിരിക്കും. റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രങ്ങൾ ഉപയോഗപ്പെടുത്താം. ഈ പരിശ്രമം വിജയിച്ചാൽ കേരളത്തിലെ മുഴുവൻ കയർത്തൊഴിലാളികൾക്കും 200 ദിവസത്തെ തൊഴിൽ ഉറപ്പുനൽകാനാകും. ഇതിനായി ആലപ്പുഴയിൽ തൊഴി ലുറപ്പ് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിന് കയർഫെഡിന്റെയും എൻ.സി.ആർ.എം.ഐ.-യുടെയും ആഭിമുഖ്യത്തിൽ ഭൂവസ്ത്ര സ്കൂൾ ആരംഭിക്കുന്നതാണ്.

116. രണ്ടാം പുനഃസംഘാടനസ്കീമിന്റെ ഭാഗമായി പുനരുദ്ധരിക്കുന്ന കയർ സഹകരണസംഘങ്ങൾക്ക് പ്രവർത്തനമൂലധനവും മാനേ

ജീരിയൽ സബ്സിഡിയും നൽകും. ഇതിനുവേണ്ടി എൻ.സി.ഡി.സി.ക്ക് ഒരു പ്രോജക്ട് സമർപ്പിക്കുന്നതാണ്. ഇപ്പോൾ പ്രവർത്തനമൂലധനം നൽകുന്നതിന് 12 കോടി രൂപയും മാനേജീരിയൽ സബ്സിഡിക്ക് 3 കോടി രൂപയും അധികമായി വകയിരുത്തുന്നു. കയർ സഹകരണസംഘങ്ങളുടെ കൈയിൽ മുൻകാലത്ത് വിവിധ സ്കീമുകളിലായി ലഭിച്ച പണത്തിൽ മിച്ചമുള്ളത് പ്രവർത്തനമൂലധനമായി ഉപയോഗിക്കാൻ അനുവാദം നൽകും. കയർ മേഖലയ്ക്കുള്ള ആകെ വകയിരുത്തൽ 128 കോടി രൂപയാണ്. ഇതിനു പുറമേയാണ് കയറുൽപ്പാദകസംഘങ്ങളുടെ പുനഃസംഘാടനത്തിനായി എൻ.സി.ഡി.സി മുഖാന്തരം ലഭ്യമാക്കുന്ന 100 കോടി രൂപ.

**കൈത്തറി**

117. കൈത്തറി, യന്ത്രത്തറി മേഖലയ്ക്ക് 72 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൈത്തറി സഹകരണസംഘങ്ങളുടെയും ഹാന്റെക്സിന്റെയും ഹാൻവീവിന്റെയും ഓഹരിപങ്കാളിത്തത്തിന് 9 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അസംസ്കൃതസാമഗ്രികളും മറ്റും വാങ്ങുന്നതിനുള്ള സഹായമായി 11 കോടി രൂപ വകയിരുത്തുന്നു. കൈത്തറി നവീകരണത്തിനും ഉൽന്നപ്പന്നവൈവിധ്യവൽക്കരണം, ഇൻക്യുബേഷൻ സെന്റർ എന്നിവയ്ക്കുമായി 12 കോടി രൂപ വകയിരുത്തുന്നു. കൈത്തറിനെയ്ത്തുകാർക്ക് പരമ്പരാഗതമായി ലഭിച്ചുവരുന്ന വിവിധതരം ഇൻസെന്റീവുകളും ക്ഷേമപദ്ധതികളും വരുമാന ഉറപ്പു പദ്ധതിയും തുടരുന്നതായിരിക്കും. സ്കൂൾ യൂണിഫോമിന് വേണ്ടുന്ന തുണി കൈത്തറിസംഘങ്ങളിൽനിന്നു വാങ്ങാനുള്ള സ്കീം നടപ്പുവർഷത്തിൽ ആരംഭിക്കുന്നതിന് കാലതാമസം വന്നതിനാൽ പ്രൈമറി വിദ്യാർത്ഥികൾക്കുള്ള യൂണിഫോം തുണിയേ നെയ്തു തീർക്കാൻ കഴിഞ്ഞുള്ളൂ. 2017-18 ഈ സ്കീം കൂടുതൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നു. പുതിയതായി വ്യവസായത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്കും തറികൾ ഇട്ടുകൊടുക്കുന്നതാണ്. റിബേറ്റ് കുടിശിക കൊടുത്തുതീർക്കും.

### കശുവണ്ടി

118. കശുവണ്ടിഫാക്ടറികൾ ഔപചാരികമായി തുറന്നുവെങ്കിലും വ്യവസായോൽപ്പാദനം സാധാരണനിലയിലേക്ക് തിരിച്ചുവന്നിട്ടില്ല. പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി കോർപ്പറേഷനും കാപ്പക്സും തോട്ടണ്ടിക്ഷാമം നേരിടുന്നു. കേരളത്തിനുള്ളിൽനിന്ന് ആയാലും പുറത്തുനിന്ന് ആയാലും തോട്ടണ്ടി സംഭരിച്ച് ഈ സ്ഥാപനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കേണ്ടത് തൊഴിൽ, സേവന-വേതന വ്യവസ്ഥകൾ പിടിച്ചുനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. തോട്ടണ്ടി സംഭരണത്തിനായി ഈ സ്ഥാപനങ്ങൾക്ക് 30 കോടി രൂപ അനുവദിക്കുന്നു. ബാക്കി ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പയായി ലഭ്യമാക്കും. ബാങ്കുകളുടെ മുൻകാലകുടിശികകൾ 80 കോടി രൂപയുടെ ഒറ്റത്തഒം തീർപ്പാക്കൽ പദ്ധതിയിലൂടെ ഇല്ലാതാക്കിയിട്ടുണ്ട്. പദ്ധതിയിൽ ഏറ്റവും പ്രധാനപ്പെട്ട സ്കീം കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികയന്ത്രവൽക്കരണവും ആണ്. ഇതിന് 42 കോടി രൂപ വകയിരുത്തുന്നു. കശുമാവ് കൃഷിയുടെ പ്രോത്സാഹനത്തിന് 6.5 കോടി രൂപ വകയിരുത്തുന്നു.

119. കേരളത്തിന് പുറത്തുള്ള കശുവണ്ടിഫാക്ടറികളിലെ കൂലിക്കുറവും യന്ത്രവൽക്കരണവും നമ്മുടെ നാട്ടിലെ ഫാക്ടറികൾക്ക് മത്സര ഭീഷണിയാണെന്നുള്ള യാഥാർത്ഥ്യം സർക്കാർ അംഗീകരിക്കുന്നു. ഈ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനും കേരളത്തിലെ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനും സ്വകാര്യവ്യവസായികളുമായി ചർച്ച ചെയ്ത് ഒരു പദ്ധതി തയ്യാറാക്കും. ഇതിനായി 20 കോടി രൂപ വകയിരുത്തുന്നു.

### മറ്റു ഗ്രാമീണവ്യവസായങ്ങൾ

120. കേരളത്തിലെ 32 അംഗീകൃതക്രാഫ്റ്റുകളുടെ പ്രോത്സാഹനത്തിന് 4 കോടി രൂപ വകയിരുത്തുന്നു. അപ്പക്സ് സംഘങ്ങളായ സുരഭിക്ക് 1.5 കോടി രൂപയും ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് 1 കോടി രൂപയും ഹാൻഡിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ്

കോർപ്പറേഷന് 1.5 കോടി രൂപയും കെൽപ്പാമിന് 1 കോടി രൂപയും വകയിരുത്തിയിരിക്കുന്നു. മുളവ്യവസായ വികസനത്തിന് 5 കോടി രൂപ അനുവദിക്കുന്നു. ആർട്ടകോയ്ക്ക് ഓഹരിമൂലധനമായി 1 കോടി രൂപ അനുവദിക്കുന്നു.

**ഖാദി**

121. ഖാദി ഗ്രാമീണവ്യവസായങ്ങളുടെ അടങ്കൽ 17 കോടി രൂപയാണ്. ഖാദിഗ്രാമ പരിപാടിയാണ് ഈ വർഷം ആരംഭിക്കുന്ന പുതിയ സ്കീം. തെരഞ്ഞെടുത്ത ചില പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഖാദി ഗ്രാമീണ വ്യവസായങ്ങൾ വികസിപ്പിക്കുന്നതിന് 4.5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

122. തകർച്ച നേരിടുന്ന മറ്റൊരു പരമ്പരാഗതവ്യവസായം ബീഡിയാണ്. ബീഡിവ്യവസായത്തിൽനിന്ന് പിരിച്ചെടുത്ത നികുതിയിൽ ദിനേശ് ബീഡിക്ക് 8 കോടി രൂപ തിരികെ നൽകുന്നതാണ്. ബാക്കി നികുതിവരുമാനത്തിൽനിന്ന് 20 കോടി രൂപ ബീഡിത്തൊഴിലാളി ക്ഷേമനിധിക്ക് ഗ്രാന്റായി അനുവദിക്കുന്നു. ബീഡിത്തൊഴിലാളിക്ഷേമത്തിന് ഉചിതമായ പദ്ധതിക്ക് രൂപം നൽകാവുന്നതാണ്.

**സഹകരണം**

123. സഹകരണമേഖലയുടെ മൊത്തം അടങ്കൽ 124 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപ പ്രാഥമിക സഹകരണസംഘങ്ങൾക്കും 25 കോടി രൂപ സംസ്കരണം, കൺസ്യൂമർ, ഹൗസിംങ്, മാർക്കറ്റിംഗ്, വനിത, എസ്.സി-എസ്.റ്റി എന്നീ മേഖലകളിലെ സഹകരണസംഘങ്ങളുടെ ഓഹരിപങ്കാളിത്തത്തിനും മറ്റു സഹായങ്ങൾക്കും വേണ്ടിയാണ്. കേപ്പിന് 10 കോടി രൂപ വകയിരുത്തുന്നു.

124. കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനുള്ള പ്രാരംഭപ്രവർത്തനമായി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ

ഇവരുടെ ധനപരമായ പുനഃസംഘാടനത്തിനും റീക്യാപിറ്റലൈസേഷനും നടപടി സ്വീകരിക്കുന്നതാണ്.

125. പരമ്പരാഗതവ്യവസായസഹകരണ സംഘങ്ങളുടെ പുനഃസംഘാടനത്തിന്റെ ഭാഗമായി സർക്കാരിലുള്ള കടങ്ങൾ ഷെയറാക്കി മാറ്റുകയും പലിശ എഴുതിത്തള്ളുകയും ചെയ്യും. സമഗ്ര പുനരുദ്ധാരണ സ്കീമിന്റെ ഭാഗമായിട്ടായിരിക്കും ഈ നടപടി സ്വീകരിക്കുക. കേരളത്തിലെ ഏറ്റവും വലിയ വാണിജ്യസ്ഥാപനങ്ങളിൽ ഒന്നായ റബ്കോ പുനരുദ്ധരിക്കുന്നതിന് ഒരു സ്കീം തയ്യാറാക്കുന്നതാണ്.

## V

## പുതിയ വളർച്ചാമേഖലകൾ

126. കേരളത്തിന്റെ ഭാവി സാമ്പത്തികവളർച്ചാ സ്രോതസ്സുകൾ ഐറ്റിയും ടൂറിവസവും അനുയോജ്യ ഇടത്തരം, വൻകിട വ്യവസായങ്ങളുമാണ്. ഈ പ്രാധാന്യം കണക്കെടുത്തുകൊണ്ട് ഈ മൂന്ന് മേഖലകൾക്കുമായി 1375 കോടി രൂപ വകയിരുത്തുന്നു. ഇത് 2016-17-ലെ അടങ്കലിനെ അപേക്ഷിച്ച് 27 ശതമാനം വർദ്ധനയാണ്. സംസ്ഥാന വരുമാന കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത് സമീപകാലയളവിൽ ആധുനിക ഉൽപ്പാദനമേഖലയിൽ ഉണർവ്വ് ഉണ്ടായിട്ടുണ്ട് എന്നാണ്. ഈ ഉയർന്ന അടങ്കൽ ഈ മുന്നേറ്റത്തെ ശക്തിപ്പെടുത്തും.

### വിവരസാങ്കേതികവിദ്യ

127. 549 കോടി രൂപയാണ് ഐ.ടി മേഖലയുടെ അടങ്കൽ. ഐ.ടി പാർക്കുകളുടെ നിർമ്മാണമാണ് മുഖ്യഇടപെടൽ. ടെക്നോപാർക്കിന് 84 കോടി രൂപ, ഇൻഫോപാർക്കിന് 67 കോടി രൂപ, സൈബർ പാർക്കിന് 25 കോടി രൂപ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, കൊരട്ടി എന്നീ ഐ.ടി പാർക്കുകൾക്കും ടെക്നോലോഡ്ജുകൾക്കുമായി 55 കോടി രൂപ എന്നിങ്ങനെ വകയിരുത്തുന്നു. 2020 ആകുമ്പോൾ ഇൻഫോപാർക്കിൽ 1 ലക്ഷം

ഐ.ടി ജോലിയും ടെക്നോപാർക്കിൽ 75,000 ഐ.ടി ജോലികളും സൃഷ്ടിക്കപ്പെടും.

128. സമീപകാലത്തായി നൂതനവ്യവസായ സംരംഭകത്വ പ്രോത്സാഹനത്തിന് നാം കൂടുതൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. ടെക്നോളജി ഇന്നവേഷൻ സെന്ററിന് 10 കോടി രൂപ വകയിരുത്തുന്നു. സ്റ്റാർട്ട് അപ്പ് ബോക്സ് കാമ്പയിൻ, സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പുകൾ, പാർട്ട്ണർ നെറ്റ്വർക്ക്, സ്റ്റാർട്ട് അപ്പ് ഐ.ത്രീ, സംരംഭകത്വസന്ദർശനപരിപാടി, ഫാബ് ലാബ് പ്രോഗ്രാം, ഇന്നവേഷൻ ഫണ്ട്, സീഡ് ഫണ്ട് എന്നിങ്ങനെ ഒട്ടനവധി നൂതനങ്ങളായ സ്കീമുകളുടെ ബൊക്കെയായ യുവജന സംരംഭകത്വ വികസനപരിപാടിക്ക് 70 കോടി രൂപയും വകയിരുത്തുന്നു. കെ.എസ്.ഐ.ഡി.സി.യും കെ.എഫ്.സി.യും 1,500 സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് ധനസഹായം നൽകും.

129. ഐ.ടി മേഖലയിലെ സർക്കാർ സേവന ഇടപെടലിന്റെ മുഖ്യഏജൻസിയായ കേരള സ്റ്റേറ്റ് ഐ.റ്റി മിഷന് 100 കോടി രൂപ വകയിരുത്തുന്നു. ട്രിപ്പിൾ ഐ.റ്റി.എം.കെ.ക്ക് 52 കോടി രൂപയും ഐ.ഐ.റ്റി. കെ.- പാലയ്ക്ക് 22.5 കോടി രൂപയും ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആൻഡ് ഓപ്പൺ സോഴ്സ് സോഫ്ട്വെയറിനും സി-ഡിറ്റിനും 5 കോടി രൂപ വീതവും വകയിരുത്തുന്നു.

130. ഐ.ടി ഹാർഡ്വെയർ നിർമ്മാണഹബ്ബായി കേരളത്തെ ഉയർത്തുന്നതിന് സമഗ്രമായ ഇടപെടൽ തുടങ്ങുകയാണ്. ഇതിന്റെ ഭാഗമായി 12 പാർക്കുകളാണ് ലക്ഷ്യമിടുന്നത്. മാവൂരിൽ ജപ്പാനീസ്-കൊറിയൻ വ്യവസായ ക്ലസ്റ്റർ സ്ഥാപിക്കും. ഇവയെല്ലാം ഏകോപിപ്പിക്കുന്നതിന് ഒരു ഹാർഡ്വെയർ മിഷന് രൂപം നൽകും. ഇതിനായി 1 കോടി രൂപ വകയിരുത്തുന്നു.

### കേരള ഫൈബർ ഓപ്റ്റിക് നെറ്റ്വർക്ക് (കെ-ഫോൺ)

131. സർ, പാവപ്പെട്ട 20 ലക്ഷം കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായി നൽകും. മറ്റുള്ളവർക്ക് ഇന്റർനെറ്റ് സേവനം വളരെ

കുറഞ്ഞ ചെലവിൽ ലഭ്യമാക്കും. അങ്ങനെ സർ, ഇന്റർനെറ്റ് സൗകര്യം പൗരാവകാശമായിട്ടുള്ള അപൂർവ്വം പ്രദേശങ്ങളിൽ ഒന്നായി കേരളം മാറുകയാണ്. സർക്കാർ- സർക്കാരിതര സേവനങ്ങൾ, വിദ്യാഭ്യാസ, ആരോഗ്യ സാമൂഹികക്ഷേമ സൗകര്യങ്ങൾ, വിനോദ വിജ്ഞാന സേവനങ്ങൾ എന്നിവ കമ്പ്യൂട്ടർ, മൊബൈൽ എന്നിവ മുഖാന്തരം സാധാരണക്കാർക്ക് കടമ്പകളില്ലാതെ ലഭ്യമാക്കാൻ ഇത് വഴിയൊരുക്കും. ഡിജിറ്റൽ ഡിവൈഡ് ഇല്ലാതാക്കുന്നതിനുള്ള ഒരു നിർണ്ണായക കാൽവയ്പ്പായിരിക്കും ഇത്. 2017-18-ൽ സംസ്ഥാനസർക്കാരിന്റെ ഒട്ടെല്ലാ ഇടപാടുകളും ഐ.ടി അധിഷ്ഠിതമായി മാറുമെന്ന് കണക്കാക്കുന്നു. ഇതോടെ പൗരസേവനങ്ങൾ സാർവ്വത്രികമായി ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാവുന്നതിന് അടിസ്ഥാന ഇന്റർനെറ്റ് സൗകര്യാവകാശം മുന്നുപാധിയായി മാറും.

132. കെ.എസ്.ഇ.ബി വൈദ്യുതിശൃംഖലയ്ക്ക് സമാന്തരമായി സൃഷ്ടിക്കുന്ന പുതിയൊരു ഓപ്റ്റിക് ഫൈബർ പാത സൃഷ്ടിച്ചുകൊണ്ടായിരിക്കും സാർവ്വത്രിക അടിസ്ഥാന ഇന്റർനെറ്റ് സൗകര്യം പൗരർക്കും സർക്കാർസംവിധാനങ്ങൾക്കും ലഭ്യമാക്കുക. കെ.എസ്.ഇ.ബി മുഖാന്തരം ഈ ശൃംഖല ഓരോ വീട്ടിലും എത്തിക്കാനാവും. കെ-ഫോൺ എന്ന പേരിലുള്ള ഈ ശൃംഖല 18 മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. 1000 കോടി രൂപ മൂലധനം കിഫ്ബി വഴിയായിരിക്കും ലഭ്യമാക്കുക.

133. അക്ഷയ പൗരസേവനകേന്ദ്രങ്ങൾ, ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ, സർക്കാർ ഓഫീസുകൾ, ലൈബ്രറികൾ, സർക്കാർനിയന്ത്രണത്തിലുള്ള പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ വൈഫൈ പ്രസരണകേന്ദ്രങ്ങളും സ്ഥാപിക്കും. മൊബൈൽ, കമ്പ്യൂട്ടർ ഉപകരണങ്ങൾ ഉപയോഗിച്ചു സാധാരണക്കാർക്ക് ഒരു നിശ്ചിതസമയത്തേക്ക് സൗജന്യ അടിസ്ഥാന ഇന്റർനെറ്റ് സേവനം കെ-ഫോൺ ലഭ്യമാക്കും.

ടൂറിസം

134. ചുരുങ്ങിയകാലംകൊണ്ട് ടൂറിസം കേരളസംസ്ഥാനവരുമാനത്തിന്റെ 10 ശതമാനം സംഭാവന ചെയ്യുന്ന ഒരു സേവനവ്യവസായമായി

മാറിയിട്ടുണ്ട്. നമ്മുടെ പ്രകൃതിരമണീയതയും പൈതൃകവും ഫല പ്രദമായ ടൂറിസം ഉൽപ്പന്നങ്ങളാക്കി മാർക്കറ്റ് ചെയ്യുന്നതിലാണ് ടൂറിസംവികസനത്തിന്റെ മർമ്മം. അതുകൊണ്ട് അടങ്കലിൽ ഏറ്റവും കൂടുതൽ തുക നീക്കിവച്ചിട്ടുള്ളത് മാർക്കറ്റിംഗിനാണ് 75 കോടി രൂപ.

135. നിശാഗന്ധി ഡാൻസ് ആൻഡ് മ്യൂസിക് ഫെസ്റ്റിവൽ, ഓണാ ഘോഷം, ട്രൈബൽ ഡാൻസ് ഫെസ്റ്റിവൽ, പൂരം, തെയ്യം ഉത്സവങ്ങൾ, വള്ളംകളി മത്സരങ്ങൾ തുടങ്ങിയവ പ്രോത്സാഹിപ്പി ക്കുന്നതിനും പ്രചാരം നൽകുന്നതിനും 15 കോടി രൂപ വകയിരു ത്തുന്നു. മെയിന്റനൻസ് സഹായം ഇതുവരെ ലഭിക്കാത്ത ചുണ്ടൻ വള്ളങ്ങൾക്ക് ധനസഹായം നൽകുന്നതിനും വള്ളംകളി പ്രോത്സാ ഹത്തിനും വേണ്ടി 5 കോടി രൂപ അധികമായി വകയിരുത്തുന്നു.

136. കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷനടക്കം വിവിധ ടൂറിസം സ്ഥാപനങ്ങൾക്ക് 22 കോടി രൂപ വകയിരുത്തുന്നു. ഡി.ടി. പി.സി.കൾക്ക് 12 കോടി രൂപ വകയിരുത്തുന്നു. ടൂറിസം ഗസ്റ്റ്ഹൗ സുകളുടെ അപ്ഗ്രഡേഷനും ഗുരുവായൂർ, തിരുവനന്തപുരം, സുൽത്താൻബത്തേരി, പീരുമേട്, കോഴിക്കോട്, പൊൻമുടി, മൂന്നാർ എന്നിവിടങ്ങളിൽ പുതിയ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനും 31 കോടി രൂപയും വകയിരുത്തുന്നു.

137. കേരളത്തിൽ ഇന്ന് നടപ്പാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ടൂറിസം പ്രോജക്ടുകൾ മുസ്രിസ് ഹെറിറ്റേജ് പ്രോജക്ടും പുതുതായി ഏറ്റെടുക്കാൻ പോകുന്ന തലശ്ശേരി, ആലപ്പുഴ സ്പൈസ് റൂട്ട് പ്രോജക്ടുകളുമാണ്. ഇവയ്ക്ക് 40 കോടി രൂപയാണ് വകയിരുത്തി യിട്ടുള്ളത്. ആലപ്പുഴ ഹെറിറ്റജ് പ്രോജക്ടിന്റെ പ്രധാനപ്പെട്ട ഭാഗം കനാലുകളുടെ നവീകരണമാണ്. ഡച്ച് സാങ്കേതികസഹകരണ ത്തോടെ ഇതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാ ണ്. മെയിൻ കനാലുകൾ മാത്രമല്ല, ചെറുകനാലുകളുടെയും പൊഴി കളുടെയും വൃത്തിയാക്കലും സംരക്ഷണവും ഇതിന്റെ ഭാഗമാണ്. മാസ്റ്റർപ്ലാനിന്റെ മുഖ്യയിനങ്ങൾക്ക് കിഫ്ബിയാണ് നിക്ഷേപം നടത്തുക. ആലപ്പുഴയിലെ ആദ്യത്തെ രണ്ട് മ്യൂസിയങ്ങൾ 2017-18-ൽ പൂർത്തീകരിക്കും. തോമസ് നോർട്ടൺ സ്മാരകവും

കയർ മ്യൂസിയവുമായിരിക്കും ഇവ. ഇതിനായി 10 കോടി രൂപ പ്രത്യേകം അനുവദിക്കുന്നു. തലശ്ശേരി ജില്ലാക്കോടതി പൈതൃകസംരക്ഷണശ്രംഖലയിൽ ഏറ്റെടുക്കും.

138. കഴിഞ്ഞ ബജറ്റിൽ ധർമ്മടം-മുഴുപ്പിലങ്ങാട്, കണ്ണൂർ-കോട്ട, അറയ്ക്കൽ കൊട്ടാരം, കാരാപ്പുഴ-വയനാട്, ചെത്തി-മാരാരിക്കുളം, തൃശ്ശൂർ-ഗുരുവായൂർ-പാലിയൂർ സർക്യൂട്ട്, ആക്കുളം, പൊന്നാനി, പൊൻമുടി എന്നീ ടൂറിസം ഡെസ്റ്റിനേഷനുകളുടെ പശ്ചാത്തലസൗകര്യം ഒരുക്കുന്നതിന് കിഫ്ബി പ്രത്യേക നിക്ഷേപനിധിയിൽനിന്ന് 400 കോടി രൂപ വകയിരുത്തിയിരുന്നു. ആ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഈ വർഷത്തെ പദ്ധതിയിൽ കോവളം, കുമരകം, തേക്കടി, മൂന്നാർ, ഫോർട്ട് കൊച്ചി, അതിരപ്പള്ളി, വയനാട്, വർക്കല, നെയ്യാർ, അഷ്ടമുടി, തെന്മല, ശബരിമല, വേമ്പനാട്, വാഗമൺ, ചെറായി, പീച്ചി, ഗുരുവായൂർ, മലമ്പുഴ, നെല്ലിയാമ്പതി, നിള, നിലമ്പൂർ, കാപ്പാട്, ഇരിങ്ങൽ, തുഷാരഗിരി എന്നിവയ്ക്ക് 80 കോടി രൂപയും മറ്റു ചെറുകിട ഡെസ്റ്റിനേഷനുകൾക്ക് 40 കോടി രൂപയും പശ്ചാത്തലസൗകര്യവികസനത്തിന് വകയിരുത്തിയിട്ടുണ്ട്. പാതിരാമണൽ ഇക്കോ ടൂറിസം പദ്ധതി പുനരുജ്ജീവിപ്പിക്കും. മലബാറിലെ കായലുകളും നദികളും കൂട്ടിയിണക്കി ടൂറിസം വികസനത്തിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കും.

## വൻകിട-ഇടത്തരം വ്യവസായങ്ങൾ

139. 2016-17-ൽ വൻകിട-ഇടത്തരം വ്യവസായങ്ങൾക്ക് 291 കോടി രൂപയായിരുന്നു അടങ്കൽ. ഇത് 482 കോടി രൂപയായി ഉയർത്തുന്നു. ഏറ്റവും മുന്തിയ പരിഗണന യുഡിഎഫ് ഭരണകാലത്ത് നഷ്ടത്തിലായ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനാണ്. പൊതുമേഖലയുടെ വിഹിതം 100 കോടി രൂപയിൽനിന്ന് 270 കോടി രൂപയായി ഉയർത്തുന്നു.

140. വിസ്താരഭയത്താൽ ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ഫാക്ടറിയുടെ ഉദാഹരണം മാത്രമേ വിവരിക്കുന്നുള്ളൂ. ചരിത്ര

ത്തിൽ ആദ്യമായി 2009-10 ൽ ലാഭത്തിലായ ഫാക്ടറി യുഡിഎഫ് ഭരണത്തിൽ വീണ്ടും നഷ്ടത്തിലായി. ആറ് വർഷം മുമ്പ് സ്ഥാപിച്ച നോൺബീറ്റാലാക്റ്റം ഫാക്ടറിയുടെ യന്ത്രങ്ങളുടെ പെട്ടികൾ പോലും ഈ സർക്കാർ വന്നതിനുശേഷമാണ് തുറന്നത്. അതോടെ ഉൽപ്പാദനശേഷി 100 കോടി രൂപയായി. ജി.എം.പി നിലവാര സർട്ടിഫിക്കറ്റും ലഭിച്ചു. ഇനി അടുത്തതായി ഒരു പഴയ ഗോഡൗൺ കെട്ടിടം പുനരുദ്ധരിച്ച് ബീറ്റാലാക്റ്റം പ്ലാന്റ് സ്ഥാപിക്കുവാൻ പോവുകയാണ്. അതോടെ ഉൽപ്പാദനശേഷി 200 കോടി രൂപ യാകും. 2018-19 ൽ മെഡിക്കൽ ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൂടി തുറക്കും. പുതിയതായി തയ്യാറാക്കിയിട്ടുള്ള മരുന്ന് ടെസ്റ്റ് ചെയ്യുന്ന ലബോറട്ടറിക്ക് മാർച്ച് അവസാനതിനുമുമ്പ് അക്രഡിറ്റേഷൻ ലഭിക്കും. ജി.എം.പി സ്റ്റാൻഡേർഡിൽ ഒതുങ്ങാതെ, ആഗോള ഡബ്ല്യു.എച്ച്.ഒ മാനദണ്ഡപ്രകാരം ഫാക്ടറികൾ പുനഃ സംവിധാനം ചെയ്യുന്നതിനും പരിപാടിയുണ്ട്. ഇത് ആഫ്രിക്കയിലെ കയറ്റുമതിമാർക്കറ്റ് ലഭ്യമാക്കും. കെ.എസ്.ഡി.പി.ക്ക് 2017-18-ൽ കെ.എം.എസ്.സി.എൽ 60 കോടി രൂപയുടെ മരുന്നിനുള്ള ഓർഡർ നൽകിയിരിക്കും. വിലയുടെ ഒരു ഭാഗം അഡ്വാൻസായി നൽകും. 40 കോടി രൂപയുടെ മരുന്നിനുള്ള ഓർഡർ ഇപ്പോൾതന്നെ മറ്റു സംസ്ഥാനങ്ങളിൽ നിന്നു ലഭിച്ചുകഴിഞ്ഞു. അങ്ങനെ നിലവിലുള്ള ഉൽപ്പാദനശേഷി പൂർണ്ണമായും വിനിയോഗിക്കുന്നതോടെ 2017-18-ൽ കമ്പനി ലാഭത്തിലാകും. വിപുലീകരണത്തിന് ആവശ്യമായ മൂലധനത്തിൽ ഒരു ഭാഗം കമ്പനി തന്നെ സ്വയം സമാഹരിക്കേണ്ടതുണ്ട്. ഇതിന് കമ്പനിയെ പ്രാപ്തമാക്കുന്ന തിനായി, കമ്പനി സർക്കാരിന് നൽകേണ്ട വായ്പാകുടിശികയും പലിശയുമായ 106 കോടി രൂപ ഓഹരി മൂലധനമാക്കി മാറ്റുന്നു. സഞ്ചിതനഷ്ടം എഴുതിത്തള്ളുന്നു. ഈയൊരു കർമ്മപദ്ധതിയുടെ അടിസ്ഥാനത്തിൽ കെ.എസ്.ഡി.പി.ക്ക് 18 കോടി രൂപ അനുവദി ക്കുന്നു. 10 കോടി രൂപ അധികമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

141. ഇതുപോലെ ഓരോ പൊതുമേഖലാസ്ഥാപനത്തിനും കൃത്യമായ കർമ്മ പദ്ധതികൾ തയ്യാറാക്കി ത്രികക്ഷിക്കരാർ ഉണ്ടാക്കുന്ന താണ്.

(i) ട്രാവൻകൂർ സിമന്റ്സിൽ ക്ലിംഗർ ഗ്രൈൻഡിംഗ് യൂണിറ്റ് നിർമ്മിക്കുന്നതിന് 10 കോടി രൂപ

(ii) റ്റി.സി.സി.യിൽ എച്ച്.സി.എൽ സിന്തസിസ് യൂണിറ്റിന് 5 കോടി രൂപ

(iii) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ കോപ്പർ റിക്കവറി പ്ലാന്റിനും സൾഫ്യൂരിക് ആസിഡ് പ്ലാന്റിനും ഫൈബർഗ്രേഡ് ഉൽപ്പന്നത്തിനും വേണ്ടി 26 കോടി രൂപ

(iv) കെല്ലിന്റെ പുനരുദ്ധാരണത്തിന് 18 കോടി രൂപ

(v) ട്രാകോ കേബിളിന്റെ വിപുലീകരണത്തിനും ലാബ് സർട്ടിഫിക്കേഷനും വേണ്ടി 10 കോടി രൂപ

(vi) ടെൽക്കിന്റെ സാങ്കേതികനവീകരണത്തിന് 10 കോടി രൂപ

(vii) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് നവീകരണത്തിന് 4 കോടി രൂപ

(viii) ഓട്ടോകാസ്റ്റിൽ കാസ്റ്റ് സ്റ്റീൽ റെയിൽ ബോഗി നിർമ്മാണത്തിന് 10 കോടി രൂപ

(ix) കേരള ഓട്ടോമൊബൈൽസ് - ഐ.എസ്.ആർ.ഒ സബ് കോൺട്രാക്ടിംഗ് സൗകര്യമൊരുക്കുന്നതിന് 7 കോടി രൂപ

(x) സ്റ്റീൽ ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ഫർണസ് നവീകരണത്തിന് 5 കോടി രൂപ

(xi) കെൽട്രോണിന്റെ പുനരുദ്ധാരണത്തിന് 20 കോടി രൂപ

(xii) ടെക്സ്റ്റയിൽ മില്ലുകൾക്ക് 51 കോടി രൂപ

(xiii) ഫോറസ്റ്റ് ഇൻഡസ്ട്രീസിന് 2 കോടി രൂപ

(xiv) കേരള സെറാമിക്സിന് 15 കോടി രൂപ

(xv) മറ്റു പൊതുമേഖലാസ്ഥാപനങ്ങൾക്ക് 8 കോടി രൂപ

(xvi) പ്രവർത്തനമൂലധനം 50 കോടി രൂപ

ഓരോ പൊതുമേഖലാസ്ഥാപനവും ലാഭകരമാക്കുന്നതിന് സമയബന്ധിതമായ പാക്കേജുകൾ തയ്യാറാക്കിയതിനുശേഷമേ ഈ പണം കൈമാറൂ.

142. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്ക്, പാലക്കാട് ലൈറ്റ് എഞ്ചിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്, ചേർത്തല മെഗാ ഫുഡ് പാർക്ക്, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകൾ എന്നിവയ്ക്കായി 96 കോടി രൂപ അനുവദിക്കുന്നു. ലൈഫ് സയൻസ് പാർക്കിൽ 3.5 ലക്ഷം ചതുരശ്രയടിയുടെ ഇൻക്യുബേഷൻ സെന്റർ നിർമ്മാണം ഈ വർഷം ആരംഭിക്കും. കിൻഫ്രയുടെ പ്രധാനപ്പെട്ട പ്രോജക്ടുകൾ പാലക്കാട്ടെയും കൊച്ചിയിലെയും ഇൻഡസ്ട്രിയൽ വാർട്ടർ സപ്ലൈ പ്രോജക്ടുകളും മട്ടന്നൂർ, തൊടുപുഴ, കളമശ്ശേരി, കഴക്കൂട്ടം, കൊല്ലം, എറണാകുളം, കാക്കഞ്ചേരി എന്നിവിടങ്ങളിലെ പാർക്കുകളുമാണ്. കാക്കഞ്ചേരിയിൽ 1.1 ലക്ഷം ചതുരശ്രയടിയുടെ ടെക്നോ ഇൻഡസ്ട്രിയൽ പാർക്കും രാമനാട്ടുകരയിൽ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കും ഈ വർഷം നിർമ്മാണം ആരംഭിക്കും. കിൻഫ്രയ്ക്ക് 111 കോടി രൂപ അനുവദിക്കുന്നു.

143. വ്യവസായമേഖലയിലെ ഏറ്റവും വലിയ ഇടപെടലായിരിക്കും ഇൻഡസ്ട്രിയൽ ഇടനാഴി. ഇതിൽ കൊച്ചിയിലെ പെട്രോകെമിക്കൽ പാർക്കിനും ഫാർമ പാർക്കിനുമുള്ള ഡി.പി.ആർ താമസംവിനാ കിഫ്ബിക്ക് സമർപ്പിക്കുന്നതാണ്. മുഖ്യമായും ഏതാണ്ട് 5,000 ഏക്കർ ഭൂമി വ്യവസായാവശ്യത്തിന് ഇടനാഴിയുടെ പല സ്ഥലങ്ങളിലായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഭൂമി ഏറ്റെടുത്താൽ കിഫ്ബിയിൽനിന്നു പണം നൽകുന്നതിന് തടസ്സമുണ്ടാകില്ല. ഇതുപോലെതന്നെ ചവറയിലും പരിസരത്തുമായി ടൈറ്റാനിയം ഫാക്ടറിയുടെ വിപുലീകരണത്തിന് ടൈറ്റാനിയം മെറ്റൽ കോംപ്ലക്സ് നിർമ്മാണത്തിനു ഭൂമി ഏറ്റെടുക്കുന്നതാണ്. കരിമണൽ ഖനനം പൊതുമേഖലയിൽ വിപുലപ്പെടുത്തും.

144. ഇന്ന് കേരളം 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' സൂചികയിൽ വളരെ താഴെയാണ്. കേരളത്തിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിന് സമയബന്ധിതമായ പരിപാടി ആവിഷ്കരിക്കുന്നതാണ്. 1999-ലെ സിംഗിൾ വിൻഡോ ക്ലിയറൻസ് നിയമം ഇതിനായി ഭേദഗതി ചെയ്യും. പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള പ്രത്യേക സമിതിക്ക് രൂപം നൽകും. വ്യവസായ നയത്തിന് രൂപംനൽകും.

**ആധുനിക ചെറുകിട വ്യവസായങ്ങൾ**

145. ആധുനിക ചെറുകിട വ്യവസായങ്ങൾക്ക് 128 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 25 കോടി രൂപ നിലവിലുള്ള ഡെവലപ്പ്മെന്റ് ഏര്യാ അല്ലെങ്കിൽ പ്ലോട്ടുകളിലെ ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്താനുള്ളതാണ്. ഗുണഭോക്തൃപങ്കാളിത്തം കൂടി ആവശ്യപ്പെടുന്ന രീതിയിലുള്ള സ്കീമിനാണ് രൂപം നൽകിയിട്ടുള്ളത്. ബഹുനില വ്യവസായ എസ്റ്റേറ്റുകൾ നിർമ്മിക്കുന്നതിന് 23 കോടി രൂപ വകയിരുത്തുന്നു. പുതിയ ചെറുകിട വ്യവസായ സംരംഭകർക്കു മൂലധനപിന്തുണ നൽകുന്നതിനു 56 കോടി രൂപ വകയിരുത്തുന്നു. എറണാകുളം, തൃശ്ശൂർ മേഖലയിലെ ഫർണീച്ചർ വ്യവസായസംരംഭങ്ങളെ സഹായിക്കാൻ ഒരു നൂതന അന്തർദേശീയ ഹബ്ബ് സ്ഥാപിക്കുന്നതാണ്. ചെറുകിട വ്യവസായ അസോസിയേഷന്റെ സോഷ്യൽ സെക്യൂരിറ്റി ഫണ്ട് ട്രസ്റ്റിലേക്ക് 1 കോടി രൂപ അനുവദിക്കുന്നു.

146. വാണിജ്യവികസനത്തിന് 4 കോടി രൂപ വകയിരുത്തുന്നു. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കമ്പോളങ്ങൾ ആധുനീകരിക്കുന്നതിന് 100 കോടി രൂപ കിഫ്ബി നിക്ഷേപിക്കുന്നതാണ്. ടൂറിസം സാധ്യതകൾകൂടി പരിഗണിച്ചായിരിക്കും ഇവ തെരഞ്ഞെടുക്കുക. ഇതുസംബന്ധിച്ച് സമഗ്രമായ പദ്ധതിയിൽ വാണിജ്യഗുണനിലവാരത്തിന്റെയും ഉപഭോക്തൃസേവനത്തിന്റെയും മാനദണ്ഡങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

## VI

# അടിസ്ഥാനസൗകര്യവികസനം

147. പുതിയ വളർച്ചാമേഖലകളിലേക്ക് നിക്ഷേപം ആകർഷിക്കുന്നതിന് മറ്റു പല സംസ്ഥാനങ്ങളിലും ഉള്ളതുപോലെ ട്രേഡ് യൂണിയൻ അവകാശങ്ങളേയോ പരിസ്ഥിതിനിയമങ്ങളേയോ ധ്വംസിക്കാൻ നമുക്കാവില്ല. ഏറ്റവും ഉയർന്ന പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുക മാത്രമാണ് നമുക്ക് ചെയ്യാനാവുക. അഞ്ചുവർഷംകൊണ്ട് 50,000 കോടി രൂപയുടെയെങ്കിലും റോഡുനവീകരണ പദ്ധതികൾക്ക് കേരളത്തിൽ തുടക്കം കുറിക്കും. ഇതുപോലെ മറ്റ് അടിസ്ഥാന സൗകര്യങ്ങളിലും. സംസ്ഥാനവികസനത്തിന്റെ ഒരു കാൽ ജനകീയ മിഷനുകളും ജനകീയാസൂത്രണവും ആണെങ്കിൽ മറ്റേ കാൽ സമാനതകളില്ലാത്ത ഈ നിക്ഷേപക്കുതിപ്പായിരിക്കും.

### റോഡുകളും പാലങ്ങളും

148. 1,351 കോടി രൂപയാണ് റോഡുകൾക്കും പാലങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ളത്. സമീപകാല അനുഭവമെടുക്കുകയാണെങ്കിൽ ഇതിന്റെ 25–50 ശതമാനം കൂടുതൽ പണം ചെലവഴിക്കപ്പെടും. എന്നിരുന്നാലും ഇപ്പോഴും പൊതുമരാമത്ത് കോൺട്രാക്ടർമാർക്കുള്ള ബില്ല് ഇനത്തിൽ 1300 കോടി രൂപ കുടിശ്ശികയാണ്. കഴിഞ്ഞ ഒരു വർഷം കുടിശ്ശിക ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. അടുത്ത വർഷം ആകുമ്പോഴേക്കും കുടിശ്ശിക ഇല്ലാതാക്കാൻ കഴിയും. പൊതുമരാമത്ത് വാല്യം 1-ൽ അടുത്ത വർഷം ഏറ്റെടുക്കാൻ പണം വകയിരുത്തിയിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റിൽ 5510 പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇവയിൽ ഏറ്റവും വലുത് 580 കോടി രൂപ അടങ്കൽ വരുന്ന 8 കെ.എസ്.റ്റി.പി പദ്ധതികളാണ്. ആലപ്പുഴ, കൊല്ലം ബൈപ്പാസുകൾ തുടങ്ങിയ പല പ്രധാനപ്പെട്ട പണികൾക്കും വൻകിട പ്രോജക്ടുകൾക്കുമായി വകയിരുത്തിയിട്ടുള്ള 1552 കോടി രൂപയിൽനിന്നാണ് പണം കണ്ടെത്തുക. ആർ.ഐ.ഡി.എഫിൽനിന്ന് 335 കോടി രൂപ പൊതുമരാമത്തിന് വകയിരുത്തിയിട്ടുണ്ട്. സെൻട്രൽ റോഡ് ഫണ്ട് ബോർഡ് പ്രവൃത്തി

കൾക്ക് 60 കോടി രൂപ വകയിരുത്തിയിരിക്കുന്നു. മേജർ ഡിസ്ട്രിക്ട് റോഡുകൾക്ക് 100 കോടി രൂപ വകയിരുത്തിയിരിക്കുന്നു. കരമന-വെള്ളറട റോഡ്, വൈപ്പിൻ - മുനമ്പം റോഡ്, ആലപ്പുഴ-തണ്ണീർമുക്കം - മധുര റോഡ്, നെടുങ്ങനപ്പള്ളി - പുല്ലാട് റോഡ് തുടങ്ങിയവയുടെ നവീകരണത്തിനായി 73 കോടി രൂപ വകയിരുത്തുന്നു. ദേശീയപാത നിർമ്മാണത്തിൽ പ്രധാനപ്പെട്ട പ്രവൃത്തികൾ കരമന - കളിയിക്കാവിള രണ്ടാംഘട്ടം, കഴക്കൂട്ടം - കേശവദാസപുരം, കോരപ്പുഴ പാലം എന്നിവയാണ്.

149. ഏനാത്ത് പാലത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പാലങ്ങളുടെ സുരക്ഷ സംബന്ധിച്ച് പ്രത്യേക അവലോകനം നടത്തുന്നതാണ്. അപകടകരമായിട്ടുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് ആവശ്യമായ പണം ലഭ്യമാക്കും.

150. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വികസിപ്പിച്ചിട്ടുള്ള പ്രൈസ് സോഫ്റ്റ് വെയറിന്റെ രണ്ടാംഘട്ടത്തിൽ കമ്പ്യൂട്ടറൈസ്ഡ് ബിൽ നിർമ്മാണം, ഇ-മെഷർമെന്റ് ബുക്ക്, ആസ്തികളുടെ ഡിജിറ്റലൈസേഷൻ, കോൺട്രാക്ടർ ലൈസൻസ് രജിസ്റ്ററിംഗ് എന്നീ ഘടകങ്ങൾകൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്നതാണ്.

**മലയോര, തീരദേശ ഹൈവേകൾ**

151. സർ, 2017-18 ൽ 1267 കിലോമീറ്റർ ദൈർഘ്യം വരുന്ന സമ്പൂർണ്ണ മലയോര ഹൈവേ സമാന്തരമായി 9 ജില്ലകളിൽ വിവിധ റീച്ചുകൾ ടെണ്ടർ വിളിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കും. കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കൊല്ലം, തിരുവനന്തപുരം എന്നിവയാണ് ഈ ജില്ലകൾ. കണ്ണൂർ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഈ ഹൈവേയെ ബന്ധിപ്പിക്കുന്ന ഭാഗങ്ങൾ നിലവിൽ വികസിപ്പിക്കുകയോ മറ്റ് സ്കീമുകളിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്. 9 ജില്ലകളിലെ നിർമ്മാണപ്രവൃത്തികൾക്ക് വേണ്ടുന്ന 3,500 കോടി രൂപ കിഫ്ബി നിക്ഷേപിക്കുന്നതാണ്.

152. സർ, 2017-18 ൽ തീരദേശഹൈവേയുടെ നിർമ്മാണം ആരംഭിക്കും. 9 തീരദേശ ജില്ലകളിലായി 630 കിലോമീറ്ററാണ് ഈ പാതയുടെ ദൈർഘ്യം. 5.5 മുതൽ 8 മീറ്റർ വരെ വീതിയുള്ള റോഡാണ് നിർമ്മിക്കുക. നിലവിലുള്ള തീരദേശ റോഡ് ശൃംഖലയെ സംയോജിപ്പിച്ചുകൊണ്ടായിരിക്കും ഈ സംസ്ഥാനപാത രൂപംകൊള്ളുക. കിഫ്ബി തീരദേശ പാതയ്ക്ക് 6,500 കോടി രൂപ നിക്ഷേപിക്കും.

153. കേരളത്തിന്റെ ഗതാഗതശൃംഖലയിലെ നിർണ്ണായകകണ്ണികളാകാൻ പോകുന്ന ഈ രണ്ട് പാതകളും വിദേശമലയാളികളുടെ പിന്തുണയോടെ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്. എം.ടി.യുടെ 'നാലുകെട്ടി'ൽ ആമിനുമ്മയുടെ കുറിയെപ്പറ്റി പറയുന്നുണ്ട്. 'അതുകിട്ടിയാൽ ഒന്നു നിന്നുതിരിയാമെന്നാണ് അമ്മ പറയാറ്.' കുറി അഥവാ ചിട്ടി നാട്ടിലെ ഒരുപാട് പേരുടെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നതു പോലെ നാടിന്റെ വികസനാവശ്യങ്ങൾക്ക് ചിട്ടി ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഒരു വിദേശമലയാളിയും ഒരു പൈസ പോലും സർക്കാരിന് സംഭാവന നൽകേണ്ടതില്ല. അവർ ചെയ്യേണ്ടത് കെ.എസ്.എഫ്.ഇ.യുടെ എൻ.ആർ.ഐ ചിട്ടികളിൽ ചേരുക മാത്രമാണ്. പ്രവാസി ചിട്ടിക്ക് കെ.എസ്.എഫ്.ഇ തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. ആദ്യവർഷംതന്നെ ഒരുലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കിഫ്ബി വഴി നടപ്പിലാക്കുന്ന 10,000 കോടി രൂപയുടെ തീരദേശ, മലയോര ഹൈവേകൾക്ക് വേണ്ടിയുള്ള ബോണ്ടുകൾ പൂർണ്ണമായും പ്രവാസി ചിട്ടി വഴി സമാഹരിക്കാനാണ് ഉദ്ദേശ്യം.

154. ഏതെങ്കിലും പേയ്മെന്റ് ഗേറ്റ് വേ വഴി പ്രവാസികൾക്ക് തങ്ങളുടെ മാസത്തവണ അടയ്ക്കാം. ഇങ്ങനെ അടയ്ക്കുന്ന പണം മുഴുവൻ അപ്പപ്പോൾ കെ.എസ്.എഫ്.ഇ.യുടെ പേരിൽ കിഫ്ബിയുടെ പ്രവാസി ബോണ്ടുകളിൽ ഓട്ടോമാറ്റിക്കായി നിക്ഷേപിക്കപ്പെടും. ചിട്ടി പിടിക്കുമ്പോഴോ നറുക്കുവീണ പണം പിൻവലിക്കുമ്പോഴോ ആവശ്യമുള്ള പണം പിൻവലിക്കാൻ കെ.എസ്.എഫ്.ഇ.ക്ക് കോൾ ഓപ്ഷൻ ഉണ്ടാകും. മിച്ചമുള്ള ഫ്രീ ഫ്ളോട്ട് കിഫ്ബിയുടെ ബോണ്ടുകളിൽ കിടക്കും. പദ്ധതി നടപ്പിലാകുന്ന ഏതാനും

വർഷംകൊണ്ട് ഇത്തരത്തിൽ 12,000 കോടി സമാഹരിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാവില്ലെന്ന് കരുതുന്നു. ഇതൊരു നൂതന ധന സമാഹരണ പരീക്ഷണമാണ്.

155. പ്രവാസിയെ സംബന്ധിച്ചിടത്തോളം അവരുടെ സമ്പാദ്യം ചിട്ടിയിലാണ് മുടക്കുന്നത്. അതിന് സർക്കാരിന്റെ ഗ്യാരന്റിയും കെ.എസ്.എഫ്.ഇ. യുടെ പൂർണ്ണസുരക്ഷിതത്വവുമുണ്ട്. കിഫ്ബിയുടെ ബോണ്ടിൽ മിച്ചപണം നിക്ഷേപിച്ചതുകൊണ്ട് ഒരു അധിക റിസ്കും നിക്ഷേപകന് ഇല്ല. അതേ സമയം അവർ സുരക്ഷിത സമ്പാദ്യത്തോടൊപ്പം നാടിന്റെ സുപ്രധാന വികസന പ്രോജക്ടിൽ പങ്കാളിയാവുകയും ചെയ്യുന്നു. ജൂൺ മാസത്തിനകം ഈ പദ്ധതി ആരംഭിക്കുന്നതിന് കെ.എസ്.എഫ്.ഇ. ഒരുങ്ങിക്കൊണ്ടിരിക്കുകയാണ്.

156. മേൽപ്പറഞ്ഞ രണ്ട് സംസ്ഥാനപാതകൾക്ക് പുറമേ താഴെപ്പറയുന്ന 182 റോഡ് നിർമ്മാണപ്രവൃത്തികളിൽ 5628 കോടി രൂപ കിഫ്ബി നിക്ഷേപിക്കുന്നതാണ്.

| *ക്രമ നമ്പർ* | *പ്രവൃത്തിയുടെ പേര്* | *അടങ്കൽ (കോടി രൂപ)* |
|---|---|---|
| 1 | മംഗളം ടവർ - മാർക്കറ്റ് റോഡ് ബൈപ്പാസ് | 53 |
| 2 | കുന്നംകുളം മുനിസിപ്പാലിറ്റി റിംഗ്റോഡ് പദ്ധതി | 25 |
| 3 | കുന്നംകുളം മുനിസിപ്പാലിറ്റി റോഡ് വികസന പദ്ധതി | 50 |
| 4 | ചേർത്തല വിവിധ റോഡുകളും ഇരുമ്പുപാലവും ഉൾപ്പെടെ | 22 |
| 5 | നത്തുകല്ല് - അടിമാലി റോഡ് | 50 |
| 6 | നാവായികുളം - കൂടവൂർ റിംഗ് റോഡുകൾ | 20 |
| 7 | നിലമ്പൂർ ബൈപ്പാസ് നിർമ്മാണം ഭൂമി ഏറ്റെടുക്കൽ | 105 |
| 8 | നിലമ്പൂർ - നായാടുംപോയിൽ റോഡ് | 28 |

| | | |
|---|---|---|
| 9 | നീലേശ്വരം എൻ.എച്ച് - കച്ചേരിക്കടവ് - ടൗൺ ബൈപ്പാസ് റോഡും പാലവും - രാജാ റോഡ് വികസനവും | 40 |
| 10 | പത്തനാട് - എടയിരിക്കപ്പുഴ റോഡ് | 20 |
| 11 | പയ്യന്നൂർ അമ്പലത്തറ - കാനായി - മണിയറ വയൽ മാതമംഗലം റോഡ് | 11 |
| 12 | പയ്യാമ്പലം - ചാൽ ബീച്ച് റോഡ് | 25 |
| 13 | പള്ളത്തൂർ - പാണ്ടി റോഡ് | 15 |
| 14 | പള്ളിപ്പുറം ഇൻഫോ പാർക്കിലേക്ക് ദേശീയ പാത വയലാർ ജംഗ്ഷനിൽ നിന്നുള്ള റോഡും പാലവും | 100 |
| 15 | പള്ളിമുക്ക്-അലിമുക്ക് റോഡ് | 12 |
| 16 | പള്ളിമുക്ക്-മുക്കടവ് റോഡ് | 14 |
| 17 | പള്ളിമുക്ക്-മെഡിക്കൽ കോളേജ് റോഡ് | 25 |
| 18 | പരപ്പൻപൊയിൽ-കാരക്കുന്നത്ത് റോഡ് | 20 |
| 19 | പറവൂർ - ചേരായി പാറലേൽ റോഡ് | 20 |
| 20 | പഴയചന്ത - കുടവനാട് റോഡ് | 32 |
| 21 | പഴകുറ്റി - മംഗലപുരം റോഡ് | 200 |
| 22 | പാറശ്ശാല - പഞ്ചമൂട് റോഡ് | 15 |
| 23 | പാലപ്പിള്ളി ചിമ്മിനി ഡാം റോഡ് | 20 |
| 24 | പാലാ ടൗൺ റിങ് റോഡ് രണ്ടാം ഘട്ടം | 45 |
| 25 | പാശുവന്നര - അരുവിക്കര - കീഴാറൂർ റിംഗ് റോഡ് | 10 |
| 26 | പി.യു.കെ റോഡ് | 50 |
| 27 | പി.യു.കെ.സി റോഡ്- ഉള്ളേര്യരി റോഡ് | 20 |
| 28 | പുള്ളിയറക്കോണം - കുഴക്കാട് ക്ഷേത്ര റോഡ് | 18 |
| 29 | പുല്ലുവഴി - പാണിയേലിപ്പോര് റോഡ് | 20 |
| 30 | പുളിമുട്ട് വട്ടക്കിണർ റോഡ് | 25 |
| 31 | പുതിയിടം- പ്രയാർ- ആയിരംതെങ്ങ് റോഡ് | 20 |
| 32 | പൂക്കിപ്പറമ്പ് - പതിനാറുങ്ങൾ ബൈപാസ് റോഡ് | 100 |
| 33 | പൂവ്വത്തങ്കൽ - വേളൂക്കര റോഡ് | 12 |

| | | |
|---|---|---|
| 34 | പൂത്തോട്ട എസ്.എൻ ജംങ്ക്ഷൻ റോഡ് | 300 |
| 35 | പടന്നക്കാട് മേൽപ്പാലം -വെള്ളരിക്കുണ്ട് റോഡ് (പാലങ്ങൾ ഉൾപ്പെടെ) | 60 |
| 36 | പടിഞ്ഞാറങ്ങാടി-മണ്ണിയംപെരുമ്പലം റോഡ് | 15 |
| 37 | ബദിയഡുക്ക - എത്തടുക്ക - സുളപദവ റോഡ് | 28 |
| 38 | ഭഗവതിപ്പടി-മല്ലിക്കാട്ടുകടവ് ബാക്ക് വാട്ടർ റോഡ് | 20 |
| 39 | മണത്തണ - അമ്പായത്തോട് റോഡ് | 20 |
| 40 | ശ്രീകണ്ഠാപുരം -നടുവിൽ പി.ഡബ്ല്യു.ഡി റോഡ് | 15 |
| 41 | 16 ൽചിറ - നാട്ടകം റോഡ് | 20 |
| 42 | അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡ് | 25 |
| 43 | മട്ടന്നൂർ - പേരാവൂർ റോഡ് | 25 |
| 44 | അഞ്ചാംപീടിക -മുത്താമ്പി റോഡ് | 10 |
| 45 | മണ്ണന്തല -പൗഡിക്കോണം റോഡ് | 200 |
| 46 | മണ്ണാർക്കാട് - ചിന്നത്തടാകം റോഡ് | 80 |
| 47 | അമ്പലംകുന്ന് റോഡുവിള പോരേടം റോഡ് | 10 |
| 48 | അമ്മാനപ്പാറ - - ചപ്പാരപ്പടവ് ചെയിനേജ് | 20 |
| 49 | അമരവിള -കുടപ്പന സൂരവക്കാണി റോഡ് | 30 |
| 50 | അരിവിത്തറ - ഭരണങ്ങാനം റോഡ് | 20 |
| 51 | മല-വട്ടത്താണി റോഡ് | 10 |
| 52 | അഴിനിലം - അരട്ടമോഴി റോഡ് | 20 |
| 53 | മസ്കുമാരി കുറുദപദവ് റോഡ് | 10 |
| 54 | മാനന്തവാടി - തൃശ്ശിലേരി സീനറി റോഡ് | 10 |
| 55 | മാത്ര പാലാഴി കുറ്റിക്കാട്ടൂർ റോഡ് | 25 |
| 56 | മാരാരിക്കുളം റെയിൽവേ സ്റ്റേഷൻ തുമ്പോളി റോഡ് | 20 |
| 57 | മാവൂർ എൻ.ഐ.ടി.കൊടുവള്ളി റോഡ് | 25 |
| 58 | മുക്രത്താൻ വളവ് - -വെള്ളരംകുന്ന് കുമിളി റോഡ് | 25 |
| 59 | മുത്തുസ്വാമിപുതൂർ - അഞ്ചാംമൈൽ | 15 |
| 60 | മുരിങ്ങൂർ -ഏഴാറ്റുമുഖം റോഡ് | 20 |

| | | |
|---|---|---|
| 61 | മുളവന -പേരയം എൻ.എസ്.എസ് കോളേജ് റോഡ് | 10 |
| 62 | മുഹമ്മ തണ്ണീർമുക്കം കായൽ തീര റോഡ് | 21 |
| 63 | മൂന്നാർ ഫ്ളൈഓവർ ബൈപ്പാസ് റോഡ് | 35 |
| 64 | മൂന്നാക്കൈ - കൈവേലി റോഡ് | 20 |
| 65 | മൂവാറ്റുപുഴ കൂത്താട്ടുകുളം റോഡ് | 25 |
| 66 | അടിവാരം - കേളൻമൂല റോഡ് | 20 |
| 67 | അടൂർ - തുമ്പമൺ - കോഴഞ്ചേരി റോഡ് | 20 |
| 68 | മണക്കാട് - ആറ്റുകാൽ ക്ഷേത്രം റോഡ് | 30 |
| 69 | മണക്കടവ് - ആലക്കോട് റോഡ് | 10 |
| 70 | മണാശ്ശേരി പുൽപറമ്പ് - ചുള്ളിക്കപറമ്പ് റോഡ് | 20 |
| 71 | ആശ്രാമം ലിങ്ക് റോഡ് ഓലയിൽ കടവിൽ നിന്ന് തേവള്ളി വരെ നീട്ടൽ | 150 |
| 72 | ആർ.ഇ.സി-കൂടത്തായ് റോഡ് | 25 |
| 73 | ആയൂർ - അഞ്ചൽ - പുനലൂർ റോഡ് | 35 |
| 74 | ആയൂർ-പോതിയാരുവിള റോഡ് | 10 |
| 75 | ആലത്തൂർ പറക്കുന്നം പാലവും അപ്രോച്ച് റോഡും | 15 |
| 76 | ആലപ്പുഴ - അമ്പലപ്പുഴ കണക്ടിവിറ്റി റോഡ് | 20 |
| 77 | ആലപ്പുഴ പുന്നമട കായൽ ടൂറിസം പി.ഡബ്ല്യു.ഡി റോഡ് നെറ്റ് വർക്ക് | 60 |
| 78 | ആലുവ - മൂന്നാർ റോഡ് | 10 |
| 79 | ആലക്കോട് -പാത്തൻപാറ കനകകുന്ന് റോഡ് | 15 |
| 80 | ആഴാംകൊണം - ആലംകോട് റോഡ് | 20 |
| 81 | ഇ.ടി.സി.- മടക്കാട്- റോഡ് | 20 |
| 82 | ഇരിങ്ങോൾ - വല്ലം റിംഗ് റോഡ് | 25 |
| 83 | ഇടക്കോലി കോട്ടയം മെഡിക്കൽ കോളേജ് റോഡ് | 20 |
| 84 | ഈരാറ്റുപേട്ട - പൂഞ്ഞാർ റോഡ് | 20 |
| 85 | എ.എസ് കനാൽ റോഡ്, ഈസ്റ്റ് ബാങ്ക് | 20 |
| 86 | എൻ.എച്ച് കരുവാറ്റ-മാന്നാർ റോഡ് | 30 |

| | | |
|---|---|---|
| 87 | എൽ ബി കനാലിന്റെ അക്യുഡേറ്റ് - പുഴപ്പാലം അപ്രോച്ച് റോഡ് | 25 |
| 88 | എരട്ടക്കുളം-വാണിയമ്പാറ റോഡ് | 20 |
| 89 | എറണാകുളം ഹാർബർ ബ്രിഡ്ജ്- ഗോത്രീ റോഡ് | 30 |
| 90 | ഏനാത്ത് -പത്തനാപുരം റോഡ് | 20 |
| 91 | ഏരൂർ ഇടമൺ റോഡ് | 17 |
| 92 | ഏഴംകുളം - കൈപ്പട്ടൂർ റോഡ് | 20 |
| 93 | വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം | 100 |
| 94 | വഞ്ചിക്കുളം - ചേറ്റുപുഴ റോഡ് | 100 |
| 95 | ഒറ്റപ്പാലം ബൈപ്പാസ് നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കൽ | 25 |
| 96 | വല്ലാർപാടം-പനമ്പുകാട് കായലോര റിങ്ങ്റൗണ്ട് റോഡ് | 20 |
| 97 | വയലാർ പാലം മുട്ടം - ബാസാർ ഏറ്റുപുരയ്ക്കൽ റോഡ് | 20 |
| 98 | വലിയപാലം നിർമ്മാണവും കുലൂർ ചിന്നല റോഡ് നവീകരണവും | 15 |
| 99 | വിലങ്ങുപാറ - പാറത്തോട് റോഡ് | 20 |
| 100 | വിളക്കുംപാറ- തടിക്കാട് റോഡ് | 19 |
| 101 | വിതുര - ബോണക്കാട് റോഡ് | 35 |
| 102 | വടക്കാഞ്ചേരി ബൈപാസ് | 20 |
| 103 | കങ്കളം -കാക്കനാട് റോഡ് | 37 |
| 104 | കട്ട് ആന്റ് കവർ -ഐ.എം.എ ജംഗ്ഷൻ മലമ്പുഴ കനാൽ സിവിൽ സ്റ്റേഷൻ റോഡ് നിർമ്മാണം | 22 |
| 105 | കണ്ണനല്ലൂർ ജംഗ്ഷൻ നവീകരണം | 21 |
| 106 | കണ്ണൂർ താണ ധനലക്ഷ്മി ആസ്പത്രി ആനയിടുക്ക് റോഡ് വരെ അർ പാസ് | 20 |
| 107 | കമ്പിളിചുങ്കം - പെരുവെമ്പ റോഡ് | 10 |
| 108 | കൽപ്പത്തൂർ വായനശാല - കാപ്പുമ്മൽ റോഡ് | 15 |
| 109 | കരമന മുതൽ നെടുങ്കാട് കാലടി വരെയുള്ള റോഡ് | 20 |

| | | |
|---|---|---|
| 110 | കരുവന്നൂർ - കാട്ടൂർ റോഡ് | 30 |
| 111 | കാപ്പിസെറ്റ് - പയ്യമ്പള്ളി റോഡ് | 30 |
| 112 | കായപ്പനച്ചി - ചുയിൽ പുതിയങ്ങാടി റോഡ് | 20 |
| 113 | കാരേറ്റ് - കല്ലമ്പലം റോഡ് | 20 |
| 114 | കിള്ളി - ഇ.എം.എസ് അക്കാഡമി റോഡ് | 16 |
| 115 | കിഴക്കമ്പലം - പെരിങ്ങല- പുത്തൻക്രൂഷ് റോഡ് | 18 |
| 116 | കിഴക്കംമ്പാലം - ചോറ്റാനിക്കര റോഡ് | 24 |
| 117 | ശിവഗിരി തെടുവെ പാലം - ശിവഗിരിപാലം അപ്രോച്ച് റോഡുകൾ | 30 |
| 118 | കുട്ടാത്ത് - അട്ടക്കുണ്ട് കടവ് റോഡ് | 15 |
| 119 | കുറ്റ്യാടി - ബൈപ്പാസ് നിർമ്മാണം | 20 |
| 120 | കുരിതിക്കുളം - ചേലച്ചുവട് റോഡ് | 95 |
| 121 | കൂക്കാട് -വാരിക്കുളം പാിപ്പറമ്പ് റോഡ് | 10 |
| 122 | കൂത്തുപറമ്പ് റിംഗ് റോഡ് | 25 |
| 123 | കടയ്ക്കൽ -ചെങ്ങമനാട് റോഡ് | 15 |
| 124 | കൊളവയൽ - കേണിച്ചിറ റോഡ് | 15 |
| 125 | കരേറ്റ - മാലൂർ റോഡ് | 20 |
| 126 | കണിയാരം - ആറാട്ടുതറ റോഡ് | 20 |
| 127 | സുൽത്താൻ ബത്തേരി - ചേരമ്പാടി റോഡ് | 20 |
| 128 | ചമ്പാട് - കോപ്പാലം തലശ്ശേരി റോഡ് | 15 |
| 129 | ചിത്രപ്പുഴ -മാമല റോഡ് തിരുവാങ്കുളം ബൈപ്പാസ് | 75 |
| 130 | ചിറ്റൂർപുഴപ്പാലം - വിത്താവളം റോഡ് | 15 |
| 131 | ചടയമംഗലം ജഡായുപ്പാറ ടൂറിസം- കുടുക്കത്തുപാറ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോഡ് | 30 |
| 132 | നെക്രംപാറ - എത്തടുക്ക റോഡ് | 15 |
| 133 | നെടുപുഴ - പടിഞ്ഞാറെകോട്ട റോഡ് | 10 |
| 134 | പെരുമ്പടന - ചാത്തനാട് പുഴയോര റോഡ് | 20 |
| 135 | പെരുവണ്ണാമൂഴി - മുതുകാട് റോഡ് | 15 |
| 136 | പെരുവം പറമ്പ - നെല്ലിക്കാംപൊയിൽ റോഡ് | 20 |

| | | |
|---|---|---|
| 137 | വെഞ്ഞാറമൂട് ബൈപാസ് | 25 |
| 138 | കൊട്ടാരക്കരയിൽ റിംഗ് റോഡിന്റെ നിർമ്മാണം | 30 |
| 139 | കൊമ്പങ്കേലി - വെട്ടി തുരുത്ത് റോഡ് നിർമ്മാണം | 20 |
| 140 | കൊയിലാണ്ടി - അഞ്ചാംപീടിക റോഡ് | 35 |
| 141 | കൊണ്ടോട്ടി - അറക്കോട് റോഡ് | 15 |
| 142 | പൈനാവ് - ഇടുക്കി ബൈപ്പാസ് | 19 |
212. ഭാഷാന്യൂനപക്ഷങ്ങളുടെ സംസ്കാരവും അവകാശങ്ങളും സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനുവേണ്ടി പ്രത്യേക ഭാഷാ സ്ഥാപനങ്ങൾക്ക് രൂപം നൽകുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മഞ്ചേശ്വരം ഗോവിന്ദ പൈ സ്മാരകത്തിന് 1 കോടി രൂപ വകയിരുത്തുന്നു. കൊങ്കിണി സാഹിത്യ അക്കാദമിക്കും തുളു സാഹിത്യ അക്കാദമിക്കും 10 ലക്ഷം രൂപ വീതം വകയിരുത്തുന്നു. യക്ഷഗാന അക്കാദമിക്ക് 20 ലക്ഷം രൂപ വകയിരുത്തുന്നു.

## സ്പോർട്സ്, യുവജനക്ഷേമം

213. സ്പോർട്സ് കൗൺസിലിന് 40 കോടി രൂപയും സ്പോർട്സ്-യുവജന ഡയറക്ടറേറ്റിന് 60 കോടി രൂപയും വകയിരുത്തുന്നു. ഓപ്പറേഷൻ ഒളിമ്പ്യ അടക്കം വിവിധങ്ങളായ സ്പോർട്സ് പ്രമോഷൻ പ്രോജക്ടുകൾക്കാണ് ഇതിൽ ഗണ്യമായ വിഹിതവും നീക്കി വച്ചിട്ടുള്ളത്. പി.ടി ഉഷ അക്കാദമിക്ക് 1 കോടി രൂപ അനുവദിക്കുന്നു.

214. കേരള സ്റ്റേറ്റ് യുവജനക്ഷേമ ബോർഡിന് 21 കോടി രൂപ വകയിരുത്തുന്നു.ഇതിൽ 6 കോടി രൂപ കേരളോത്സവത്തിനു വേണ്ടി ഉള്ളതാണ്. യുവജന കമ്മീഷന് 1 കോടി രൂപ വകയിരുത്തുന്നു.

215. 2016-17 ൽ കിഫ്ബി നിക്ഷേപം വഴി 14 ജില്ലകളിലും ഇൻഡോർ സ്റ്റേഡിയങ്ങളും 25 ചെറുകിടസ്റ്റേഡിയങ്ങളും അനുവദിച്ചിരുന്നു. ഇവയിൽ ഏതാനും സ്റ്റേഡിയങ്ങളുടെ പ്രോജക്ട് റിപ്പോർട്ടുകൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ഇവ പരിശോധനയിലാണ്. മിനിസ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയൂർ, ഫറോഖ് ഗണപതി സ്കൂളുകളെക്കൂടി ഉൾപ്പെടുത്തുന്നു. പയ്യന്നൂർ, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർസ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗരസഭാ സ്റ്റേഡിയങ്ങൾ എന്നിവയെയും ഉൾപ്പെടുത്തുന്നു. പന്തളത്ത് ചേരിക്കൽ പട്ടികജാതി കോളനിക്കുള്ളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായി അനുവദിക്കുന്നു. കഴിഞ്ഞവർഷത്തെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞതുപോലെ സംസ്ഥാനത്തെ മൊത്തം സ്പോർട്സ് സൗകര്യങ്ങൾ പരിഗണിച്ച് ഘട്ടംഘട്ടമായി നടപ്പാക്കാനുള്ള ഒരു രൂപരേഖ തയ്യാറാക്കിക്കൊണ്ടു മാത്രമേ പുതിയ പ്രോജക്ടുകളിൽ കിഫ്ബി നിക്ഷേപം നൽകൂ.

## VIII

# സ്ത്രീയും പരിസ്ഥിതിയും

### വനിതാക്ഷേമവും സുരക്ഷയും

216. 'കുരുവംശത്തിലെ പുരുഷൻമാർ മുഴുവൻ സ്ത്രീകളുടെ കണ്ണീരു കണ്ട് രസിച്ചവരാണ്. എനിക്കറിയാം' എന്ന് ഗാന്ധാരിയെക്കൊണ്ട് രണ്ടാമൂഴം എന്ന നോവലിൽ എം.ടി പറയിക്കുന്നുണ്ട്. എം.ടി.യുടെ രചനകളിലെ ക്രൂരരായ കാർന്നോൻമാരും ആങ്ങളമാരും അവരുടെ അനന്തരവൾമാരുടെയും പെങ്ങൻമാരുടെയും കണ്ണീര് കാണാത്ത വരോ കണ്ടു രസിച്ചവരോ ആണ്. സ്ത്രീ അടുക്കളയിൽനിന്ന് അരങ്ങത്ത് വന്നുവെങ്കിലും അരങ്ങിലും പീഡനത്തിന് കുറവില്ല. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ മലയാളി സമൂഹത്തിന് അപമാനമാണ്. ഈ ബജറ്റിന്റെ ഒരു പ്രത്യേകത സ്ത്രീകൾക്കെ തിരായ അതിക്രമങ്ങളുടെ പ്രതിരോധനത്തിനും പുനരധിവാസത്തി നും നൽകുന്ന ഊന്നലാണ്. പിങ്ക് കൺട്രോൾ റൂമുകൾ, സ്വയം പ്രതിരോധ പരിശീലനം തുടങ്ങിയവയ്ക്ക് 12 കോടി രൂപയും നാനാ തരം ബോധവൽക്കരണപ്രവർത്തനങ്ങൾക്ക് 34 കോടി രൂപയും ഷെൽട്ടർ ഹോംസ്, ഷോർട്ട് സ്റ്റേ ഹോംസ്, വൺസ്റ്റോപ്പ് ക്രൈസിസ് സെന്റർ എന്നിവയ്ക്ക് 19.5 കോടി രൂപയും രണ്ട് എസ്.ഒ.എസ് മോഡൽ ഹോമുകൾക്കു വേണ്ടി 3 കോടി രൂപയുമടക്കം 68 കോടി രൂപ അതിക്രമങ്ങളുമായി ബന്ധപ്പെട്ട സ്കീമുകൾക്കുണ്ട്. വനിതാ ബെറ്റാലിയൻ, താലൂക്കുതല വനിതാ പൊലീസ് സ്റ്റേഷനുകൾ, വനിതാ പോലീസ് ഓഫീസറുടെ പഞ്ചായത്തുതല സന്ദർശനം, ലൈംഗിക അക്രമികളുടെ പബ്ലിക് രജിസ്റ്റർ തുടങ്ങിയവ പുതിയ മുൻകൈകളാണ്. ഇരകൾക്ക് എത്രയും പെട്ടെന്ന് സംരക്ഷണ ത്തിനും പുനരധിവാസത്തിനും ആവശ്യമായ സഹായം നൽകുന്ന തിനുവേണ്ടി പ്രത്യേക ഫണ്ടിന് തുടക്കം കുറിക്കാൻ 5 കോടി രൂപ പുതിയതായി അനുവദിക്കുന്നു.

217. സർ, സ്ത്രീകൾക്കു വേണ്ടിയുള്ള പ്രത്യേക വകുപ്പ് 2017-18-ൽ നിലവിൽ വരും. ഇപ്പോൾ സാമൂഹികക്ഷേമ വകുപ്പിലുള്ള വനിതാസ്കീമുകൾ പുതിയ വകുപ്പിന് കീഴിലായിരിക്കും. ഇതിനായി ജില്ലാതലത്തിൽ 14 ഓഫീസർമാരുടെ പോസ്റ്റുകളും ഡയറക്ടറേറ്റ് തലത്തിൽ ലോ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സപ്പോർട്ടിംഗ് സ്റ്റാഫ് എന്നിവരുടെ തസ്തികകളും സൃഷ്ടിക്കുന്നതാണ്. മറ്റു ജില്ലാതലഉദ്യോഗസ്ഥരെ റീഡിപ്ലോയ്മെന്റ് വഴി കണ്ടെത്തും.

218. സർ, ജൻഡർ ബജറ്റ് പുനസ്ഥാപിക്കുകയാണ്. സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയ ജൻഡർ സ്റ്റേറ്റ്മെന്റ് ബജറ്റ് രേഖയോടൊപ്പം വിതരണം ചെയ്യുന്നുണ്ട്. ഈ പ്രസ്താവനയിൽ വനിതാവികസന വകയിരുത്തലുകളെ രണ്ടായി തിരിച്ചിരിക്കുന്നു. പാർട്ട് എ യിൽ 100 ശതമാനവും സ്ത്രീകൾ ഗുണഭോക്താക്കളായിട്ടുള്ള സ്കീമുകളാണ്. 64 സ്കീമുകളിലായി 1,060.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് പ്രാദേശികപദ്ധതികൾ ഒഴിവാക്കിക്കൊണ്ടുള്ള സംസ്ഥാന പദ്ധതിയടങ്കലിന്റെ 5.23 ശതമാനം വരും. പാർട്ട് ബി പ്രസ്താവനയിൽ പൊതുവികസന സ്കീമുകളിൽ സ്ത്രീകൾക്കായുള്ള പ്രത്യേകഘടകമോ ഗുണഭോക്തൃ എണ്ണമോ വേർതിരിച്ചെടുക്കാൻ കഴിയുന്ന സ്കീമുകളാണ്. ഈ ലിസ്റ്റ് അപൂർണ്ണമാണെന്ന് പറയേണ്ടതില്ലല്ലോ. ഭാവിയിൽ കൂടുതൽ സമഗ്രമായ രേഖ തയ്യാറാക്കാൻ ഇത് സഹായകമാകും. ഇവയിലെ 104 സ്കീമുകളുടെ അടങ്കൽ 13,400 കോടി രൂപയാണ്. ഇതിൽ 1,266 കോടി രൂപ സ്ത്രീകൾക്ക് വേണ്ടിയുള്ള വകയിരുത്തലാണ്. ഇത് പദ്ധതിയടങ്കലിന്റെ 6.25 ശതമാനം വരും. അഥവാ പദ്ധതിയുടെ 11.5 ശതമാനമെങ്കിലും വനിതാവികസനത്തിനുവേണ്ടി നീക്കിവയ്ക്കാൻ കഴിഞ്ഞു. അടുത്ത വർഷത്തെ ബജറ്റിൽ ജൻഡർ ബജറ്റ് സ്റ്റേറ്റ്മെന്റിനോടൊപ്പം ജൻഡർ ഓഡിറ്റ് റിപ്പോർട്ട്കൂടി സഭയുടെ മുമ്പാകെ സമർപ്പിക്കുന്നതാണ്. വനിതാസംഘടനകളും ആക്ടിവിസ്റ്റുകളും സ്ത്രീപക്ഷത്തുനിന്നു വികസനപ്രക്രിയയിൽ ഇടപെടുന്നതിന് ഈ രേഖ ഉപയോഗപ്പെടുത്തുമെന്ന് കരുതുന്നു.

219. ബജറ്റിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിലെ സ്ത്രീവികസന പ്രോജക്ടുകളിൽ ഏറ്റവും പ്രാമുഖ്യം നൈപുണിവികസനത്തിനും തൊഴിൽസൃഷ്ടിക്കും ഉപജീവനസുരക്ഷിതത്വത്തിനും വേണ്ടിയുള്ള സ്കീമുകൾക്കാണ്. ഇവയുടെ മൊത്തം അടങ്കൽ 506 കോടി രൂപ വരും. ഇതിനോട് ബന്ധപ്പെട്ടുള്ള ശിശുകേന്ദ്രങ്ങൾ, റെസ്റ്റ് റൂമുകൾ, ടോയ്ലറ്റുകൾ, വനിതാ ഹോസ്റ്റലുകൾ എന്നിവയ്ക്ക് 34 കോടി രൂപയുണ്ട്.

220. വനിതാവികസന കോർപ്പറേഷന് 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാവികസന കോർപ്പറേഷനും കുടുംബശ്രീയും തദ്ദേശഭരണസ്ഥാപനങ്ങളും യോജിച്ചുകൊണ്ട് പ്രധാന സെന്ററുകളിൽ ടോയ്ലറ്റ് അടക്കമുള്ള അമിനിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. ഈ കേന്ദ്രങ്ങളിൽ ശുദ്ധീകരണപ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നവർക്ക് ഫീസ് കളക്ഷനു പുറമേ അലവൻസുകൂടി നൽകുന്ന മോഡലായിരിക്കും സ്വീകരിക്കുക. ഇതിനായി കേരള ലോട്ടറിയുടെ പരസ്യച്ചെലവിൽനിന്ന് 10 കോടി രൂപ നീക്കിവയ്ക്കുന്നു. ജൻഡർ പാർക്കുകൾക്ക് 11 കോടി രൂപ വകയിരുത്തുന്നു.

**കുടുംബശ്രീ**

221. കുടുംബശ്രീ തകർച്ചയുടെ വക്കിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയാണ്. 161 കോടി രൂപയാണ് കുടുംബശ്രീക്ക് അധികമായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ 35 കോടി രൂപ പലിശ സബ്സിഡിക്കും മറ്റുമായുള്ള ചെലവാണ്. 40 കോടി രൂപ ആശ്രയ പദ്ധതിക്കും ബഡ്സ് സ്കൂളുകൾക്കും വേണ്ടിയാണ്. 15 കോടി രൂപ മൈക്രോ എന്റർപ്രൈസസിനാണ്. പ്രൊഡ്യൂസർ കമ്പനികൾക്കും മാർക്കറ്റിംഗിനുമാണ് 9 കോടി രൂപ. സൂക്ഷ്മ തൊഴിൽസംരംഭങ്ങളുടെ ഇതുവരെയുള്ള അനുഭവങ്ങളെവച്ച് വിശദമായൊരു അവലോകനം നടത്തുകയും ഇവയുടെ പുന:സംഘാടനത്തിനു പ്രത്യേക പരിപാടി തയ്യാറാക്കുകയും വേണം. സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ വിജയത്തിൽ മാർക്കറ്റിംഗ് കേന്ദ്രസംഘടനയുടെ പ്രാധാന്യം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിനു നല്ല മാതൃകയാണ്

പേരാമ്പ്രയിലെ സുഭിക്ഷ. സുഭിക്ഷയ്ക്ക് 1 കോടി രൂപ അനുവദിക്കുന്നു. ഇതടക്കം മാതൃകാപരമായി വികസിപ്പിക്കുന്നതിന് സാധ്യതയുള്ള മാർക്കറ്റിംഗ് സംവിധാനങ്ങൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിന് 10 കോടി രൂപ അധികമായി കുടുംബശ്രീക്ക് അനുവദിക്കുന്നു.

222. ട്രാൻസ് ജൻഡേഴ്സിന് പെൻഷൻ, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ആരോഗ്യസഹായം എന്നിവ നൽകുന്നതിനും ഇവരുടെ സംഘടനകൾക്കും മേളകൾക്കും ധനസഹായം നൽകുന്നതിനും 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

### പരിസ്ഥിതി സൗഹൃദം

223. 'നാലുകെട്ടി'ലെ മഴയുടെ വിവരണം 'വൈശാലി'യിൽ വരൾച്ചയായി മാറുന്നു. 'നനഞ്ഞു നിൽക്കുന്ന പാടത്തിന്റെ മുഖം തുടച്ചെത്തുന്ന നനുത്ത കാറ്റിലെ വെള്ളത്തുള്ളികൾ' ഇന്ന് 'ചുട്ടുപഴുത്ത ആകാശത്തിനു താഴെ ഇലകൊഴിഞ്ഞ് ഉണങ്ങി നിൽക്കുന്ന മരങ്ങളെ വിറപ്പിച്ചുകൊണ്ടുള്ള മണൽക്കാറ്റ്' ആയി മാറുന്നു. 115 വർഷത്തിനിടയിൽ ഏറ്റവും രൂക്ഷമായ വരൾച്ചയാണ് നാം നേരിടുന്നത്. ജലോപയോഗശൈലിയിൽ മാറ്റമുണ്ടാകണം. മലിനീകരണം ഒഴിവാക്കണം. മണ്ണ്-ജല സംരക്ഷണം നീർത്തടാടിസ്ഥാനത്തിൽ ഏറ്റെടുക്കണം. ഈ ലക്ഷ്യങ്ങൾകൂടി വച്ചുകൊണ്ടുള്ള ഹരിതകേരളം പരിസ്ഥിതിസംരക്ഷണമേഖലയിലെ ഏറ്റവും സുപ്രധാനമായ ഇടപെടലാണ്.

224. വരൾച്ചക്കെതിരായ പ്രതിരോധപ്രവർത്തനങ്ങൾ നേരത്തെ തുടങ്ങി. വെള്ളം ലഭ്യമാക്കുന്നതിനുള്ള ചുമതല വാട്ടർ അതോറിറ്റിക്കാണ്. വിതരണത്തിന്റെ ചുമതല തദ്ദേശഭരണസ്ഥാപനങ്ങൾക്കും. സംസ്ഥാന ദുരന്തനിവാരണനിധിയിൽ അടുത്തവർഷത്തെ 203 കോടി രൂപയും മുൻനീക്കുബാക്കിയുമടക്കം 300 കോടി രൂപയെങ്കിലും ഉണ്ടാകും. ഇതു പൂർണ്ണമായും കേന്ദ്രമാനദണ്ഡമനുസരിച്ച് ചെലവഴിച്ചശേഷമേ അധികതുകയ്ക്ക് കേന്ദ്രത്തെ സമീപിക്കാൻ

കഴിയൂ. എന്നാൽ കേന്ദ്രമാനദണ്ഡത്തേക്കാൾ ഉയർന്ന ദുരിതാശ്വാസമാണ് കൃഷിക്കാർക്ക് കേരളത്തിൽ നൽകുന്നത്. ഇതിനായി 2016-17-ൽ 45 കോടി രൂപ നൽകിയിട്ടുണ്ട്. 2017-18 ൽ 203 കോടി രൂപ വകയിരുത്തുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർമാനേജ്മെന്റിനും ദുരന്തനിവാരണപ്രവർത്തനങ്ങൾക്കുമായി 6.5 കോടി രൂപ വകയിരുത്തുന്നു.

225. ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പിന് 109 കോടി രൂപ വകയിരുത്തുന്നു. ഇതിൽ 63 കോടി രൂപ കൗൺസിലിന്റെ കീഴിൽ വരുന്ന സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായമാണ്. ശാസ്ത്രം, സാങ്കേതികവിദ്യ, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ടുള്ള പരിപാടികൾക്കായി 31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ശാസ്ത്രജ്ഞർക്കുള്ള പ്രോത്സാഹനം, ശാസ്ത്രപ്രചാരണം, പരിസ്ഥിതിസംരക്ഷണം എന്നിവ ഉൾപ്പെടുന്നു. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞവുമായി ബന്ധപ്പെടുത്തികൊണ്ട് ജൈവവൈവിധ്യക്ലബ്ബുകൾ വ്യാപകമാക്കും. ജൈവവൈവിധ്യരജിസ്റ്റർ പൂർത്തിയാക്കും. മലിനീകരണനിയന്ത്രണ ബോർഡിന് 11.11 കോടി രൂപ വകയിരുത്തുന്നു. എം.എസ് സ്വാമിനാഥൻ ഫൗണ്ടേഷന് 50 ലക്ഷം രൂപ അനുവദിക്കുന്നു. വടക്കാഞ്ചേരി മുനിസിപ്പാലിറ്റി തയ്യാറാക്കിയ സമ്പൂർണ്ണ ജലസുരക്ഷാ പദ്ധതിക്ക് 1 കോടി രൂപ പ്രത്യേകമായി അനുവദിക്കുന്നു.

**വനം**

226. സ്വാഭാവികവനങ്ങളുടെ സംരക്ഷണത്തിന് 55 കോടി രൂപ വകയിരുത്തുന്നു. ഈ തുക വനാതിർത്തികൾ കൃത്യമായി സർവ്വേ ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയാണ് മുഖ്യമായും ചെലവഴിക്കുന്നത്. ഉയർന്ന വൃഷ്ടിപ്രദേശങ്ങളിൽ തണ്ണീർത്തടങ്ങളും വനജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകും. ഇത് നദീജല സംരക്ഷണത്തിനായുള്ള ഒരു പുത്തൻ സമീപനത്തിന്റെ ഭാഗമാണ്. കാട്ടിനുള്ളിലെ നീർത്തട ജല സംരക്ഷണ പരിപാടി. ജൈവവൈവിധ്യസംരക്ഷണത്തിനും സംരക്ഷിതപാർക്കു കളുടെ മാനേജ്മെന്റിനും നാഷണൽ മിഷൻ

ഫോർ ഗ്രീൻ ഇന്ത്യയുടെ സംസ്ഥാനവിഹിതവുമായി 72 കോടി രൂപ വകയിരുത്തുന്നു.

227. ഫോറസ്റ്റ് പ്ലാന്റേഷനുകളുടെയും പശ്ചാത്തലസൗകര്യങ്ങളുടെയും വികസനത്തിന് 25 കോടി രൂപ വകയിരുത്തുന്നു. ഇക്കോടൂറിസത്തിന് 9 കോടി രൂപ വകയിരുത്തുന്നു. സാമൂഹിക വനവൽക്കരണത്തിന് 14 കോടി രൂപ വകയിരുത്തുന്നു. പുതൂർ സുവോളജിക്കൽ പാർക്കിന് 15 കോടി രൂപ വകയിരുത്തുന്നു.

228. കേരളത്തിലെ മനുഷ്യ വന്യമൃഗ സംഘർഷം വർദ്ധിച്ചുവരികയാണ്. വനശോഷണമാണ് ഇതിന്റെ കാരണം. കൃഷിയെയും ജനവാസ കേന്ദ്രങ്ങളെയും വന്യമൃഗങ്ങളിൽനിന്നു സംരക്ഷിക്കാനും സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും 13 കോടി രൂപ വകയിരുത്തുന്നു. കഴിഞ്ഞ ബജറ്റിൽ പറഞ്ഞതു പോലെ 100 കോടി രൂപ സംരക്ഷണവേലി തീർക്കുന്നതിന് കിഫ്ബി നിക്ഷേപം അനുവദിച്ചിട്ടുണ്ട്.

229. കേരളത്തിൽ ആനപരിപാലനം സംബന്ധിച്ച് അന്തർദേശീയമായി തന്നെ വിമർശനങ്ങൾ ഉയർന്നു തുടങ്ങിയിട്ടുണ്ട്. ഈ ആശങ്കകൾ പരിഗണിച്ചുകൊണ്ട് മൃഗക്ഷേമം സംബന്ധിച്ച അന്തർദേശീയമാന ദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് കോട്ടൂരിൽ ഒരു ആന പുനരധിവാസകേന്ദ്രം സ്ഥാപിക്കും. ഇതിനുള്ള 105 കോടി രൂപ കിഫ്ബിയിൽനിന്നു കണ്ടെത്തും.

230. കാർബൺ ന്യൂട്രൽ വയനാട് എന്നൊരു പ്രധാനപ്പെട്ട സങ്കൽപ്പം കഴിഞ്ഞ ബജറ്റിൽ മുന്നോട്ട് വച്ചിരുന്നു. ഇതിന്റെ തയ്യാറെടുപ്പുകൾ തുടരുകയാണ്. ക്ലൈമറ്റ് ഫണ്ടിൽനിന്ന്അടക്കം പണം ലഭിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നുണ്ട്. വനത്തണലിലെ കാപ്പി എന്ന വിശേഷണത്തോടെ വയനാട് കാപ്പി ബ്രാൻഡ് ചെയ്യാൻ കഴിഞ്ഞാൽ വയനാട്ടിലെ ഇന്നത്തെ കാർഷികപ്രതിസന്ധിക്ക് പരിഹാരമാകും. ഇതിനായി വിശദമായ പ്രോജക്ട് 2017-18 ൽ തയ്യാറാക്കും. പക്ഷേ ആദ്യം വയനാട് കാർബൺ ന്യൂട്രലാക്കണം. ഇതിനുള്ള പൈലറ്റ് പരീക്ഷണമാണ് മീനങ്ങാടി പഞ്ചായത്തിൽ

നടക്കുന്നത്. മരവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഒരു പ്രത്യേക സ്കീം ആവിഷ്കരിച്ചിട്ടുണ്ട്. സ്വകാര്യഭൂമിയിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്നവർക്ക് അഞ്ച് വർഷം കൂടുമ്പോൾ മരം ഒന്നിന് 500 രൂപ വച്ച് സഹായം അനുവദിക്കും. 30-40 വർഷം കഴിഞ്ഞ് മരം മുറിക്കുമ്പോൾ നൽകിയ പണം പലിശസഹിതം തിരിച്ചു നൽകിയാൽ മതിയാകും. ഇതിലേക്ക് 10 കോടി രൂപ സ്ഥിരം നിക്ഷേപമായി മീനങ്ങാടിയിലെ കാർഷിക സഹകരണസംഘത്തിൽ നിക്ഷേപിക്കുന്നതാണ്. ഇത്തരത്തിലുള്ള സ്കീമിനെ ദീർഘകാല കാർഷികവായ്പയായി പരിഗണിക്കണമെന്ന് നബാർഡിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കാർബൺ ന്യൂട്രൽ വയനാടിന്റെ പിന്തുണാപ്രവർത്തനങ്ങൾക്കുവേണ്ടി തണലിന് 40 ലക്ഷം രൂപ അനുവദിക്കുന്നു.

# IX

## സാമ്പത്തിക - പൊതുസേവന മേഖലകൾ

### നോർക്കയും പ്രവാസികളും

231. നോർക്കയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 61 കോടി രൂപ വകയിരുത്തുന്നു. ഗൾഫിൽനിന്നു തിരിച്ചുവരാൻ നിർബന്ധിതരായവർക്ക് മരണം, വിവാഹം, അപകടസഹായം, ആരോഗ്യസഹായം തുടങ്ങിയ സാന്ത്വനപരിപാടിക്ക് 13 കോടി രൂപയും ക്ഷേമനിധിക്ക് 6 കോടി രൂപയും വകയിരുത്തുന്നു. വിദേശരാജ്യങ്ങളിലുള്ള പ്രവാസികൾ 300 രൂപ വീതവും രാജ്യത്തെ മറ്റുപ്രദേശങ്ങളിലെ പ്രവാസികൾ 100 രൂപ വീതവും പ്രവാസി ക്ഷേമനിധിയിലേക്ക് വിഹിതമായി അടയ്ക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ പ്രവാസി ക്ഷേമപെൻഷൻ 500 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിക്കുന്നു. ഗൾഫിൽനിന്നു തിരിച്ചു വരുന്നവരുടെ പുനരധിവാസത്തിനും അതിനായുള്ള നൈപുണിവികസനത്തിനും 18 കോടി രൂപ വകയിരുത്തുന്നു.

232. പ്രവാസികളുടെ എണ്ണത്തെയും മറ്റും കുറിച്ച് ഇന്ന് സാമ്പിൾ സർവ്വേകളെ അടിസ്ഥാനമാക്കിയുള്ള തുടർവിവരങ്ങളേയുള്ളൂ. ഈ കുറവു പരിഹരിക്കാൻ ഓൺലൈൻ രജിസ്ട്രേഷനിലൂടെ ഒരു ഡാറ്റാ ബെയ്സ് സൃഷ്ടിക്കുന്നതാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ആകർഷകമായ ഇൻഷ്വറൻസ് പാക്കേജിന് രൂപം നൽകാൻ 5 കോടി രൂപ വകയിരുത്തുന്നു. എല്ലാ വിദേശമലയാളികളും ചെലവുരഹിതമായ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുമെന്ന് പ്രതീക്ഷിക്കട്ടെ.

233. നോർക്കയുടെ ആഭിമുഖ്യത്തിൽ ഇപ്പോൾത്തന്നെ നിലവിലുള്ള ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിനും മാർക്കറ്റ് ഇന്റലിജൻസിനും റിക്രൂട്ട്മെന്റിന് മുമ്പും പിമ്പുമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി 5.8 കോടി രൂപ വകയിരുത്തുന്നു.

234. വിദേശമലയാളികൾ മലയാളീസമൂഹത്തിന്റെ അവിഭാജ്യഭാഗമാണ്. എന്നാൽ അവർക്കിന്ന് കേരളത്തിനുള്ളിൽ പ്രാതിനിധ്യമില്ല. ഇതിനു പരിഹാരമായി ലോക കേരള സഭ എന്നൊരു വേദിക്ക് 2017-18-ൽ രൂപം നൽകും. ജനസംഖ്യാനുപാതത്തിൽ ലോകത്തിന്റെ വിവിധ രാജ്യങ്ങളെ പ്രതിനിധീകരിക്കുന്ന നോമിനേറ്റഡ് അംഗങ്ങളും കേരള നിയമസഭാംഗങ്ങളും ചേരുന്നതാകും ലോക കേരള സഭ. വർഷത്തിലൊരിക്കൽ നടക്കുന്ന ഈ സമ്മേളനം വിദേശമലയാളികളുടെ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും സർക്കാരിന്റെ മുന്നിൽ ഉപദേശനിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യും. ഇതിനോടൊപ്പം ഗ്ലോബൽ കേരള കൾച്ചറൽ സമ്മേളനങ്ങളും നടത്തുന്നതാണ്. രണ്ടിനുമായി 6.5 കോടി രൂപ വകയിരുത്തുന്നു.

**ട്രഷറി**

235. 2017-18-ൽ കേരളത്തിലെ ട്രഷറിനവീകരണം പൂർണ്ണതയിൽ എത്തിച്ചേരും. ഒന്ന്, ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം സമ്പൂർണ്ണമായും പ്രാവർത്തികമാകും. രണ്ട്, ട്രഷറി സേവിംഗ്സ് ബാങ്കിൽ കോർബാങ്കിംഗ് പൂർത്തിയാകും. ട്രഷറിയിൽ സർക്കാർ സേവനങ്ങളുടെ ബിൽ അടയ്ക്കുന്നതിനും പെൻഷൻ,

ശമ്പള ഇടപാടുകൾ നടത്തുന്നതിനും നേരിട്ട് ഏതെങ്കിലും ട്രഷറി യിൽ ഹാജരാകണമെന്നില്ല. ഇടപാടുകാർക്ക് മൊബൈൽ വഴി സേവനങ്ങൾ ഉപയോഗപ്പെടുത്താം. ശമ്പളവും പെൻഷനും ട്രഷറി അക്കൗണ്ട് വഴി വാങ്ങുന്നതിന് അവകാശം ഉണ്ടാകും. ഈ രീതി സ്വീകരിക്കുന്നവർക്ക് ട്രഷറിയിലെ ക്യാഷ് ബാലൻസിന് മെച്ചപ്പെട്ട പലിശയും നൽകും. മുൻകൂറായി നിർദ്ദേശം തരികയാണെങ്കിൽ അവരുടെ മറ്റു ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം ഓട്ടോ മാറ്റിക്കായി കൈമാറിക്കൊടുക്കും. ഇവർക്ക് തങ്ങളുടെ അക്കൗ ണ്ടിലെ വിശദാംശങ്ങൾ അറിയുന്നതിന് പബ്ലിക് പോർട്ടൽ സംവി ധാനം ഏർപ്പെടുത്തും. ഇന്ത്യയിൽ ഏറ്റവും മികച്ച ട്രഷറി സംവിധാനം കേരളത്തിലേതാകും. ട്രഷറിനവീകരണത്തിന് 21 കോടി രൂപ വകയിരുത്തുന്നു.

236. ട്രഷറിയിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾക്ക് അനുസൃത മായി ഉപഭോക്തൃസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വെള്ളയമ്പലം ട്രഷറിയെപ്പോലെ പലയിടത്തും ജീവനക്കാർ മുൻകൈ എടുക്കുന്നുണ്ട് എന്നത് അഭിമാനകരമാണ്. ഈ സമീപനം സാർവ്വത്രികമാക്കാൻ 2010 ലെന്നപോലെ, ട്രഷറി സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കും. കഴിഞ്ഞ ബജറ്റിൽ പറഞ്ഞ പോലെ ട്രഷറി ഭൗതികസൗകര്യ നവീകരണത്തിനുള്ള ഏജൻസി യായി ഇൻകലിനെ തീരുമാനിച്ചു പ്രവർത്തനം ആരംഭിച്ചു. കിഫ്ബി യിൽ നിന്നാണ് ഇതിനുള്ള നിക്ഷേപം.

### റവന്യൂ

237. സംസ്ഥാനത്ത് ഒറ്റ റവന്യൂ ഡിവിഷൻ മാത്രമുള്ള ജില്ലകളായ തിരു വനന്തപുരം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ ഓരോ റവന്യൂ ഡിവിഷൻകൂടി രൂപീകരിക്കാൻ നടപടി സ്വീകരിക്കും. കുന്നംകുളം, പയ്യന്നൂർ എന്നിവിടങ്ങളിൽ പുതിയ താലൂക്ക് രൂപീകരിക്കും.

238. 60 വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റാൻ 15 കോടി രൂപ വകയിരുത്തുന്നു. ഓൺലൈനായി ഭൂമികൈമാറ്റനട പടികൾ സാധ്യമാക്കാൻ രജിസ്ട്രേഷൻ, സർവ്വേ ആന്റ് ലാൻഡ്

റെക്കോർഡ്സ് വകുപ്പുകളിലെ റെക്കോർഡുകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും പ്രവൃത്തികൾ സംയോജിപ്പിക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് ഇൻഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ ആൻഡ് സർവ്വീസ് ഡെലവറി സിസ്റ്റം. ഇതിനായി 25 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമേ ഡിപ്പാർട്ട്മെന്റ് കമ്പ്യൂട്ടറൈസേഷൻ ശക്തിപ്പെടുത്തുന്നതിന് 16 കോടി രൂപയും അനുവദിക്കുന്നു. വില്ലേജ് ഓഫീസുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 15 കോടി രൂപയും സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് 8 കോടി രൂപയും വകയിരുത്തുന്നു.

**രജിസ്ട്രേഷൻ**

**239.** രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികീരണത്തിനാണ് ഈ വർഷം പ്രാമുഖ്യം നൽകുന്നത്. ആധാരങ്ങളുടെ പകർപ്പുകൾ ഡിജിറൈസ് ചെയ്യുന്നതിനും ഡിജിറ്റൽ പകർപ്പുകൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കും. ഏത് സബ്രജിസ്ട്രാർ ആഫീസിലും ഏത് വസ്തുവിന്റെയും പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കും. ഗഹാനുകൾക്ക് ഇ-ഫയലിംഗ് സമ്പ്രദായം, ചിട്ടി രജിസ്ട്രേഷന്റെ കമ്പ്യൂട്ടർവൽക്കരണം എന്നിവയും ഏർപ്പെടുത്തും. രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള 100 വർഷത്തിലധികം പഴക്കമുള്ള 53 കെട്ടിടങ്ങൾ പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കും. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് ആധുനീകരണത്തിന് 10 കോടി രൂപ വകയിരുത്തുന്നു.

**ഇ-സ്റ്റാമ്പിംഗ്**

**240.** സംസ്ഥാനത്ത് സബ്രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് തുക ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സംവിധാനം അടുത്ത കാലത്തായി ഏർപ്പെടുത്തുകയുണ്ടായി. ഈ സൗകര്യം കേരളീയസമൂഹം സസന്തോഷം സ്വീകരിച്ചിട്ടുണ്ട്.

**241.** ഇതിൽനിന്ന് ഒരുപടികൂടി മുന്നോട്ടുപോയി രജിസ്ട്രേഷനുകൾക്കാവശ്യമായ മുദ്രക്കടലാസുകൾ ഇ-സ്റ്റാമ്പിംഗ് സംവിധാനം

മുഖേന നൽകാനായി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർ മാറ്റിക്സ് സെന്ററുമായി (എൻ.ഐ.സി) സഹകരിച്ച് പദ്ധതി നടപ്പാക്കുന്നതാണ്. വസ്തുകൈമാറ്റങ്ങൾക്കുള്ള ആധാരങ്ങൾ തയ്യാറാക്കുന്നതിന് ട്രഷറിയിൽനിന്നു മുദ്രപ്പത്രം വാങ്ങി ഉപയോഗിക്കുന്നതിനു പകരം ആവശ്യമായ മുദ്രപ്പത്രത്തിന്റെ തുക ട്രഷറിയിലോ ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനത്തിലൂടെയോ ഒടുക്കി സബ്രജിസ്ട്രാർ ഓഫീസിൽ ഇ-സ്റ്റാമ്പിംഗ് മുഖേന പ്രിന്റ് ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നതരത്തിലാണ് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തുന്നത്. ഇതിനായി 1959 ലെ കേരള മുദ്രപ്പത്ര നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

**ആഭ്യന്തരം**

**242.** പോലീസ് സേനയുടെ നവീകരണത്തിനുവേണ്ടി കേന്ദ്രവിഹിതമടക്കം 50 കോടി രൂപ നാഷണൽ സ്കീമിലുണ്ട്. ഒരു പുതിയ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ ആരംഭിക്കുന്നതാണ്. പോലീസ് ഡിപ്പാർട്ട്മെന്റിന്റെ സാങ്കേതികനവീകരണത്തിന് 12 കോടി രൂപ വകയിരുത്തുന്നു. വിമൻ ബെറ്റാലിയൻ ഉണ്ടാക്കുന്നതിന്റെ ഭാഗമായി 430 പോസ്റ്റുകൾ ആദ്യഗഡു എന്നരീതിയിൽ അനുവദിച്ചിട്ടുണ്ട്. ബെറ്റാലിയനുകളിൽ കമാൻഡോ പ്ലറ്റൂണുകൾ ഉണ്ടാക്കുന്നതിനുവേണ്ടി 210 പോസ്റ്റുകൾ അനുവദിക്കുന്നു. ഇതിനുപുറമേ 400 ഡ്രൈവർമാരുടെ പോസ്റ്റുകളും സൃഷ്ടിച്ചിട്ടുണ്ട്. നടപ്പുവർഷം 100 സ്കൂളുകളിൽക്കൂടി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് ആരംഭിക്കുന്നതിന് 9 കോടി രൂപ വകയിരുത്തുന്നു. ജൻഡർ അവബോധം ഉയർത്തുന്നതിനും സ്ത്രീസൗഹൃദ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും 6 കോടി രൂപ വകയിരുത്തുന്നു. വിജിലൻസ് ഡിപ്പാർട്ട്മെന്റിന് 7.5 കോടി രൂപ വകയിരുത്തുന്നു. മട്ടന്നൂർ എയർപോർട്ട്, പന്തീരാംകാവ്, മേൽപ്പറമ്പ്, കണ്ണനല്ലൂർ, ഉടുമ്പ

ഞ്ചോല, എലവുംതിട്ട എന്നീ ആറ് പുതിയ പൊലീസ് സ്റ്റേഷനുകൾ ആരംഭിക്കും.

**ജയിൽ**

243. ജയിൽ നവീകരണത്തിന് 13 കോടി രൂപ വകയിരുത്തുന്നു. അടഞ്ഞ ജയിലുകളിലെ അടിസ്ഥാനവേതനം 110 രൂപയും തുറന്ന ജയിലുകളിലേത് 148 രൂപയുമാണ്. ഇത് 20 ശതമാനം വീതം ഉയർത്തി 130 രൂപയായും 175 രൂപയായും നിശ്ചയിക്കുന്നു. ഇതിലേക്കുള്ള അധിക ച്ചെലവിനായി 3 കോടി രൂപ വകയിരുത്തുന്നു.

**ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസ്**

244. ഏലൂർ, പട്ടാമ്പി, ഉള്ളൂർ, താനൂർ എന്നിവയടക്കം അഞ്ച് പുതിയ ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതാണ്. ആലപ്പുഴയിൽ ഫയർഫോഴ്സ് കോംപ്ലക്സ് നിർമ്മിക്കും.

**പ്ലാനിംഗ്ബോർഡ്**

245. ജില്ലാ പ്ലാനിംഗ് ഓഫീസുകൾ ശക്തിപ്പെടുത്തുന്നതിന് 10 കോടി രൂപയും സർവ്വേകളും പഠനങ്ങളും നടത്താൻ 6.5 കോടി രൂപയും വകയിരുത്തുന്നു. പ്ലാനിംഗ് ബോർഡിന്റെ മൊത്തം അടങ്കൽ 23 കോടി രൂപയാണ്.

**ദേവസ്വംബോർഡ്**

246. ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിന് 25 കോടി രൂപ അനുവദിക്കുന്നു. ശബരിമലയ്ക്കുള്ള വലിയ നിർമ്മാണപ്രവൃത്തികൾക്ക് പ്രത്യേക പാക്കേജായി കിഫ്ബി നിക്ഷേപം ലഭ്യമാക്കും. ആറ്റുകാൽ മാസ്റ്റർപ്ലാൻ പ്രകാരമുള്ള റോഡ് നിർമ്മാണങ്ങൾ കിഫ്ബി നിക്ഷേപത്തിന് സമർപ്പിക്കാവുന്നതാണ്. ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണത്തിന് 10 കോടി രൂപ നീക്കിവയ്ക്കുന്നു.

### ഹൗസിംഗ്ബോർഡ്

247. ഹൗസിംഗ് ബോർഡിന്റെ കീഴിൽ ആശ്വാസ് റെന്റൽ ഹൗസിംഗ് സ്കീം എന്നൊരു പുതിയ പദ്ധതി ആരംഭിക്കുന്നു. മെഡിക്കൽ കോളേജിന് സമീപത്തും മറ്റും ഫ്ളാറ്റുകൾ നിർമ്മിച്ച് ന്യായമായ വിലയ്ക്ക് രോഗികൾക്ക് വാടകയ്ക്ക് കൊടുക്കുകയാണ് പദ്ധതി. ഇതിനുള്ള 15 കോടിയടക്കം ഹൗസിംഗ് ബോർഡിന് 48 കോടി രൂപ വകയിരുത്തുന്നു.

248. കേരള നിർമ്മിതി കേന്ദ്രത്തിനും കേരള സ്റ്റേറ്റ് ഹൗസിംഗ് ഫെഡറേഷനും പൊതുമരാമത്ത് ക്വാർട്ടേഴ്സിനും മറ്റുമായി 22.6 കോടി രൂപ വകയിരുത്തുന്നു.

### എക്സൈസ്

249. മദ്യത്തിനും മയക്കുമരുന്നിനും എതിരായ ബോധവൽക്കരണം 'വിമുക്തി' യിലൂടെ ഒരു ജനകീയപ്രസ്ഥാനമായി മാറുകയാണ്. എക്സൈസ് വകുപ്പിന്റെ നവീകരണത്തിന് 7 കോടി രൂപ വകയിരുത്തുന്നു. പുതിയ എക്സൈസ് ടവറുകൾ സ്ഥാപിക്കുന്നതിന് 10 കോടി രൂപ വകയിരുത്തുന്നു. പുതിയ 12 താലൂക്കുകളിൽ 6 എണ്ണത്തിൽ നടപ്പുവർഷം പുതിയ എക്സൈസ് സർക്കിൾ ആഫീസുകൾ ആരംഭിക്കുന്നതാണ്. മൂന്ന് കേന്ദ്രങ്ങളിൽ പുതിയ എക്സൈസ് ടവറുകൾ സ്ഥാപിക്കുന്നതാണ്.

### ലീഗൽ മെട്രോളജി

250. ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റിന് 10 കോടി രൂപ വകയിരുത്തുന്നു.

### സർക്കാർ പ്രസ്

251. ഗവൺമെന്റ് പ്രസുകളുടെ ആധുനികീകരണത്തിനും പുതിയ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുമായി 9 കോടി രൂപ വകയിരുത്തുന്നു.

### നീതിന്യായം

252. ജുഡീഷ്യൽ സംവിധാനത്തിന്റെ സാങ്കേതികനവീകരണത്തിന് 5.5 കോടി രൂപ വകയിരുത്തുന്നു. കോടതിക്കെട്ടിടങ്ങളുടെയും ക്വാർട്ടേഴ്സിന്റെയും ചെലവിലേക്ക് കേന്ദ്രവിഹിതമടക്കം 60 കോടി രൂപയുണ്ട്. തലശ്ശേരി കോടതി കോംപ്ലക്സിന് കിഫ്ബിയിൽനിന്ന് 25 കോടി രൂപ നിക്ഷേപിക്കുന്നു.

### പബ്ലിക് ഓഫീസുകൾ

253. തിരുവനന്തപുരത്തെ വിവിധ സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിന് 49 കോടി രൂപ വകയിരുത്തുന്നു. പുതിയ എം.എൽ.എ ഫ്ളാറ്റുകളുടെ നിർമ്മാണം 2017-18 ൽ ആരംഭിക്കും.

## X

## നികുതി

### ചരക്ക് സേവന നികുതി (ജി.എസ്.ടി)

254. സർ, ജൂലൈ മാസം മുതൽ ചരക്ക് സേവന നികുതി അഥവാ ജി.എസ്.ടി നിലവിൽ വരുമെന്നാണ് പ്രതീക്ഷ. ഇതോടെ വിവിധ സംസ്ഥാനങ്ങളിൽ നിലനിന്നിരുന്ന വാറ്റ് നികുതിയും കേന്ദ്ര സർക്കാരിന്റെ എക്സൈസ്, സേവന നികുതികളും ഒട്ടെല്ലാ പരോക്ഷനികുതികളും സംയോജിപ്പിച്ച് അഖിലേന്ത്യാടിസ്ഥാനത്തിൽ ഒരൊറ്റ ഏകീകൃതനികുതി നിയമമാവുകയാണ്. അതോടെ ഏതു ചരക്കിനും സേവനത്തിനും ഓരോ ഘട്ടത്തിലുമുണ്ടാകുന്ന മൂല്യവർദ്ധനയ്ക്കനുസരണമായി മാത്രം നികുതി നൽകിയാൽ മതിയാകും. നിലവിലുള്ള വാറ്റ് സമ്പ്രദായത്തിൽ അന്തർസംസ്ഥാന വ്യാപാരത്തിന്റെ ഭാഗമായി മറ്റുസംസ്ഥാനങ്ങളിൽനിന്നു കൊണ്ടുവരുന്ന ചരക്കുകളുടെമേൽ അവിടെ നൽകിയ നികുതിക്ക് കിഴിവ് നമ്മുടെ സംസ്ഥാനത്ത് ലഭിക്കില്ല. ഇതുപോലെതന്നെ കേന്ദ്ര സർക്കാർ പിരിക്കുന്ന നികുതിക്കും കിഴിവ് വാറ്റ് നികുതിയിൽ

ലഭിക്കില്ല. തന്മൂലംപഴയ വിൽപ്പനനികുതി സമ്പ്രദായത്തിലെ നികുതിക്കുമേൽ നികുതിയെന്ന അവസ്ഥ ഇപ്പോഴും തുടരുന്നുവെന്ന് പറയാം. എന്നാൽ ജി.എസ്.ടി വരുന്നതോടെ ഉൽപ്പാദനം മുതൽ ഉപഭോഗം വരെ തടസ്സമില്ലാതെ ഓരോഘട്ടത്തിലും മുൻഘട്ടത്തിൽ കൊടുത്ത നികുതിക്ക് ഇളവുലഭിക്കും.

255. ഈ പുതിയ നികുതിസമ്പ്രദായത്തിന്റെ മികവുകൾ പലതാണ്. ഒന്ന്, സംസ്ഥാനാന്തരവ്യാപാരത്തിൻമേലുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കംചെയ്യപ്പെടുന്നു. രാജ്യം ഒരു ഏകീകൃത കമ്പോളമാകുന്നു. രണ്ട്, നികുതിക്കുമേൽ നികുതിയെന്നുള്ളത് പൂർണ്ണമായും ഇല്ലാതാകുന്നു. അതുകൊണ്ട് ഓരോ ചരക്കിന്റെയും സേവനത്തിന്റെയും മേലുള്ള നികുതിഭാരം കുറയുന്നു. ഇതനുസരിച്ച് തങ്ങളുടെ വിൽപ്പനവില കുറയ്ക്കാൻ കോർപ്പറേറ്റുകൾ തയ്യാറായാൽ പൊതുവിലയും താഴും. മൂന്ന്, കയറ്റുമതിയുടെമേലുള്ള എല്ലാ നികുതികളും ഇല്ലാതാകുന്നതോടെ നമ്മുടെ മത്സരശേഷി ഉയരും. നാല്, നികുതിഭരണം കൂടുതൽ കാര്യക്ഷമവും സുഗമവുമാകും. മുമ്പ് ഒടുക്കിയ നികുതിക്ക് ഇളവ് ലഭിക്കണമെങ്കിൽ അവ വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കണം. ഈ വ്യവസ്ഥമൂലം ബിൽ അച്ചടക്കം പാലിക്കാൻ എല്ലാവരും തയ്യാറാകും. നികുതിവെട്ടിപ്പ് വളരെ പ്രയാസകരമായിത്തീരും. തന്മൂലം നികുതിവരുമാനം വർദ്ധിക്കും.

256. എന്നാൽ പുതിയ നികുതിസമ്പ്രദായം സംസ്ഥാനത്തിന്റെ നികുതിയവകാശങ്ങളെ ഔപചാരികമായിത്തന്നെ ഇല്ലാതാക്കുന്നു. എന്നാൽ വാറ്റ് നികുതി വന്നപ്പോൾതന്നെ ഫലത്തിൽ സംസ്ഥാനാധികാരങ്ങൾ ഇല്ലാതായി എന്നതാണ് വസ്തുത. അതുകൊണ്ട് വളരെ കൂടുതലായി ഒന്നും ജി.എസ്.ടി.മൂലം നഷ്ടപ്പെടുന്നില്ല. വാറ്റ് തുടങ്ങിവച്ചത് ജി.എസ്.ടി പൂർത്തിയാക്കി. ഈ ബജറ്റ് പ്രസംഗത്തിൽ വളരെ ഹ്രസ്വമായി നികുതി ഭാഗം ചുരുങ്ങിയത് ഈ മാറ്റത്തിന്റെ പ്രതിഫലനമാണ്. ജി.എസ്.ടി സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നത് ജി.എസ്.ടി കൗൺസിലായിരിക്കും.

## കേരളത്തിന്റെ ഇടപെടൽ

257. സംസ്ഥാനാവകാശങ്ങളെ പരമാവധി സംരക്ഷിക്കുന്നതിനും കൂടുതൽ നീതിപൂർവ്വകമായ നികുതിഘടനയ്ക്കും വേണ്ടി ശക്തമായ ഇടപെടൽ കേരളം ജി.എസ്.ടി കൗൺസിലിൽ നടത്തുകയുണ്ടായി. ഒറ്റനികുതിക്കുപകരം കേന്ദ്രത്തിന്റെ സി.ജി.എസ്.ടി, സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി എന്നീ രണ്ടു നികുതികൾ ഉണ്ടാകും. സംസ്ഥാനാന്തരവ്യാപാരത്തിനുമേൽ ഐ.ജി.എസ്.ടി എന്ന മൂന്നാമതൊരു നികുതിയും. ഒരേ നികുതിയടിത്തറയിൽ കേന്ദ്രവും സംസ്ഥാനവും നികുതി സമാന്തരമായി ചുമത്തുന്നതാണ് പുതിയ സമ്പ്രദായം. എസ്.ജി.എസ്.ടി നിയമം സംസ്ഥാനനിയമസഭകൾ പാസ്സാക്കുമ്പോൾ മറ്റു രണ്ട് നികുതികൾ സംബന്ധിച്ച നിയമങ്ങൾ പാർലമെന്റാണ് പാസ്സാക്കുന്നത്. എല്ലാ നിയമങ്ങളും ജി.എസ്.ടി കൗൺസിൽ ഉണ്ടാക്കുന്ന മാതൃകാനിയമത്തിന് അനുസൃതമായിരിക്കണം. കേന്ദ്ര ജി.എസ്.ടി.യും സംസ്ഥാന ജി.എസ്.ടി.യും യഥാക്രമം കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും അക്കൗണ്ടുകളിലേക്കാണ് പോവുക. അതുകൊണ്ട് അവയുടെ മേലുള്ള ഇൻപുട്ട് ടാക്സ് ഇളവും പ്രത്യേകമായിരിക്കും.

258. സ്വാഭാവികമായും അതിവിപുലവും സങ്കീർണ്ണവുമായ കമ്പ്യൂട്ടർ സംവിധാനം ജി.എസ്.ടി പ്രാവർത്തികമാക്കുന്നതിന് ഒഴിവാക്കാനാവില്ല. ഈ കമ്പ്യൂട്ടർ സംവിധാനം പരിപാലിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ മുഴുവൻ സപ്ലൈയർമാരുടെയും രജിസ്ട്രേഷനും റിട്ടേണുകളും മറ്റും സ്വീകരിക്കുന്നതിനുമുള്ള ചുമതല ജി.എസ്.ടി.എൻ എന്ന കമ്പനിക്കാണ്. ഈ കമ്പനിയുടെ പോർട്ടലിൽനിന്ന് നമ്മുടെ സംസ്ഥാനത്തിന്റെ നികുതിവലയത്തിൽ വരുന്ന ഇടപാടുകൾ തൽസമയം പിൻവലിച്ചെടുക്കുന്നതിനും അവ സംബന്ധിച്ച് കൂടുതൽ വിശദമായ പരിശോധന നടത്തുന്നതിനും ആവശ്യമായ കമ്പ്യൂട്ടർ സംവിധാനം നമ്മളും ഉണ്ടാക്കേണ്ടതുണ്ട്. ഇതിനുള്ള നമ്മുടെ സർവ്വറും സോഫ്ട്വെയറും തയ്യാറായി കഴിഞ്ഞു.

259. സംസ്ഥാനാന്തരവ്യാപാരത്തിൻമേൽ ഈടാക്കുന്ന ഐ.ജി.എസ്.ടി കേന്ദ്രസർക്കാരാണ് ഈടാക്കുന്നത്. ഈ നികുതിഭരണത്തിലും

സംസ്ഥാനങ്ങൾക്ക് പങ്കാളിത്തമുണ്ടാകും. അന്തർസംസ്ഥാനാന്തര വിൽപ്പനക്കാരൻ ഇൻപുട്ട് ടാക്സ് ഇളവ് കിഴിച്ചശേഷം ഐ.ജി.എസ്.ടി അടയ്ക്കും. ഇതിൽ എസ്.ജി.എസ്.ടി. ഇൻപുട്ട് ടാക്സ് ഇളവ് കയറ്റുമതിസംസ്ഥാനം കേന്ദ്രത്തിന് നൽകേണ്ടതാണ്. ഇറക്കുമതി ചെയ്യുന്ന സംസ്ഥാനത്തിന് അവകാശപ്പെട്ടതാണ് ഈ തുക. അതുകൊണ്ട് ഐ.ജി.എസ്.ടി.യുടെ കീഴിൽ വരുന്ന ഇൻപുട്ട് ടാക്സ് ഇളവുകൾ കേന്ദ്രസർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് പോകാതെ ഇറക്കുമതി ചെയ്യുന്ന സംസ്ഥാനത്തിന് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുണ്ടാവും.

260. കേരളത്തിന്റെ ഇടപെടൽ നികുതിഘടനയേയും നികുതിഭരണം സംബന്ധിച്ച വ്യവസ്ഥകളെയും സ്വാധീനിക്കുകയുണ്ടായി. സാധാരണക്കാരുടെ ഉപഭോഗഉൽപ്പന്നങ്ങളുടെ മേലുള്ള താഴ്ന്ന നികുതി നിരക്ക് ആറു ശതമാനത്തിൽനിന്ന് അഞ്ചു ശതമാനമായി കുറയ്ക്കാനും കാർഷികോൽപ്പന്നങ്ങളെ നികുതിയിൽനിന്ന് ഒഴിവാക്കാനും കഴിഞ്ഞു. അതുപോലെതന്നെ ആഡംബരവസ്തുക്കളിൻമേലുള്ള ഉയർന്ന നിരക്കുകൾ 24 ശതമാനത്തിൽ നിന്നും 28 ശതമാനമായി ഉയർത്തി. സംസ്ഥാനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാനസ്രോതസ്സുകളായ മദ്യവും പെട്രോളിയം ഉൽപ്പന്നങ്ങളും ജി.എസ്.ടിയിൽനിന്ന് ഒഴിവാക്കി. 14 ശതമാനം വച്ച് നികുതി വർദ്ധിച്ചില്ലെങ്കിൽ അഞ്ചുവർഷം പൂർണ്ണമായ നഷ്ടപരിഹാരം കേന്ദ്രസർക്കാർ നൽകും. നഷ്ടപരിഹാരത്തിനായി ഏർപ്പെടുത്തുന്ന സെസ് അഞ്ചു വർഷം കഴിഞ്ഞാൽ ജി.എസ്.ടിയിൽ ലയിപ്പിക്കാനും ധാരണയുണ്ട്.

261. ഏറ്റവും വലിയ തർക്കമുണ്ടായത് നികുതിഭരണത്തെക്കുറിച്ചാണ്. ഒന്നരക്കോടി രൂപയിൽതാഴെ വിറ്റുവരുമാനമുള്ള ചെറുകിട സപ്ലൈയർമാരിൽ 90 ശതമാനം പേരിൽനിന്ന് നികുതി പിരിക്കുന്നതിന് സംസ്ഥാന നികുതിവകുപ്പായിരിക്കും മേൽനോട്ടം വഹിക്കുക. ഒന്നരക്കോടിയിൽ കൂടുതൽ വിറ്റുവരുമാനമുള്ളവരെ കേന്ദ്രവും സംസ്ഥാനവും പകുതിവീതം വീതിച്ചെടുക്കുന്നു. കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ക്രോസ് എംപവർമെന്റ് ധാരണകളുമുണ്ട്.

262. എന്നാൽ എല്ലാകാര്യങ്ങളും നമ്മൾ ആഗ്രഹിച്ചപോലെ തീരുമാനങ്ങൾ എടുപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റവും പ്രധാനപ്പെട്ടത് ജി.എസ്.ടി നികുതിനിരക്കിൽ സംസ്ഥാനത്തിന് കേന്ദ്രത്തിനെക്കാൾ ഉയർന്ന നികുതിവിഹിതം വേണമെന്ന നമ്മുടെ വാദം തിരസ്കരിക്കപ്പെട്ടതാണ്. കൃഷിയെപ്പോലെതന്നെ സഹകരണമേഖലയ്ക്കും ഇളവുവേണമെന്ന നമ്മുടെ അവകാശവാദം അംഗീകരിക്കപ്പെട്ടിട്ടില്ല. ഭരണഘടനാ ഭേദഗതിയിൽത്തന്നെ ലോട്ടറിനികുതി ജി.എസ്.ടി.യിൽ ലയിപ്പിച്ചതും നമുക്കു തിരിച്ചടിയായി. ആഡംബരവസ്തുക്കളുടെമേലുള്ള നികുതിനിരക്ക് കൂടുതൽ ഉയർത്തണമെന്നും നഷ്ടപരിഹാരത്തിനുള്ള തുകയ്ക്ക് സെസിനു പകരം കേന്ദ്രസർക്കാരിന്റെ വരുമാനത്തിൽനിന്ന് പണം കണ്ടെത്തണമെന്നുള്ള വാദവും സ്വീകരിക്കപ്പെട്ടില്ല.

263. 5%, 12%, 18%, 28% എന്നിങ്ങനെ നാലു നിരക്കുകളാണ് ജി.എസ്.ടിയിൽ ഉണ്ടാവുക. ഓരോ ചരക്കിനും ഏത് നിരക്കാണ് ബാധകമാവുകയെന്നുള്ളത് ഇനിയും തീരുമാനിക്കാനിരിക്കുന്നതേയുള്ളൂ. ഇതിനായി അംഗീകരിച്ചിരിക്കുന്ന പൊതുസമീപനം ഇതാണ്: നിലിവുള്ള എക്സൈസും വാറ്റും കൂടെച്ചേർക്കുമ്പോൾ ഏറ്റവും അടുത്തുവരുന്ന നിരക്കിലായിരിക്കും പൊതുവിൽ നിശ്ചയിക്കുക.

264. കേരളത്തെ സംബന്ധിച്ചിടത്തോളം ജി.എസ്.ടി നിയമം വളരെ ഗുണകരമാകുമെന്നാണ് വിലയിരുത്തൽ. ഒന്ന്, ജി.എസ്.ടി നികുതി ഡെസ്റ്റിനേഷനെ അടിസ്ഥാനമാക്കിയ നികുതിയാണ്. എവിടെയാണോ അവസാനവിൽപ്പന അവിടെയായിരിക്കും മുമ്പൊടുക്കിയ നികുതി വന്നുചേരുക. ഇതുകൊണ്ട് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിന് നേട്ടമായിരിക്കും. ഇ-കൊമേഴ്സ് വഴി കേരളത്തിലേക്ക് വരുന്ന ഉൽപന്നങ്ങളുടെമേലുള്ള നികുതിപോലും നമുക്ക് അർഹതപ്പെട്ടതായിരിക്കും. രണ്ട്, ഇന്നു സ്വന്തം ഉപയോഗത്തിനെന്നു പറഞ്ഞു വലിയ തോതിൽ മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഏജന്റുമാർ കേരളത്തിലേക്ക് ചരക്കുകൾ വാങ്ങിക്കൊണ്ടുവരുന്നു. എൻട്രി ടാക്സ് ഇല്ലാത്തതിനാൽ അവയെ നമുക്ക് നിയന്ത്രിക്കാനാവുന്നില്ല. എന്നാൽ ഇനി മേൽ ഇത്തരം അന്തർസംസ്ഥാന വ്യാപാരങ്ങളുടെ

നികുതി (ഐ.ജി.എസ്.ടി) നമുക്ക് അവകാശപ്പെട്ടതാണ്. മൂന്ന്, കേരളം സേവനപ്രധാനമായ ഒരു സംസ്ഥാനമാണ്. സംസ്ഥാന വരുമാനത്തിന്റെ 65 ശതമാനം സേവനമേഖലയിൽനിന്നാണ്. സേവനനികുതിയിൽ ഇനിമേൽ നമുക്കും അവകാശമുണ്ടാകും.

**ജി.എസ്.ടി നടപ്പാക്കൽ**

265. സർ, വളരെയധികം ദീർഘിച്ചുകഴിഞ്ഞ ഈ പ്രസംഗത്തിൽ ജി.എസ്.ടി.യുടെ കൂടുതൽ സൂക്ഷ്മസാങ്കേതികവശങ്ങളിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഡിമാൻഡ് ചർച്ചകൾക്കും പൂർണ്ണ ബജറ്റ് പാസ്സാക്കുന്നതിനും വേണ്ടി ചേരുന്ന നിയമസഭാസമ്മേളനത്തിൽ സംസ്ഥാന ജി.എസ്.ടി നിയമം അവതരിപ്പിച്ച് പാസ്സാക്കേണ്ടതുണ്ട്. ആ സന്ദർഭത്തിൽ അത്തരമൊരു അവതരണവും അതിന്റെ അടിസ്ഥാനത്തിലുള്ള ചർച്ചയും നടത്തുന്നതായിരിക്കും ഉചിതം.

266. കേരളസംസ്ഥാനം ജി.എസ്.ടി.ക്ക് പൂർണ്ണമായും തയ്യാറെടുത്തുകഴിഞ്ഞു. മറ്റുസംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി നമ്മുടെ ബാക്ക് എൻഡ് മോഡ്യൂൾസ് നമ്മൾതന്നെ വികസിപ്പിച്ചെടുക്കുകയാണുണ്ടായത്. ഉദ്യോഗസ്ഥരുടെ പരിശീലനം നടന്നുകൊണ്ടിരിക്കുകയാണ്. വ്യാപാരികളെയും ജനങ്ങളെയും ബോധവൽക്കരിക്കുന്നതിന് ഒരു തീവ്രപ്രചാരണപരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. ജി.എസ്.ടി നടപ്പാക്കുന്നതിനായി ഗിഫ്റ്റിന്റെ സഹകരണത്തോടുകൂടി വിപുലമായ പരിശീലന പരിപാടികൾ ജീവനക്കാർക്കും മറ്റു സ്റ്റേക്ക്ഹോൾഡേഴ്സിനും നടത്തുന്നതിനായി 2 കോടി രൂപ വകയിരുത്തുന്നു.

267. ജി.എസ്.ടി നിയമം നടപ്പിലാകുന്നതോടെ വാണിജ്യനികുതി ചെക്ക്പോസ്റ്റുകൾ ഉണ്ടായിരിക്കുന്നതല്ല. ജി.എസ്.ടി അഖിലേന്ത്യാടിസ്ഥാനത്തിലുള്ള നിയമം ആയതുകൊണ്ട് സംസ്ഥാനാതിർത്തികൾ അപ്രസക്തമായി മാറുന്നു. എന്നിരുന്നാലും നികുതിവെട്ടിപ്പിന് ഒരു സാധ്യത നമ്മൾ മനസ്സിലാക്കുന്നുണ്ട്. മറ്റുസംസ്ഥാനത്തിലുള്ള ഏതെങ്കിലും വ്യാപാരി ഇൻപുട്ട് ടാക്സ് ഇളവ് വേണ്ടെന്നുവച്ചാൽ ഐ.ജി.എസ്.ടി നികുതി കൊടുക്കാതെ നമ്മുടെ സംസ്ഥാനത്തേക്ക്

ചരക്ക് അയയ്ക്കുന്നതിന് തടസ്സങ്ങൾ ഉണ്ടാവില്ല. വലിയ ലാഭ മാർജ്ജിനും ചെറിയ ഇൻപുട്ട് ടാക്സ് ക്രെഡിറ്റുമുള്ള ഉൽപ്പന്ന ങ്ങൾക്ക് ഇത്തരം വെട്ടിപ്പ് ആകർഷകമായിരിക്കും. ഈ ചരക്കുകൾ നമ്മുടെ സംസ്ഥാനത്ത് വിൽക്കുന്നയാളും ബില്ല് എഴുതാതെ വിൽപ്പന നടത്തുകയാണെങ്കിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി പൂർണ്ണമായും നഷ്ടപ്പെടും. കേരളത്തിലെ 90 ശതമാനം ഉപഭോക്തൃ ഉൽപ്പന്നങ്ങളും മറ്റുസംസ്ഥാനങ്ങളിൽനിന്നു വരുന്ന ചരക്കുകൾ ആയതിനാൽ ഇത്തരം നികുതിവെട്ടിപ്പ് തടയുന്നതി നുള്ള എളുപ്പമാർഗ്ഗം കേരളത്തിന് ഉള്ളിലേക്ക് കടക്കുന്ന ചരക്കുവ ണ്ടികൾ ജി.എസ്.ടി.എൻ.ന്റെ പോർട്ടലിലേക്ക് ഇൻവോയ്സ് അപ്‌ലോഡ് ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തലാണ്. ഇതിന് ഏറ്റവും ചെലവു കുറഞ്ഞ മാർഗ്ഗം എല്ലാ അതിർത്തിറോഡുകളിലും ഊടുവഴികളിലും സ്മാർട്ട് നിരീക്ഷണക്യാമറകൾ സ്ഥാപിക്കുന്ന താവും. ക്യാമറയിൽ പതിയുന്ന ചരക്കുവണ്ടിയുടെ നമ്പറിൽ ഇൻവോയ്സ് അപ്‌ലോഡ് ചെയ്തിട്ടില്ലായെന്ന് കണ്ടെത്തിയാൽ ഇത്തരം വാഹനങ്ങളെ വാണിജ്യനികുതിവകുപ്പിന്റെ മൊബൈൽ സ്ക്വാഡുകൾ ഉപയോഗിച്ച് പരിശോധിച്ച് നികുതിവെട്ടിപ്പ് കണ്ടെ ത്താനാവും. ഇത്തരമൊരു സമ്പ്രദായം പാലക്കാട് അതിർത്തിയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഏപ്രിൽ മാസത്തിൽത്തന്നെ ഈ നിരീക്ഷണസംവിധാനം നിലവിൽ വരുമെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ടി അടിയന്തരമായി ഇതി നുള്ള ടെണ്ടറുകൾ വിളിക്കുന്നതാണ്. ഈ പരീക്ഷണം വിജയി ച്ചാൽ സംസ്ഥാനാന്തരനികുതിചോർച്ച ചെക്ക് പോസ്റ്റ് ഇല്ലെങ്കിലും പൂർണ്ണമായും തടയാൻ കഴിയും.

**268.** ജി.എസ്.ടി നടപ്പാക്കുന്നതോടുകൂടി വാണിജ്യനികുതി വകുപ്പിന്റെ നിലവിലുള്ള പ്രവർത്തനരീതിയിലും ഘടനയിലും മാറ്റങ്ങൾ ആവ ശ്യമായിവരും. വകുപ്പിന്റെ സമഗ്രമായ പുനസംഘാടനം നടത്തുന്ന തിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

വാറ്റ് ആംനസ്റ്റി സ്കീം

269. അതേസമയം ജി.എസ്.ടി നിലവിൽ വരുന്നതിനുമുമ്പ് വാറ്റ് നികുതി സംബന്ധിച്ചുള്ള അസസ്മെന്റുകളും റീഅസസ്മെന്റുകളും പൂർത്തീകരിക്കാനായിരിക്കും ഡിപ്പാർട്ട്മെന്റ് ശ്രദ്ധിക്കുക. കെ.ജി.എസ്.ടി. യുടെ കാര്യത്തിലെന്നപോലെ ദുർവ്വഹമായ പിഴയിലും പലിശയിലും ഇളവുനൽകി തർക്കങ്ങൾ ഒത്തുതീർക്കുന്നതിന് വിപുലമായൊരു ആംനസ്റ്റി പരിപാടി പ്രഖ്യാപിക്കുവാൻ ആഗ്രഹിക്കുന്നു.

270. മൂല്യവർദ്ധിതനികുതിനിയമത്തിൽ താഴെപ്പറയുന്ന ആംനസ്റ്റി സ്കീമുകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(1) വാറ്റ് വ്യാപാരികൾക്ക് 2005-06 മുതൽ 2010-11 സാമ്പത്തിക വർഷം വരെയുള്ള നികുതികുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴത്തുകയുടെ 70 ശതമാനവും പിഴയുടെ പലിശയും ഇളവ് ചെയ്യുന്നതാണ്.

(2) ഒരു വർഷത്തെ എല്ലാ കുടിശ്ശികകളും ഒരുമിച്ചാണ് സെറ്റിൽ ചെയ്യേണ്ടത്.

(3) ഈ സ്കീം തെരഞ്ഞെടുക്കുന്നവർ കുടിശ്ശികയുമായി ബന്ധപ്പെട്ട് എല്ലാ ഫോറങ്ങളിലും നൽകിയിട്ടുള്ള കേസുകളും റിവിഷൻ അപ്പീലുകളും പിൻവലിക്കേണ്ടതാണ്.

(4) നികുതികുടിശ്ശികയും പലിശയും അപേക്ഷ തരുന്ന തീയതി വച്ച് കണക്കാക്കുന്നതാണ്.

(5) ഈ കാലയളവിൽ കേന്ദ്രവിൽപന നികുതി പ്രകാരമുള്ള കുടിശ്ശികകളും ഈ സ്കീമിൽപ്പെടുത്തി തീർപ്പാക്കാം.

(6) ഈ സ്കീമിൽ അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി 2017 ജൂൺ 30 ആയിരിക്കും. സ്കീം പ്രകാരം കണക്കാക്കിയ തുക തുല്യഗഡുക്കളായി 2017 ഡിസംബർ 31-ന് മുമ്പ് അടയ്ക്കേണ്ടതാണ്.

**അനുമാന നികുതിദായകർ**

271. അനുമാനനികുതിദായകർക്ക് 2016-17 ബജറ്റിൽ ഒരു ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. ഈ സ്കീം കൂടുതൽ ഉദാരമാക്കണമെന്നുള്ള വിവിധ വ്യാപാരസംഘടനകളുടെ അഭ്യർത്ഥന മാനിച്ച് വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കുകയാണ്. റിട്ടേൺ പ്രകാരമുള്ള വിറ്റുവരവിനോടൊപ്പം ഇവരുടെ കണക്കിൽപ്പെടാത്ത വാങ്ങലുകൾക്ക് 5 ശതമാനം ഗ്രോസ് പ്രോഫിറ്റ് ചേർത്തായിരിക്കും ഈ സ്കീം പ്രകാരം സെറ്റിൽ ചെയ്യാനുള്ള മൊത്തവിറ്റുവരവ് കണക്കാക്കുന്നത്. അനുമാനനികുതിദായകരുടെ കണക്കിൽപ്പെടാത്ത വാങ്ങലുകൾ 5% ഗ്രോസ് പ്രോഫിറ്റ് ചേർത്ത് ഒരു വർഷത്തെ മൊത്തം വിറ്റുവരവ് കണക്കാക്കുമ്പോൾ വകുപ്പ് 6(5)ൽ പറയുന്ന പരിധിക്ക് താഴെയാണെങ്കിൽ 1/2 ശതമാനം നികുതി നൽകിയാൽ മതി. ഇപ്രകാരം കണക്കാക്കിയ മൊത്തം വിറ്റുവരവ് വകുപ്പ് 6(5)-ൽ പറയുന്ന പരിധിക്ക് മുകളിൽ ഒരു കോടിരൂപ വരെയാണെങ്കിൽ വകുപ്പ് 6(5) ൽ പറയുന്ന പരിധിക്ക് മുകളിൽ വരുന്ന തുകയ്ക്ക് ഒരു ശതമാനവും ഒരു കോടിക്ക് മുകളിലാണെങ്കിൽ വകുപ്പ് 6 (5)-ൽ പറയുന്ന പരിധിക്കുമേൽ ഒരു കോടി രൂപ വരെ ഒരു ശതമാനവും ഒരു കോടിക്ക് മുകളിൽ വരുന്ന തുകയ്ക്ക് രണ്ട് ശതമാനവും നികുതി ഒടുക്കി സെറ്റിൽ ചെയ്യാവുന്നതാണ്. പൊതുവായി വകുപ്പ് 6(5) ൽ പറയുന്ന പരിധി വരെ മൊത്തം വിറ്റുവരവിന് 0.5% നികുതി ഒടുക്കിയാൽ മതിയാകും. ഈ സ്കീം പ്രകാരം സെറ്റിൽ ചെയ്യുവാനുള്ള സന്നദ്ധത 2017 ജൂൺ 30-ന് മുമ്പ് നികുതിനിർണ്ണയാധികാരിക്ക് നൽകിയിരിക്കേണ്ടതാണ്. ഓപ്ഷൻ ലഭിച്ച് 15 ദിവസത്തിനകം സ്കീം പ്രകാരം അടയ്ക്കേണ്ട തുക നികുതിനിർണ്ണയാധികാരി അപേക്ഷകനെ അറിയിക്കണം. അറിയിപ്പ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ 30 ശതമാനം തുകയും 2017 ഡിസംബർ 31-ന് മുമ്പ് ബാക്കി തുക തുല്യഗഡുക്കളായും അടയ്ക്കേണ്ടതുമാണ്. ഒരു വ്യാപാരി അയാളുടെ കണക്കിൽപ്പെടാത്ത വാങ്ങൽ ഉള്ള എല്ലാ വർഷത്തേയും നികുതി ഈ സ്കീം പ്രകാരം തീർപ്പാക്കുന്നതിനായി അപേക്ഷിക്കണം. ഓപ്ഷൻ നൽകാത്തവരുടെ

കാര്യത്തിൽ അസസ്മെന്റ് നടപടികളും റിക്കവറി നടപടികളും ഊർജ്ജിതപ്പെടുത്തുന്നതാണ്. ഒരിക്കൽ സ്കീം പ്രകാരം സെറ്റിൽ ചെയ്ത കേസുകളിൽ നിയമപരമായ പുനഃപരിശോധനയോ റീഫണ്ടോ അനുവദിക്കുന്നതല്ല. 2016-17 ലെ ആംനസ്റ്റി സ്കീം സ്വീകരിച്ച് നികുതിയടവിൽ വീഴ്ച വരുത്തിയവർക്കും ഈ പുതിയ സ്കീം പ്രകാരം തീർപ്പാക്കൽ സാദ്ധ്യമായിരിക്കും. 2016-17 ലെ ആംനസ്റ്റി സ്കീമിൽ പ്രഖ്യാപിച്ച മറ്റു നിബന്ധനകൾക്ക് മാറ്റമില്ല.

**കെ.ജി.എസ്.ടി.**

272. 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ നികുതിനിർണ്ണയം നടത്തി നികുതിബാദ്ധ്യത കണ്ടെത്തിയ 2004-05 വരെയുള്ള കേസുകൾക്ക് 2016-17 ബജറ്റിൽ ആംനസ്റ്റി പ്രഖ്യാപിച്ചിരുന്നു. ഈ സ്കീമിന്റെ കാലാവധി 2017 ഫെബ്രുവരി 28 വരെ ആയിരുന്നു. അത് 2017 ഡിസംബർ 31 വരെ നീട്ടുകയാണ്. മുൻ സ്കീം പ്രകാരം അടവിൽ വീഴ്ചവരുത്തിയവർക്കും തുടർന്ന് ഈ സ്കീമിൽ ബാക്കി തുക അടച്ച് സെറ്റിൽ ചെയ്യാം.

**കാർഷികാദായനികുതി - ആഡംബരനികുതി**

273. 2010-11 സാമ്പത്തികവർഷം വരെയുള്ള നികുതികുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴത്തുകയുടെ 70 ശതമാനവും പിഴയുടെ പലിശയും ഇളവ് ചെയ്യുന്നതാണ്. മറ്റു വ്യവസ്ഥകൾ വാറ്റ് ആംനസ്റ്റിയുടേതിന് സമാനമായിരിക്കും.

**കരാർപണി**

274. കരാർപണികളുടെ സ്വഭാവം നിർണ്ണയിക്കുന്നതിനുള്ള തർക്കം മൂലം അലുമിനിയം ഫാബ്രിക്കേഷൻ ജോലികൾ, കിച്ചൺ ക്യാബിനറ്റ് ജോലികൾ, എയർകണ്ടീഷൻ പ്ലാന്റ് സ്ഥാപിക്കൽ എന്നീ കരാർപണികൾക്ക് കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ അനുവദിച്ച നികുതി പുനർനിർണ്ണയം ചെയ്ത് ഷെഡ്യൂൾ നിരക്കിൽ നികുതിയും പലിശയും പിഴയും ചുമത്തുകയുണ്ടായി. എന്നാൽ

സുപ്രീംകോടതിയുടെ ഭരണഘടനാബഞ്ച് കരാർപണിയുടെ വ്യാഖ്യാനം വിപുലപ്പെടുത്തിയ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട കേസുകളിൽ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി പ്രഖ്യാപിക്കുന്നു. ഇത്തരം കരാർ പണികൾക്ക് കോമ്പൗണ്ടിംഗ് നികുതി ഒടുക്കിയവർ ഇതിനായുള്ള എല്ലാ ചരക്കുകളും സംസ്ഥാനത്തിനകത്തുനിന്നു വാങ്ങിയതാണെങ്കിൽ അടച്ച കോമ്പൗണ്ടിംഗ് നികുതിക്കു പുറമേ മൊത്തം കരാർ തുകയ്ക്ക് രണ്ടു ശതമാനം നികുതികൂടി നൽകിയാൽ അവരെ ഷെഡ്യൂൾ നിരക്കിലുള്ള നികുതിനിർണ്ണയത്തിൽനിന്ന് ഒഴിവാക്കും. 2014-15 സാമ്പത്തിക വർഷം വരെയുള്ള നികുതിനിർണ്ണയത്തിനാണ് ഈ പദ്ധതി ബാധകമാകുക.

**ഇളവുകൾ**

**275.** സ്വാഭാവികറബറിനും അതിന്റെ രൂപാന്തരങ്ങൾക്കും 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതി വിമുക്തമായിരിക്കുമെന്ന് ഗവൺമെന്റ് നോട്ടിഫിക്കേഷൻവഴി കഴിഞ്ഞ സർക്കാർ പുറപ്പെടുവിച്ചുവെങ്കിലും ഇതിന് അനുസൃതമായ വ്യവസ്ഥകൾ ധനകാര്യ ആക്ടിൽ ഉൾപ്പെടുത്തിയിരുന്നില്ല. തന്മൂലം ഇപ്പോൾ റബർവ്യാപാരികൾ ഈ കാലയളവിലെ നികുതിയും പലിശയും നൽകാൻ ബാദ്ധ്യസ്ഥരായിരിക്കുന്നു. ഇത് പരിഹരിക്കണമെന്ന വ്യാപാരമേഖലയുടെ ആവശ്യം കണക്കിലെടുത്ത് സ്വാഭാവിക റബറും അതിന്റെ രൂപാന്തരങ്ങളും 2014 ഡിസംബർ 20 മുതൽ 2015 മാർച്ച് 31 വരെ നികുതിവിമുക്തമായിരിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

**276.** സൗരപാനലുകളുടെയും അനുബന്ധസാമഗ്രികളുടെയും നികുതി നിരക്ക് നിലവിൽ ഒരു ശതമാനമാണ്. എന്നാൽ ഇവ സ്ഥാപിക്കുന്ന പ്രവൃത്തികൾ കരാർപണിയായി പരിഗണിച്ച് നികുതി 14.5 ശതമാനമാണ് ഈടാക്കിവരുന്നത്. അക്ഷയോർജ്ജപദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തരം പ്രവൃത്തികളുടെ നികുതി നിരക്ക് ഒരു ശതമാനമായി നിജപ്പെടുത്തുന്നു. സൗരപാനലുകളുടെ നികുതി ഒരു ശതമാനമാക്കിയ 1-4-2013 മുതൽ ഇതിന് മുൻകാലപ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

277. കയറ്റുമതിച്ചരക്കുകൾക്ക് ആവശ്യമായ പാക്കിംഗ് വസ്തുക്കൾ വാറ്റ് നികുതിക്ക് വിധേയമാണെന്ന് കോടതി വിധിച്ചിരുന്നു. ഇവ നിർമ്മിച്ച് നൽകുന്ന ചെറുകിട ഇടത്തരം സ്ഥാപനങ്ങൾ വാറ്റ് നിയമത്തിലെ അവ്യക്തതമൂലം നികുതി ഈടാക്കിയിരുന്നില്ല. ഇതുമൂലം വൻനികുതിഭാരം ഇത്തരം യൂണിറ്റുകൾ വഹിക്കേണ്ടി വരുന്നു. ചരക്കുകളുടെ കയറ്റുമതിക്കായി ഉപയോഗിക്കുന്ന പാക്കിംഗ് വസ്തുക്കൾ 2005-06 മുതൽ ഈ വിഷയത്തിൽ ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ വിധി വന്ന സാമ്പത്തികവർഷംവരെ നിബന്ധനകൾക്ക് വിധേയമായി നികുതിവിമുക്തമാക്കുന്നു. എന്നാൽ ഇത്തരം യൂണിറ്റുകൾ ടി കാലയളവിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ അവ തിരികെ നൽകുന്നതല്ല.

**നടപടിക്രമങ്ങളുടെ ലഘൂകരണം**

278. ഒന്നാം അപ്പീലധികാരികളുടെ മുമ്പിലുണ്ടായിരുന്ന അപ്പീലുകളുടെ ബാഹുല്യം നിമിത്തം പെനാൽറ്റിയിന്മേലുള്ള അപ്പീലുകൾ റിവിഷനുകളാക്കി മാറ്റുകയും അത് ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ മാർക്ക് അധികാരപ്പെടുത്തുകയും ചെയ്ത് 2014-ൽ നിയമഭേദഗതി പ്രകാരം ഉത്തരവായിരുന്നു. അതിന്മേലുള്ള രണ്ടാം റിവിഷൻ കമ്മീഷണർക്ക് ആണ് നൽകേണ്ടത്. എന്നാൽ 2016-ൽ അപ്പീലധികാരികളുടെ എണ്ണം വർദ്ധിപ്പിച്ച സാഹചര്യത്തിൽ 2014-ന് മുമ്പുണ്ടായിരുന്ന സ്ഥിതി പുനഃസ്ഥാപിക്കുന്നതാണ്. നിലവിൽ ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ പക്കലുള്ള വകുപ്പ് 57 അനുസരിച്ചുള്ള എല്ലാ റിവിഷനുകളും അതത് അപ്പീൽ അധികാരികളിലേക്കും, വകുപ്പ് 59 പ്രകാരം നികുതിവകുപ്പ് കമ്മീഷണറുടെ പരിധിയിലുള്ള എല്ലാ രണ്ടാം റിവിഷനുകളും വാറ്റ് ട്രിബ്യൂണലുകളിലേക്കും 01-04-2017 തീയതി പ്രാബല്യത്തോടെ മാറ്റുന്നതാണ്.

279. കുടിശ്ശികയായിക്കിടക്കുന്ന വാറ്റ് അസസ്മെന്റുകൾ, റീഅസസ് മെന്റുകൾ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പ്രത്യേക പദ്ധതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഫാസ്റ്റ്ട്രാക്ക്

മാർഗ്ഗത്തിൽ അസസ്മെന്റുകൾ പൂർത്തീകരിക്കാൻ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ സർക്കാരിനെ അധികാരപ്പെടുത്താൻ വാറ്റ് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

**280.** കേരള മൂല്യവർദ്ധിതനികുതി ആക്ടിലെ സെക്ഷൻ 24, 25 പ്രകാരം അസസ്മെന്റുകൾ പൂർത്തീകരിക്കുന്നതുൾപ്പെടെയുള്ള കാലാവധി ഒരുവർഷംകൂടി ദീർഘിപ്പിക്കുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവരുന്നതാണ്.

**ലോട്ടറി**

**281.** ലോട്ടറിവിറ്റുവരുമാനത്തിൽ നടപ്പുസാമ്പത്തികവർഷം 18 ശതമാനം വർദ്ധന ഉണ്ടായിട്ടുണ്ട്. നോട്ടുനിരോധനംമൂലം നറുക്കെടുപ്പുകൾ റദ്ദാക്കേണ്ട സ്ഥിതിവിശേഷം ഇല്ലായിരുന്നുവെങ്കിൽ സംസ്ഥാന ലോട്ടറിയുടെ വിൽപ്പന ഏതാണ്ട് 35 ശതമാനംകൂടി ഉയരുമായിരുന്നു. ജി.എസ്.ടി നടപ്പിലാകുന്നതോടെ കേരള പേപ്പർലോട്ടറിയിന്മേലുള്ള നികുതിനിയമം ഇല്ലാതെയാകും. അതീവഗൗരവമുള്ളതാണ് ഈ സ്ഥിതിവിശേഷം. സംസ്ഥാനനിയമസഭയുടെ നിയമനിർമ്മാണാധികാരങ്ങൾക്കകത്ത് നിന്നുകൊണ്ട് പുതിയൊരു നിയമം കൊണ്ടുവരേണ്ടതുണ്ട്. പേപ്പർലോട്ടറികളുടെ നറുക്കെടുപ്പിന് ലൈസൻസ് ഫീസ് ചുമത്തുന്ന ഒരു നിയമം കൊണ്ടുവരുന്നതിന് സർക്കാർ ആലോചിക്കുന്നു. ഈ നിയമനിർമ്മാണത്തിന്റെ അടിയന്തര അനിവാര്യത കണക്കിലെടുത്തുകൊണ്ട്, വരുന്ന ധനകാര്യബില്ലിനൊപ്പം ഈ നിയമം അവതരിപ്പിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

**282.** ലോട്ടറിട്ടിക്കറ്റുകളുടെ സുരക്ഷ സംബന്ധിച്ച് ഉയരുന്ന ആശങ്കകളെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. എഴുത്തുലോട്ടറി, വ്യാജലോട്ടറി എന്നിവ സംബന്ധിച്ച പരാതികൾ പരിശോധിക്കാൻ പ്രത്യേക അന്വേഷണസംഘത്തെതന്നെ സർക്കാർ നിയോഗിച്ചിട്ടു

ണ്ട്. എന്നാൽ ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം ഉണ്ടാകേണ്ടതു ണ്ട്. ടിക്കറ്റുകളുടെ സുരക്ഷാമാനദണ്ഡം വർദ്ധിപ്പിക്കുകയാണ് ഇതി നുള്ള മാർഗ്ഗം. സർക്കാർ നിയോഗിച്ച വിദഗ്ദ്ധകമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിലെ ശുപാർശകൾ അടിയന്തരമായി നടപ്പിലാക്കും.

## XI

## ഉപസംഹാരം

**283.** സർ, ഇനി ഞാൻ ഉപസംഹാരത്തിലേയ്ക്ക് കടക്കട്ടെ. 2016-17-ലെ സംസ്ഥാന സർക്കാരിന്റെ വരവു-ചെലവിന്റെ സംക്ഷിപ്തരൂപം പരിശോധിച്ചാൽ ഇന്നു സംസ്ഥാനം നേരിടുന്ന ധനപ്രതിസന്ധി യുടെ നഖചിത്രം ലഭിക്കും. ആമുഖത്തിൽ സൂചിപ്പിച്ചതുപോലെ ബജറ്റ്കമ്മി മതിപ്പുകണക്കിൽ പറഞ്ഞ 13066.25 കോടി രൂപയിൽ നിന്ന് 13935.53 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. ഇതിന്റെ കാരണങ്ങൾ നേരത്തേതന്നെ വിസ്തരിച്ചിട്ടുണ്ട്.

### 2016-17 ലെ പുതുക്കിയ എസ്റ്റിമേറ്റ്

(രൂപ കോടിയിൽ)

| | |
|---|---|
| റവന്യൂവരവ് | 80620.09 |
| റവന്യൂചെലവ് | 94555.62 |
| റവന്യൂകമ്മി | (-) 13935.53 |
| മൂലധനച്ചെലവ് (തനി) | (-) 8714.77 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 810.33 |
| പൊതുകടം (തനി) | 17749.87 |
| പൊതുകണക്ക് (തനി) | 5399.67 |
| ആകെ കമ്മി | (-) 311.09 |
| വർഷാരംഭ രൊക്ക ബാക്കി | (-) 39.38 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 350.47 |

284. 2017-18 ലെ വരവു-ചെലവിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത് നടപ്പുവർഷത്തെ പ്രതിസന്ധി അടുത്തവർഷവും തുടരുമെന്നു തന്നെയാണ്. മുഖ്യകാരണം, ശമ്പളപരിഷ്കരണത്തിന്റെ കുടിശിക കൊടുത്തുതീർക്കേണ്ട ബാധ്യത വരുന്നതാണ്.

**2017-18 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്**

(രൂപ കോടിയിൽ)

| | |
|---|---|
| റവന്യൂവരവ് | 93584.74 |
| റവന്യൂചെലവ് | 109627.88 |
| റവന്യൂകമ്മി | (-) 16043.14 |
| മൂലധനച്ചെലവ് (തനി) | (-) 9020.47 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 692.71 |
| പൊതുകടം (തനി) | 21227.95 |
| പൊതുകണക്ക് (തനി) | 4050.70 |
| ആകെ കമ്മി | (-) 477.67 |
| വർഷാരംഭ രൊക്ക ബാക്കി | (-) 350.47 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 828.14 |
| ഇപ്പോൾ പ്രഖ്യാപിച്ച അധികച്ചെലവ് | 850.28 |
| പ്രഖ്യാപിച്ച ഇളവുകൾ | 10.00 |
| അധിക വിഭവ സമാഹരണം | - |
| വർഷാന്ത്യ രൊക്ക ബാക്കി | 1688.42 |

285. 16043.14 കോടി രൂപയാണ് റവന്യൂകമ്മി. 21227.95 കോടി രൂപ പൊതുകടം ലഭിക്കുന്നതിൽ 75.6 ശതമാനവും ഈ കമ്മി

നികത്താൻ ചെലവഴിക്കേണ്ടി വരും. മുൻവർഷത്തെ അപേക്ഷിച്ച് മൂലധനച്ചെലവ് പ്ലാനിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കിഫ്ബി വഴി സംസ്ഥാനത്ത് നടക്കുന്ന നിക്ഷേപം പരിഗണിച്ചുകൊണ്ടാവാം ഈ മാറ്റം. പക്ഷേ കിഫ്ബി വഴിയുള്ള മൂലധനനിക്ഷേപം മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ കമ്മി കുറച്ചേ തീരൂ. അടുത്തവർഷം മുതൽ റവന്യൂകമ്മി കുറയ്ക്കുന്നതിനുള്ള കാഴ്ച്ചപ്പാടാണ് മീഡിയം ടേം ഫിസ്ക്കൽ പോളിസി ആൻഡ് സ്ട്രാറ്റജി സ്റ്റേറ്റ്മെന്റിൽ നൽകിയിട്ടുള്ളത്. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ നരധന്റെ പ്പാലത്തിൻ മേൽക്കൂടിയുള്ള നടത്തം തുടരുകയാണ്. പുതിയ റവന്യൂക്കമ്മി കണ്ടു ഭയപ്പെടാതെ കിഫ്ബി വഴിയുള്ള മൂലധനനിക്ഷേപം ഗണ്യമായി ഉയർത്തുകയാണ്. ജി.എസ്.ടി.യുടെ വരവ് അടുത്തവർഷം മുതൽ റവന്യൂകമ്മി കുറച്ചുകൊണ്ടുവരാൻ നമ്മെ സഹായിക്കുമെന്ന് കരുതുന്നു. ബഹുജനങ്ങളോടുള്ള എന്റെ അഭ്യർത്ഥന ഇതാണ്. നിങ്ങൾ എന്തു വാങ്ങുമ്പോഴും ബില്ല് ചോദിച്ചു വാങ്ങണം. മറ്റൊരു കാര്യം മൂലധനച്ചെലവിലുള്ള ധാരാ ളിത്തം കണ്ട് ഇതുപോലെ റവന്യൂ ചെലവും വർദ്ധിപ്പിക്കാമെന്ന് ഒരാളും കരുതരുത്. പദ്ധതീതര ചെലവിൽ ഇന്നുള്ള ശമ്പളവും പെൻഷനും പലിശയും ഒഴിവാക്കാനാവില്ല. പക്ഷേ ബാക്കിയുള്ള ചെലവുകൾ കർശനമായി നിയന്ത്രിച്ചേ പറ്റൂ. അല്ലാത്തപക്ഷം കാര്യങ്ങൾ കൈവിട്ടുപോകും.

**286.** പാവങ്ങൾക്ക് സമ്പൂർണ്ണസംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ട് സുസ്ഥിരവും ദ്രുതവുമായസാമ്പത്തികവളർച്ച കൈവരിക്കുന്ന തിനുള്ള നിർദ്ദേശങ്ങളാണ് മുന്നോട്ടു വച്ചിട്ടുള്ളത്. ഇന്ന് സംസ്ഥാനത്തെ മതനിരപേക്ഷതയും ജനാധിപത്യവും നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കണമെങ്കിൽ ഇത്തരമൊരു വികസ നതന്ത്രം ആവിഷ്കരിച്ചു നടപ്പാക്കിയേതീരൂ. എം.ടി നമ്മെ ജാഗ്രത പ്പെടുത്തുന്നു. 'ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ ദുരന്തമായിട്ട് എനിക്കു തോന്നുന്നത് മതാതീതമായി നമുക്കു മനുഷ്യരെ കാണാൻ കഴിയാത്ത അവസ്ഥയിലേക്കു കാര്യങ്ങൾ എത്തിച്ചേരുന്നു എന്നുള്ളതാണ്. പണ്ട് ഇങ്ങനെ ഉണ്ടായിട്ടില്ല. എന്റെ ഗ്രാമത്തിൽ 'അവർ', 'ഞങ്ങൾ' എന്നു പറഞ്ഞിരുന്നില്ല.

ഇന്ന്, 'ഇവർ ഇങ്ങനെ ചെയ്യുന്നു അപ്പോൾ നമ്മൾ ഇങ്ങനെ ചെയ്യണോ' എന്നാണു ഞാൻ അവിടെ ചെല്ലുമ്പോൾ ചെറുപ്പക്കാർ, കുട്ടികൾകൂടി പറയുന്നത്. ആരാണോ ഇവരെ ഈ ചിന്താഗതിയിലേക്ക് എത്തിച്ചത്, അവർ എവിടെയോ ഇരുന്നു പറഞ്ഞ്, ആവർത്തിച്ചുപറഞ്ഞ് ഇതുറപ്പിക്കുന്നു. ഇതു നമ്മുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ഒരു ശാപമാണ്. ഇതു പണ്ട് ഉണ്ടായിട്ടില്ല. എന്റെ ഗ്രാമത്തിലൊന്നും ഉണ്ടായിട്ടില്ല. ഇന്ന് അത് എന്റെ ഗ്രാമത്തിലേക്കും പ്രചരിക്കുന്നു. എന്റെ ഗ്രാമമെന്നു പറഞ്ഞാൽ സൗഹൃദത്തിന്റെ ഗ്രാമമാണ്. പരസ്പരസഹായത്തിന്റെ, സഹകരണത്തിന്റെ ഗ്രാമമാണ്. ആ ഗ്രാമത്തിലേക്കുകൂടി ഇതു വ്യാപിച്ചു എന്നു പറഞ്ഞാൽ, ഇന്ത്യാരാജ്യം മുഴുവൻ ഇതു വളരെ വ്യാപകമായിട്ടു വന്നതിന്റെ പ്രതിഫലനമായിട്ടാണു ഞാൻ കാണുന്നത്.'

287. നോട്ട് ബന്ദിയെക്കുറിച്ചുള്ള പ്രസംഗത്തിൽ എം.ടി പറയുന്നുണ്ട്, 'ഈ വിഷയത്തെപ്പറ്റി ആലോചിക്കേണ്ടതുണ്ട്, ചിന്തിക്കേണ്ടതുണ്ട്, കേരളം പോലൊരു സ്ഥലത്തിന് ഈ ആപത്തിൽ എങ്ങനെ ചെറുത്തുനിൽക്കാൻ പറ്റും, നിലനിൽക്കാൻ പറ്റും, ചെറുത്തുനിൽപ്പ് മാത്രമല്ല, നിലനിൽക്കുകകൂടി വേണം. ഇതൊക്കെ ആലോചിക്കാൻ നമ്മളെല്ലാവരും ബാധ്യസ്ഥരായിരിക്കുന്നു.' സർ, ഈ കാലത്തെ നിലനിൽപിനുവേണ്ടിയുള്ള, ചെറുത്തുനിൽപ്പിനുവേണ്ടിയുള്ള, ഈ ബജറ്റ് സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തെ അടുത്ത 3 മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ടും സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.




Cover painting - **Amrita Sher-Gil** 'Hill Women' 1935
Cover design - Godfrey Das

**Printed by the Superintendent of Government Presses at the Government Press, Mannanthala, Thiruvananthapuram-2017**